

കേരള സർക്കാർ

loka kerala sabha

# ലോക കേരള സഭ

## നാലാം സമ്മേളനം



# ലോക കേരള സഭ

## നാലാം സമ്മേളനം

## 2024 ജൂൺ 13-15

പെയിന്റിങ്ങ്
മുരളി നാഗപ്പുഴ

loka kerala sabha

# ലോക കേരള സഭ

## നാലാം സമ്മേളനം


എഡിറ്റർ
ടി വി സുഭാഷ് ഐ എ എസ്

അഡീഷണൽ എഡിറ്റർ
സലിൻ മാങ്കുഴി

ഡപ്യൂട്ടി എഡിറ്റർ
കെ പി സരിത

എഡിറ്റർ-ഇൻ-ചാർജ്
കെ എസ് ഇന്ദുശേഖർ

കൺസൾട്ടിങ് എഡിറ്റർ (ഇംഗ്ലീഷ്)
രാജേഷ് സി. ബോസ്

അസിസ്റ്റന്റ് എഡിറ്റർ
പ്രഭാത് നായർ

എഡിറ്റോറിയൽ സഹായം
അഞ്ജലി ബി വിമൽ

സർക്കുലേഷൻ ഓഫീസർ
മെർലിൻ ജെ.എൻ

കവർ & ലേഔട്ട്
അനിൽരാജ്

ടൈപ്പ് സെറ്റിങ്
വിനിത വി.എസ്.

കോപ്പികൾ : 1000
സൗജന്യ വിതരണത്തിന്
ജൂൺ 2024

follow us on / lokakeralasabha.com


കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്



## ആമുഖം

നാടിന്റെ വളർച്ചയിൽ പ്രവാസി മലയാളികൾ നൽകുന്ന സംഭാവന വളരെ വിപുലമാണെന്ന ബോധ്യത്തിലാണ്  കേരള സർക്കാർ എന്നും മുന്നോട്ട് പോകുന്നത്. മലയാളിയുടെ 'പ്രവാസപാരമ്പര്യം കയ്പേറിയതും നന്മ കലർന്നതുമായ ഒത്തിരി അനുഭവങ്ങളിലൂടെയാണ് എക്കാലവും കടന്നുപോയിട്ടുള്ളത്. പ്രയാസങ്ങളിൽ കൈത്താങ്ങേകാനും മടങ്ങിപ്പോരാൻ ആഗ്രഹിക്കുന്നവരെ ഇരുകൈയും നീട്ടി ആത്മവിശ്വാസത്തോടെ സ്വഗൃഹത്തിലേക്ക് സ്വാഗതം ചെയ്യാനും ഒരു നാട് കൂടെയുണ്ടെന്ന ഉറപ്പ് ഓരോ പ്രവാസിക്കും സർക്കാർ നൽകുന്നുണ്ട്. ലോകത്തിന്റെ വിവിധ കോണുകളിൽ ചോര നീരാക്കി പണിയെടുക്കുന്ന മലയാളി സഹോദരരെ ചേർത്ത് പിടിക്കാനും അവരെ കേൾക്കാനും ആവശ്യങ്ങൾ കേട്ടറിഞ്ഞ് നടപ്പാക്കാനും ഒപ്പം നമ്മുടെ നാടിന്റെ വികസനത്തിൽ അവരെക്കൂടി പങ്കാളിയാക്കുന്നതിനുമാണ് ലോകകേരള സഭ തുടങ്ങിയത്. ആദ്യ മൂന്ന് പതിപ്പും ഉജ്ജ്വലവിജയം സമ്മാനിച്ചതിന്റെ നിറവിലാണ് നാലാമത്തെ എഡിഷന് തിരിതെളിയുന്നത്. ലോകകേരള സഭയുടെ പശ്ചാത്തലത്തിൽ പ്രവാസി വിഷയങ്ങളിൽ ഉൾക്കനമുള്ള ചർച്ചകൾ ഉൾക്കൊള്ളിച്ച് ഒരു കോഫി ടേബിൾ ബുക്ക് വായനക്കാർക്കായി സമർപ്പിക്കുന്നു.

**ടി വി സുഭാഷ്** ഐ എ എസ്
ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

## അകംതാളുകളിൽ


നവകേരളത്തിനായി ലോകമലയാളം — 06
**പിണറായി വിജയൻ,** മുഖ്യമന്ത്രി

നേതാക്കൾ പ്രതിഭകൾ കൂടിക്കാഴ്ചകൾ — 12

ലോകകേരളസഭ നാലാം സമ്മേളനത്തിലേക്ക് — 16
**എ. എൻ. ഷംസീർ**

ഈ കേരളമാതൃകയും മുന്നോട്ട് — 24
**പി. ശ്രീരാമകൃഷ്ണൻ**

കേരളം വളരുന്നു ലോകത്തോളം — 28
**ഡോ. വി. വേണു** ഐ.എ.എസ്

പ്രവാസലോകത്തിലെ ഇരുട്ടും വെളിച്ചവും — 32
**എം. മുകുന്ദൻ**

മൂന്നാമിടം പ്രവാസവും സാഹിത്യവും — 36
**സച്ചിദാനന്ദൻ**

പൊതുസമൂഹത്തിനും കടമയുണ്ട് — 40
**എം. എ. യൂസഫലി**

ലോകകേരളസഭയും അവശിഷ്ട ഫ്യൂഡൽ സമൂഹവും — 44
**പി. റ്റി. കുഞ്ഞിമുഹമ്മദ്**

മുൻപേ കുതിക്കാൻ കേരളം — 46
**ഡോ. ആസാദ് മൂപ്പൻ**

ലോകമേ കേരളം കേരളമേ ലോകം — 50
**രവി പിള്ള**

മലയാളി പ്രവാസത്തിന്റെ നാൾവഴികൾ — 52
**കെ.വി.അബ്ദുൾ ഖാദർ**

ലോകകേരളസഭയുടെ ഭാവി — 56
**ഡോ. കെ. എൻ.ഹരിലാൽ**

പ്രവാസവും തൊഴിലും കേരളത്തിന്റെ വെല്ലുവിളികളും — 62
**കെ. രവിരാമൻ**

Kerala's Migration Trends Defy Challengse — 66
**S Irudaya Rajan**

From Crisis to Homecoming: Exploring Return Migration Dynamics — 70
**K.M. SEETHI**

A Symbol of Unity — 74
**Babu Stephen**

ഉറപ്പാക്കുന്നു അവകാശങ്ങൾ നിയമപരിരക്ഷ — 76
**പി. എം. ജാബിർ**

ജന്മനാടിന്റെ മുന്നേറ്റത്തിന് പ്രവാസിനിക്ഷേപം — 80
**ഡോ. ബാജു ജോർജ്**

തലവര മാറാത്ത കുടിയേറ്റനയം — 84
**റഫീക്ക് റാവുത്തർ**

മരുഭൂമിയിലെ അക്ഷരപ്പച്ചകൾ — 88
**ഷീല ടോമി**

ലോകകേരളസഭ 2018-22 നേർക്കാഴ്ചകൾ — 90





നാലാം ലോക കേരള സഭ

# നവകേരളത്തിനായി ലോകമലയാളം

ലോക കേരള സഭ ഇതിനകം പ്രവാസികളുടെ പ്രതീക്ഷയായി മാറിയിട്ടുണ്ട്.

**പിണറായി വിജയൻ**
മുഖ്യമന്ത്രി

ലോക മലയാളികളുടെ ഒത്തുചേരലിനുള്ള പൊതുവേദിയായ ലോകകേരളസഭയുടെ നാലാം സമ്മേളനത്തിന് കേരളം ആതിഥ്യമൊരുക്കുകയാണ്. ഒരു നവകേരളസൃഷ്ടിക്കായുള്ള പാതയിൽ നമ്മുടെ നാട് ഏറെ മുന്നോട്ടുപോയ പശ്ചാത്തലത്തിലാണ് ഈ സമ്മേളനം ചേരുന്നത്. എങ്കിലും ഇനിയുമേറെ കാതങ്ങൾ താണ്ടാനുമുണ്ട്.

പ്രവാസി സമൂഹത്തിനുൾപ്പെടെ എല്ലാവർക്കും മതിയായ പരിഗണനയും സുരക്ഷയും ഉറപ്പാക്കിയും പുതിയൊരു ഭാവിയെ ദീർഘദർശനം ചെയ്യുന്ന വികസനപദ്ധതികൾ നടപ്പാക്കിയുമാണ് ഈ സർക്കാർ മുന്നേറുന്നത്. സാമ്പത്തികവളർച്ചയ്ക്ക് ഉത്തേജനം നൽകുംവിധം ഉൽപാദന മേഖലകളിൽ ഉണർവുണ്ടാക്കാനും സേവനമേഖലകളെ ആധുനികവൽക്കരിക്കാനും വിജ്ഞാനാധിഷ്ഠിത സമൂഹത്തെ രൂപപ്പെടുത്തിയെടുക്കാനുമുള്ള പരിശ്രമമാണ് നടത്തുന്നത്. ഇന്ത്യയിലെ വിവിധ നാടുകളിലും പല രാജ്യങ്ങളിലുമായി, നാനാദേശങ്ങളിൽ ചിതറിക്കിടക്കുന്ന പ്രവാസിമലയാളികളുടെ കൂടി പങ്കാളിത്തം നമ്മുടെ കൊച്ചുകേരളത്തിന്റെ പുരോഗതിക്ക് അനിവാര്യമാണ്.

ലോകമെമ്പാടുമുള്ള മലയാളികളെ ഒരുമിച്ചുചേർത്ത്, അവരുടെ വിവിധങ്ങളായ കഴിവുകൾ കേരളത്തിന്റെ പൊതുവളർച്ചയ്ക്കായി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലോക കേരള സഭ ഇതിനകം പ്രവാസികളുടെ പ്രതീക്ഷയായി മാറിയിട്ടുണ്ട്. 'ഒന്നിക്കാം, സംവദിക്കാം, മുന്നേറാം' എന്ന മുദ്രാവാക്യത്തോടെ 2018 ൽ ചേർന്ന പ്രഥമ ലോക കേരള സഭ മുതൽ, ഇതരസംസ്ഥാനങ്ങളിലും ലോകമാകെയും പടർന്നുകിടക്കുന്ന മലയാളിസഹോദരങ്ങളുടെ ആവേശപൂർവമായ പിന്തുണയും സഹകരണവുമാണ് ഇതിനു ലഭിക്കുന്നത്. അതാണ് ഈ സഭയുടെ ഊർജം.

ലോക കേരള സഭയുടെ കഴിഞ്ഞ മൂന്നു സമ്മേളനങ്ങളും പ്രതീക്ഷിച്ചതിലും വിജയമായിരുന്നു. കേരളത്തിന്റെ ഭാവിവികസനത്തിനും പ്രവാസികളുടെ സുരക്ഷ, ക്ഷേമം, പുനരധിവാസം തുടങ്ങിയവയ്ക്കും മുതൽക്കൂട്ടാകുന്ന ഒട്ടേറെ ആശയങ്ങളും പരിപാടികളും ഈ സമ്മേളനങ്ങൾ മുന്നോട്ടുവച്ചു. അവയെല്ലാം വിശദമായി പരിശോധിച്ചു സാഫല്യത്തിലെത്തിക്കാനുള്ള പരിശ്രമങ്ങളിലാണ് സർക്കാർ.

## പ്രവാസികൾക്കൊപ്പം കേരളം

ഇന്ത്യയിലാദ്യമായി പ്രവാസിസംരക്ഷണത്തിനായി വകുപ്പ് രൂപവൽക്കരിച്ചത് ഇ കെ നായനാർ സർക്കാരിന്റെ കാലത്ത് കേരളമാണെന്നത് അഭിമാനകരമാണ്. പ്രവാസികാര്യ വകുപ്പിനെ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോവാനും നോർക്ക റൂട്ട്സ് വഴി നിരവധി നൂതന ക്ഷേമപദ്ധതികൾ നടപ്പിലാക്കാനും 2016 മുതൽ സർക്കാരിന് സാധിച്ചിട്ടുണ്ട്. അതിന്റെ മികച്ച ഉദാഹരണമാണ് ലോക കേരള സഭ. അതിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ നിരവധി ആശയങ്ങളും നിർദേശങ്ങളും ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്.

പ്രവാസികളുടെ പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും അവയിൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം അറിയിക്കുന്നതിനും റവന്യു - സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട് 'പ്രവാസി മിത്ര' പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ പ്രവാസികൾക്ക് റവന്യു

- സർവേ വകുപ്പുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷകളുടെ തൽസ്ഥിതി അറിയാനും പരാതി സമർപ്പിക്കാനും സാധിക്കും.

ലോക കേരള സഭയുടെ സുപ്രധാന നിർദേശങ്ങളിൽ ഒന്നാണ് ലോകമെമ്പാടുമുള്ള മലയാളികൾക്കായുള്ള ഡിജിറ്റൽ ഓൺലൈൻ സ്പെയ്സ്. പ്രവാസികൾക്ക് ആശയവിനിമയത്തിനും തൊഴിലവസരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കൈമാറാനും സാംസ്കാരിക വിനിമയം സാധ്യമാക്കുന്നതുമായ വിപുലമായ സംവിധാനം 'ലോക കേരളം ഓൺലൈൻ' എന്ന പേരിൽ രൂപം കൊള്ളുകയാണ്. പ്രവാസികൾക്ക് അവരുടെ പ്രാഥമികവിവരങ്ങൾ നൽകിയോ സാമൂഹിക മാധ്യമ അക്കൗണ്ടുകൾ ഉപയോഗിച്ചോ ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാം. ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. നാലാം ലോക കേരള സഭയ്ക്ക് മുന്നോടിയായി ഇതിന്റെ പ്രവർത്തനം ആരംഭിക്കും. പ്രവാസിസംഘടനകൾ, ലോക കേരള സഭ അംഗങ്ങൾ എന്നിവരുടെ സഹായത്തോടെ പരമാവധി പ്രവാസികളെ ഈ പദ്ധതിയുടെ ഭാഗമാക്കും.

2024 അധ്യയന വർഷം മുതൽ കേരളത്തിലെ സർവകലാശാലകളിലൂടെ വിദേശ സർവകലാശാലകളുടെ ഹ്രസ്വകാല ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ സോഫ്റ്റ് സ്കിൽ, കമ്മ്യൂണിക്കേഷൻ സ്കിൽ, എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന നടപടികൾക്കു തുടക്കമായിട്ടുണ്ട്. യൂറോപ്യൻ - അമേരിക്കൻ രാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ഇത് സഹായകമാകും. ജർമനിയിൽ തുടർവിദ്യാഭ്യാസത്തിനു സഹായകമാകുന്ന 'ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാം', 'ട്രിപ്പിൾ വിൻ ഹോസ്പിറ്റാലിറ്റി' എന്നിവ ആരംഭിക്കുന്നതിനും ധാരണയായിട്ടുണ്ട്.

ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് മരുന്നുകളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കെ എസ് ഡി പി സേവനദാതാവിനെ നിയമിച്ചിട്ടുണ്ട്. ഉൽപന്ന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രാരംഭനടപടികൾ നടന്നുവരികയാണ്. ആഫ്രിക്കൻ മേഖലയിലെ പ്രധാനപ്പെട്ട മലയാളി അസോസിയേഷനുകൾക്ക് നോർക്ക രജിസ്ട്രേഷൻ നൽകുന്നതിന്റെ ഭാഗമായി പ്രമുഖ അസോസിയേഷനുകളുമായി ബന്ധപ്പെട്ടു നടപടികൾ സ്വീകരിച്ചുവരികയാണ്. എൻ ആർ ഐ (കെ) കമ്മീഷന്റെ വെബ്സൈറ്റ് നവീകരിക്കുന്നതിനും ഓൺലൈനായി പരാതികൾ സ്വീകരിക്കുന്നതിനുമുള്ള നടപടികളും എൻ ആർ ഐ സെല്ലിൽ വനിതാ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## സംരംഭകത്വവും തൊഴിലും

വിദേശ മലയാളികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുക, ഉയർന്ന സാമ്പത്തികശേഷിയുള്ള വിദേശ ഇന്ത്യക്കാരിൽ നിന്നും കേരളാടിസ്ഥാനമായ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുക, ബിസിനസ് സംബന്ധമായ ആവശ്യങ്ങൾക്ക് വിദേശരാജ്യങ്ങളിൽ പ്രവർത്തനസ്ഥലവും ഉപഭോക്താക്കളെ ബന്ധപ്പെടുന്നതിനുള്ള സൗകര്യവും ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി' പദ്ധതി ആരംഭിച്ചു. ആദ്യ ഘട്ടമായി ദുബായിൽ ഒരു സെന്റർ പ്രവർത്തനമാരംഭിച്ചു. ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ ദുബായ് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്ററിനോടനുബന്ധിച്ചു ഫെലോഷിപ്പ് പരിപാടിയും പരിഗണനയിലുണ്ട്. ബെൽജിയം സർക്കാരിന്റെ അധീനതയിലുള്ള 'ഹബ്ബ് ബ്രസൽസ്' സൗജന്യമായി നൽകിയ സ്ഥലത്ത് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ - ബെൽജിയം' ആരംഭിച്ചു. ഓസ്ട്രേലിയയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള ധാരണാപത്രവും ഒപ്പുവച്ചിട്ടുണ്ട്.

> പ്രതിസന്ധിയുടെ കാലത്ത് പ്രവാസവും പുറം ലോകത്തെ തൊഴിൽ സാധ്യതകളും അവസരങ്ങളുമെല്ലാം മാറുകയാണ്. വിദേശത്തു നിന്നും നാട്ടിന്റെ സ്വച്ഛതയിലേക്കു എത്തുന്നവരുടെ എണ്ണവും വർധിച്ചിരിക്കുന്നു. നവകേരള നിർമ്മിതിയിൽ അവരുടെയെല്ലാം അറിവും കഴിവും നിക്ഷേപവും ഉപയോഗപ്പെടുത്തി മുന്നേറാനാണ് സർക്കാർ ശ്രമിക്കുന്നത്.

2020 ലെ ലോക കേരള സഭയുടെ ശുപാർശകളിലൊന്നായിരുന്നു പ്രവാസികൾക്കിടയിലെ പരിചയസമ്പന്നരായ പ്രൊഫഷണലുകളെ കണ്ടെത്തുന്നതിനുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നത്. കോവിഡ് സമയത്ത് ജോലി നഷ്ടപ്പെട്ടു കേരളത്തിലേക്ക് മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കാൻ തൊഴിൽ വകുപ്പിന്റെ ഈ ഓൺലൈൻ എംപ്ലോയ്മെന്റ് പോർട്ടൽ സഹായകരമാണ്.

കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസിമലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചത്. ആദ്യ ലോക കേരള സഭയുടെ നിർദേശമായിരുന്നു ഇത്. കമ്പനിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ആദ്യപദ്ധതിയാണ് 'റസ്റ്റ്സ്റ്റോപ്പ്' എന്ന പേരിലുള്ള പാതയോര വിശ്രമകേന്ദ്രങ്ങൾ. അതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ ആദ്യത്തെ വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

## മൈഗ്രേഷൻ സർവേ

പ്രവാസികളുടെ വിപുലമായ വിവരശേഖരണം ലക്ഷ്യമിട്ട് കേരള മൈഗ്രേഷൻ സർവേ 2023 നടത്തിയിരുന്നു. ലോക കേരള സഭയോട് അനുബന്ധിച്ച് സർവേ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.





വിദേശത്തേക്കുള്ള അനധികൃത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പുകൾ, മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരെ പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിന് 'ഓപ്പറേഷൻ ശുഭയാത്ര' പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു. വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്, കേരളാ പോലീസ്, നോർക്ക റൂട്ട്സ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. തൊഴിൽ തട്ടിപ്പുകളെ സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പരും ഇ-മെയിൽ ഐഡികളും നിലവിൽ വന്നിട്ടുണ്ട്.

സുരക്ഷിതമായ തൊഴിൽകുടിയേറ്റം ആഗ്രഹിക്കുന്നവരെ സഹായിക്കുന്നതിനായി ഒരു പുതിയ പദ്ധതി കൂടി നോർക്ക നടപ്പാക്കുകയാണ്. 'നോർക്കാ ശുഭയാത്ര' എന്ന പേരിലുള്ള പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിലെ ബാങ്കുകളും സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മറ്റു ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക. കൂടാതെ ജീവനോപാധികൾ കണ്ടെത്താനുള്ള വായ്പാസൗകര്യം, ഇൻഷ്വറൻസ് പരിരക്ഷ, ക്ഷേമനിധി തുടങ്ങി ഒട്ടേറെ തുടർപദ്ധതികളും ക്ഷേമപ്രവർത്തനങ്ങളും പ്രവാസിമലയാളികൾക്കായി നടപ്പാക്കുന്നുണ്ട്.

പ്രവാസിസഹോദരരിൽ തൊഴിൽദാതാക്കൾ, സംരംഭകർ, ഭരണസാരഥ്യത്തിൽ പങ്കുള്ളവർ, പ്രൊഫഷണൽ വൈദഗ്ധ്യം കൊണ്ട് ആ നാടുകളുടെ വികസനം ത്വരിതപ്പെടുത്തുന്നവർ എന്നിവരുണ്ട്. ഇവരിൽ പലരും അതതു നാടുകളിൽ ആദരം നേടിയവരാണ്. നമ്മുടെ നാട്ടിലെ നിയമ-നയരൂപീകരണത്തിലും വികസന ആസൂത്രണത്തിലുമൊക്കെ വലിയ സംഭാവനകൾ നൽകാൻ കഴിയുന്നവരാണ് ഇവരിൽ വലിയൊരു വിഭാഗം. എന്നാൽ, വിപുലമായ ആ സ്രോതസ്സ് ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ നമുക്കായിരുന്നില്ല. അതിനു വഴിതുറക്കുന്നതുകൂടിയാണ് ലോക കേരള സഭയും അതിന്റെ തുടർച്ചയായ പ്രവർത്തനങ്ങളും. ലോക മലയാളികളുടെ ഈ കൂട്ടായ്മയിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പൊതുസമ്മതമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അനുഭാവപൂർവമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും ലോക കേരള സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ലോകം അവസരങ്ങളുടെ ഒരു തുറസ്സാണ്. പുറംലോകത്തിന്റെ സാധ്യതകൾ ഉപയോഗിക്കാൻ കേരളത്തെ സഹായിക്കുന്ന മാധ്യമമായി വർത്തിക്കുകയാണ് പ്രവാസിലോകം ചെയ്യുന്നത്. പ്രവാസികളോടുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നതിനോടൊപ്പം പ്രവാസത്തിന്റെ സാധ്യതകൾ ഉപയോഗിക്കാനും



ബോധപൂർവമായ പരിശ്രമം ആവശ്യമാണ്. സുപ്രധാനമായ ഈ രണ്ടു ദൗത്യങ്ങളും ഏറ്റെടുക്കാൻ കഴിയുന്ന തരത്തിലാണ് ലോക കേരള സഭയുടെ നടപടിക്രമങ്ങൾ വിഭാവനം ചെയ്യുന്നത്. പ്രവാസിലോകത്തിന്റെ പ്രധാനവിഷയങ്ങൾ ഓരോന്നും സംബന്ധിച്ച് ആഴത്തിലുള്ള ചർച്ചയും ഉറച്ച തീരുമാനങ്ങളുമായാണ് സഭ മുന്നോട്ടുപോകുന്നത്.

## നവകേരളത്തിന്റെ പാതയിൽ

ഈ സർക്കാർ നാലാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്, തുടർഭരണത്തിന്റെ ഒൻപതാം വർഷത്തിലേക്കും. കഴിഞ്ഞ എട്ടു വർഷംകൊണ്ട് കേരളം കൈവരിച്ച വിപുലമായ നേട്ടങ്ങൾ ആഗോളമലയാളി സമൂഹത്തിനും അഭിമാനകരമാണ്. ക്ഷേമമേഖലയെ ശക്തിപ്പെടുത്തുന്നതോടൊപ്പം അടിസ്ഥാനസൗകര്യ വികസനത്തിലും നമുക്ക് മുന്നേറാനായി. അതിന്റെ ഭാഗമായി കഴിഞ്ഞ എട്ട് വർഷംകൊണ്ട് 83,000 കോടിയിലധികം രൂപയുടെ പദ്ധതികളാണ് കിഫ്ബി മുഖേന ഏറ്റെടുത്തത്. ദേശീയപാതാ വികസനം, ഗെയ്ൽ പൈപ്പ് ലൈൻ, പവർ ഹൈവേ, ദേശീയ ജലപാത, കൊച്ചി മെട്രോ, കൊച്ചി വാട്ടർ മെട്രോ തുടങ്ങി നിരവധി പദ്ധതികൾ ചൂണ്ടിക്കാണിക്കാനാകും.

അടിസ്ഥാനസൗകര്യ വികസനത്തിലും ക്ഷേമപ്രവർത്തനങ്ങളിലും കൈവരിച്ച നേട്ടങ്ങളിൽ ചുവടുറപ്പിച്ച്  കേരളത്തെ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയായി പരിവർത്തിപ്പിക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. വൈജ്ഞാനിക മേഖലയിൽ നാം കൈവരിച്ച നേട്ടങ്ങളെ ഉൽപാദന മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഇതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ മേഖലയെ ഒന്നാകെ പരിഷ്‌ക്കരിക്കുകയാണ്. നൈപുണ്യ വികസനവും സംരഭകത്വ വികസനവുമെല്ലാം ഇന്ന് നമ്മുടെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. അതിനായി കണക്ട് കരിയർ ടു ക്യാമ്പസ്, യങ് ഇന്നവേറ്റേഴ്‌സ് പ്രോഗ്രാം, ഇൻഡസ്ട്രി ഓൺ ക്യാമ്പസ് തുടങ്ങിയവ നടപ്പാക്കിവരികയാണ്. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും യാഥാർഥ്യമാവുകയാണ്.

വ്യവസായ മേഖലയിൽ മുന്നേറ്റം കൈവരിക്കുന്നതിനായി നിരവധി പദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഒരു വർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങുക എന്ന ലക്ഷ്യത്തോടെയാണ് സംരംഭകവർഷം പദ്ധതി നടപ്പാക്കിയത്. ആദ്യത്തെ എട്ട് മാസം കൊണ്ടുതന്നെ പ്രതീക്ഷിച്ച ലക്ഷ്യമായ ഒരു ലക്ഷത്തിലേക്കെത്താൻ കഴിഞ്ഞു. 2022-23 സാമ്പത്തികവർഷം ആകെയെടുത്താൽ 1,39,000 ത്തോളം സംരംഭങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. മൂന്ന് ലക്ഷത്തോളം തൊഴിലവസരങ്ങളും 8,500 കോടിയോളം രൂപയുടെ നിക്ഷേപവും ഇതുവഴിയുണ്ടായി. സംരംഭക വർഷം പദ്ധതിക്കു ലഭിച്ച ഈ സ്വീകാര്യതയിൽ നിന്ന് ഊർജം ഉൾക്കൊണ്ടാണ് സംരംഭക വർഷം 2.0 പദ്ധതി നടപ്പാക്കിവരുന്നത്.

പുതിയ തലമുറ സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ പ്രത്യേക സ്റ്റാർട്ടപ്പ് നയം നടപ്പിലാക്കിവരികയാണ്. 2016 ൽ സംസ്ഥാനത്ത് 300 സ്റ്റാർട്ടപ്പുകളാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇന്നവയുടെ എണ്ണം 5,000 കടന്നിരിക്കുന്നു. വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടിങ്ങിലൂടെ 5,500 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാനും 50,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ 778 സ്റ്റാർട്ടപ്പുകൾക്കായി 35 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സർവകലാശാലാ വിദ്യാർഥികളിൽ നിന്നും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 466 ഇന്നവേഷൻ ആൻഡ് ഓൺട്രപ്രെണർഷിപ്പ് ഡെവലപ്‌മെന്റ് സെന്ററുകളാണ് സ്ഥാപിച്ചത്.

പ്രളയകാലത്തും കോവിഡ് ഉൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടങ്ങളിലും  കേരളത്തിനൊപ്പം നിന്നവരാണ് നമ്മുടെ പ്രവാസിസഹോദരങ്ങൾ. കേരളത്തെ പുരോഗമനപരമായും മതനിരപേക്ഷമായും നിലനിർത്തുന്നതിനായി ലോകമലയാളികൾ കാണിക്കുന്ന താൽപര്യത്തെ സർക്കാർ ലോക കേരള സഭയിലൂടെ ഔദ്യോഗികമായി അംഗീകരിക്കുകയാണ്. മഹത്തായ ആ കൂട്ടായ്മയുടെ നാലാമത് സമ്മേളനത്തിൽ നടക്കുന്ന ചർച്ചകളിൽ നിന്നും ക്രിയാത്മകമായ നിർദ്ദേശങ്ങളും മൂർത്തമായ ഇടപെടലുകളും ഉരുത്തിരിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.








പ്രവാസികൾ അജ്ഞാത
ഭൂഭാഗങ്ങളിലും നാടുകളിലും ജീവിതം
കെട്ടിപ്പടുക്കാൻ  ശ്രമിച്ചുവരുന്നവരാണ്.
അവർക്ക് നാം നന്മ നേരുക. അവർ
ജീവിത സമരത്തിൽ വിജയിക്കട്ടെ...


**എം.ടി. വാസുദേവൻ നായർ**





നേതാക്കൾ, പ്രതിഭകൾ, കൂടിക്കാഴ്ചകൾ


























നേതാക്കൾ, പ്രതിഭകൾ, കൂടിക്കാഴ്ചകൾ










# നോർക്ക റൂട്ട്സ്

## നോർക്ക ബോർഡ് ഓഫ് ഡയറക്ടേഴ്സ്



**ശ്രീ. പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി
ചെയർമാൻ, നോർക്ക റൂട്ട്സ്



**ശ്രീ.പി. ശ്രീരാമകൃഷ്ണൻ**
റസിഡന്റ് വൈസ് ചെയർമാൻ



**ഡോ.എം.എ യൂസഫലി**
വൈസ് ചെയർമാൻ



**ശ്രീ. രവി പിള്ള**
ഡയറക്ടർ



**ഡോ. എം. അനിരുദ്ധൻ**
ഡയറക്ടർ



**ഡോ. ആസാദ് മൂപ്പൻ**
ഡയറക്ടർ



**ശ്രീ.ഒ.വി.മുസ്തഫ**
ഡയറക്ടർ



**ശ്രീ.ജെ.കെ മേനോൻ**
ഡയറക്ടർ



**ഡോ.കെ വാസുകി** ഐ.എ.എസ്
നോർക്ക വകുപ്പ് സെക്രട്ടറി



**അജിത് കോളശ്ശേരി**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (I/C)





# ലോക കേരള സഭ
## നാലാം സമ്മേളനത്തിലേക്ക്

നൂറോളം രാജ്യങ്ങളിൽ നിന്നുള്ള 351 ലധികം പ്രതിനിധികളുമായി, സ്വാതന്ത്ര്യം, ജനാധിപത്യം, സാമൂഹികനീതി, മതനിരപേക്ഷത തുടങ്ങി കേരളം പൊതുവെ അംഗീകരിക്കുന്ന വിശ്വമാനവികതയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു സംഘടിപ്പിക്കപ്പെടുന്ന ലോക കേരള സഭയുടെ നാലാം സമ്മേളനമാണിത്



എ. എൻ. ഷംസീർ
സ്പീക്കർ, കേരള നിയമസഭ

ചരിത്രത്തിലിടം നേടിയ മറ്റൊരു കേരളമാതൃകയായി ലോക കേരള സഭ മാറിക്കഴിഞ്ഞു. നാലാം സമ്മേളനത്തിലേക്ക് എത്തുമ്പോഴേക്കും കേരളത്തിന് പുറത്തുള്ള, ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള മലയാളികളുടെ ഒരു പൊതുവേദിയായി അടയാളപ്പെടുത്താൻ ലോക കേരളസഭയ്ക്ക് സാധിച്ചു എന്നത് വലിയ നേട്ടമാണ്.

മലയാളികളെ സംബന്ധിച്ച് പ്രവാസമെന്നത് ഒരു ചരിത്രാനുഭവം തന്നെയാണ്. 1930കളിലെ ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്നാണ് കേരളത്തിൽ നിന്നുള്ള കുടിയേറ്റങ്ങൾക്ക്  തുടക്കമിടുന്നത്. അതിന് മുമ്പ് കേരളത്തിലേക്ക് വരുന്നവരായിരുന്നു കൂടുതൽ. ആ കാലങ്ങളിൽ കേരളത്തിൽ നിന്നും പുറത്തേക്ക് പോവുന്നവർ വളരെ കുറവായിരുന്നു. മാന്ദ്യത്തെ തുടർന്ന് ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും മാത്രമല്ല ശ്രീലങ്ക, ബർമ്മ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്കും മലയാളികൾ കുടിയേറി. രണ്ടാം ലോക മഹായുദ്ധകാലത്തും രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ച കാലത്തും പട്ടാളത്തിൽ ജോലി തേടി പോയതിലൂടെയും മലയാളികളുടെ പ്രവാസജീവിതം വളർന്നു. എന്നാൽ, മധ്യപൂർവദേശത്തേക്കുള്ള കുടിയേറ്റം കേരള സമ്പദ്ഘടനയിൽ തന്നെ വളർച്ചയുണ്ടാക്കി. എണ്ണവില ഉയരുകയും ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തികവളർച്ച ത്വരിതപ്പെടുകയും ചെയ്തതോടെ പ്രവാസജീവിതത്തിന് പുതിയ തലങ്ങൾ കൈവരിക്കാനായി.

ലോകത്ത് ഏറ്റവും വലിയ കുടിയേറ്റ ജനസംഖ്യയുള്ള രാജ്യം ഇന്ത്യയാണ്. ഏകദേശം 18 ദശലക്ഷം ആളുകളാണ് വിദേശത്തുള്ളത്. കേരളത്തെ സംബന്ധിച്ച് 2018 ലെ കേരള മൈഗ്രേഷൻ സർവേ പ്രകാരം 21,21,887 പ്രവാസികളുണ്ട്. ഇതിന് പുറമെയാണ് ഇതരസംസ്ഥാനങ്ങളിലേക്ക് കുടിയേറിയിട്ടുള്ള കേരളീയർ. ചുരുക്കത്തിൽ പ്രവാസത്തെ ഒഴിവാക്കിയുള്ള കേരളമെന്നത് സങ്കൽപ്പിക്കാൻ പോലും പറ്റാത്ത കാര്യമാണ്. പ്രവാസികളിൽ നിന്നും നാട്ടിലേക്ക് ഒഴുകുന്ന പണം കേരളത്തിന് നിർണ്ണായകമായ സാമ്പത്തികസ്രോതസ്സാണ്. ഗാർഹികവരുമാനത്തിൽ അതിനുള്ള സ്വാധീനവും ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക ആസ്തിനിർമ്മാണത്തിനുള്ള സംഭാവനയും സാമ്പത്തികചരിത്രത്തിലെ പ്രാധാന്യമേറിയ ഏടുകളാണ്. ഇന്ത്യയിലേക്കുള്ള പ്രവാസിപണത്തെ സംബന്ധിച്ചുള്ള ആർ ബി ഐയുടെ അഞ്ചാം റൗണ്ട് സർവേയിലൂടെ

വ്യക്തമാവുന്നത്, ജി.സി.സി മേഖലയിൽ നിന്നും ഇന്ത്യയിലേക്കുള്ള അന്താരാഷ്ട്ര പണലഭ്യതയുടെ പങ്ക് 2016-17ൽ 50 ശതമാനത്തിൽ നിന്ന് 2020-21ൽ ഏകദേശം 30 ശതമാനമായി കുറഞ്ഞുവെന്നാണ്. സാമ്പത്തികമാന്ദ്യത്തിന്റേയും എണ്ണവില ഇടിവിന്റേയും ഇരട്ടപ്രഭാവത്തിൽ ആതിഥേയരാജ്യമാണല്ലോ ഇരയാവുക. പ്രവാസികളിലൂടെ ഏറ്റവും കൂടുതൽ പണം സ്വീകരിക്കുന്ന ഇന്ത്യയെ ഇത് ബാധിക്കുമെന്നാണ് ലോകബാങ്ക് ചൂണ്ടിക്കാട്ടുന്നത്. കേരളത്തിന്റെ അവസ്ഥയും മെച്ചമല്ല. പരമ്പരാഗതമായി പ്രവാസികളുടെ പണം സ്വീകരിക്കുന്നവരും ജി.സി.സി മേഖലയിൽ ശക്തമായ ആധിപത്യം പുലർത്തിയവരുമായിരുന്നു മലയാളികൾ. 2020-21ൽ കേരളത്തിലേക്ക് പ്രവാസികളിൽ നിന്നും വന്ന പണം 2016-17 മുതലുള്ള മൊത്തം പണലഭ്യതയുടെ ഏകദേശം 25 ശതമാനം മാത്രമേ ഉള്ളൂവെന്ന് കണക്കുകൾ പറയുന്നു. ഇത്തരത്തിലുള്ള പ്രതിസന്ധികളുടെ മഴക്കാറുകൾക്കപ്പുറം പ്രതീക്ഷയുടെ സൂര്യൻ തെളിയുന്നുണ്ട്. വികസിതരാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ തോത് വർധിക്കുന്നു എന്നതാണ് അത്. നഴ്സുമാർ, ഡോക്ടർമാർ, ഐ ടി പ്രൊഫഷണലുകൾ, എഞ്ചിനീയർമാർ, വിവിധ മേഖലകളിലുള്ള വിദഗ്ധതൊഴിലാളികൾ തുടങ്ങിയ മേഖലകളിലുള്ളവരുടെ ആപേക്ഷിക അനുപാതത്തിന്റെ വർധനവ് വികസിതരാജ്യങ്ങളിലെ തൊഴിൽ കമ്പോളത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ കേരളത്തെ സഹായിക്കുന്നു. ഇതിലൂടെ ലോകകേരളത്തിന്റെ വ്യാപ്തി വർധിച്ചുകൊണ്ടിരിക്കുകയാണ്.

> കേരളം പ്രവാസികളുടെ ജീവിതത്തെ മാതൃകാപരമായി അഭിസംബോധന ചെയ്യുന്ന സംസ്ഥാനമാണ്. 1996ലെ ഇ കെ നായനാരുടെ നേതൃത്വത്തിലുള്ള സർക്കാരാണ് രാജ്യത്ത് ആദ്യമായി പ്രവാസി വകുപ്പ് രൂപീകരിച്ചത്

ഈയൊരു പശ്ചാത്തലത്തിലാണ് ലോക കേരള സഭയെ സമീപിക്കേണ്ടത്. കേരളം പ്രവാസികളുടെ ജീവിതത്തെ മാതൃകാപരമായി അഭിസംബോധന ചെയ്യുന്ന സംസ്ഥാനമാണ്. 1996ലെ ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള സർക്കാരാണ് രാജ്യത്ത് ആദ്യമായി പ്രവാസി വകുപ്പ് രൂപീകരിച്ചത്. തുടർന്നാണ് മറ്റ് ചില സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും പ്രവാസി വകുപ്പ് ആരംഭിക്കുന്നത്. അവിടെ നിന്നും കേരളം കാതങ്ങൾ മുന്നോട്ടുപോയി. 2018ൽ പിണറായി വിജയൻ സർക്കാർ ലോക കേരള സഭയ്ക്ക് രൂപം നൽകി, അതിന്റെ ഘടനയും ലക്ഷ്യങ്ങളും പ്രാധാന്യവും വിശദീകരിച്ചപ്പോൾ രാജ്യത്തിനകത്തും പുറത്തുമുള്ള പ്രവാസി മലയാളികൾ ഇരുകൈകളും നീട്ടി സ്വീകരിച്ചു. കഴിഞ്ഞ സഭാസമ്മേളനങ്ങളെല്ലാം വൻവിജയമായി മാറിയത് ആ ഐക്യപ്പെടലിന്റെ ഭാഗമായിട്ടാണ്. കേരളം അക്ഷരാർഥത്തിൽ ലോകകേരളമായി മാറിക്കഴിഞ്ഞു എന്ന് പറഞ്ഞാൽ തെറ്റാവില്ല. ലോകത്തിന്റെ ഏത് ഭാഗത്ത് പോയാലും മലയാളികളെ കാണാനാവും. വിവിധ രാജ്യങ്ങളിലും പ്രദേശങ്ങളിലും അധിവസിക്കുന്ന മലയാളികൾ തമ്മിലുള്ള ആശയവിനിമയത്തിനും കഴിയുന്ന മേഖലകളിലെല്ലാം പരസ്പര സഹകരണം ഉറപ്പാക്കുന്നതിനും ഒരു വേദി ഒരുങ്ങിയത് ലോക കേരള സഭയിലൂടെയാണ്. ലോകമാകെ വ്യാപിച്ചുകിടക്കുന്ന ബൃഹദ്കേരളത്തെ ഒരുമിപ്പിച്ച് നിർത്തുന്നതിനുള്ള ഒരു കേരളസഭയാണ് നാം ഒരുക്കിയെടുത്തിട്ടുള്ളത്.

## പ്രതിസന്ധികളെ അതിജീവിച്ച്

ഓരോ വർഷവും ലോകമെങ്ങുമുള്ള ഇന്ത്യൻ പ്രവാസികൾക്ക് മുന്നിലെ വെല്ലുവിളികളും പ്രതിസന്ധികളും കൂടുതൽ രൂക്ഷമാവുന്നുണ്ട്. കോവിഡനന്തര ലോകസാഹചര്യം അങ്ങനെയാണ്. തൊഴിൽനഷ്ടങ്ങൾ കൂടുകയും, സാമൂഹിക സാഹചര്യങ്ങൾ മാറിമറിയുകയും ചെയ്തിരിക്കുന്നു. എങ്കിലും പ്രതിസന്ധികളെ അതിജീവിച്ച് പ്രവാസി സമൂഹം മുന്നേറുകയാണ്. കേരളത്തെ സംബന്ധിച്ച് നമ്മുടെ ജനസംഖ്യയുടെ 10 ശതമാനം പ്രവാസികളാണ്. അവരെ ആശ്രയിച്ചു കഴിയുന്നവരെക്കൂടി കണക്കിലെടുത്താൽ 40 ശതമാനം പേരും പ്രവാസിപണംകൊണ്ട് നേരിട്ട് ജീവിക്കുന്നവരാണ്. കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ 30 ശതമാനവും പ്രവാസിസംഭാവനയാണെന്ന് കാണാൻ കഴിയും. പ്രവാസികളെയും നാട്ടിലെ അവരുടെ കുടുംബാംഗങ്ങളെയും പ്രവാസം കഴിഞ്ഞു തിരിച്ചെത്തിയവരെയും കൂടി കൂട്ടിയാൽ പ്രവാസത്തിനു കേരളീയ ജീവിതത്തിലുള്ള പ്രാധാന്യത്തെപ്പറ്റി മനസ്സിലാക്കാനാവും.

കേരളീയ പ്രവാസിസമൂഹം എക്കാലത്തും നാടുമായി അടുത്ത ബന്ധം നിലനിർത്തുന്നവരാണ്. ഇന്ത്യൻ പൗരത്വം നിലനിർത്തുന്നവരാണ് പ്രവാസികളിൽ മഹാഭൂരിപക്ഷവും. ഇന്ത്യൻ പൗരത്വം നഷ്ടപ്പെട്ടാൽ പോലും നാടുമായുള്ള ബന്ധം മുറിച്ചുകളയാൻ തയ്യാറാവില്ല. മറ്റുള്ളവരിൽ നിന്നും മലയാളികൾക്കുള്ള മറ്റൊരു പ്രത്യേകത സംഘം ചേരാനുള്ള താല്പര്യമാണ്. ലോകത്തിന്റെ വിവിധകോണുകളിൽ മലയാളി പ്രവാസികളുടെ വ്യത്യസ്ത തരത്തിലുള്ള കൂട്ടായ്മകൾ കാണാനാവും. ഇവിടെയൊക്കെ ഓരോ കേരളം അവർ സൃഷ്ടിക്കുന്നുണ്ട്. കേരളത്തിന്റെ കലയും സംസ്കാരവും രുചിയുമൊക്കെ അവിടെ ഉണ്ടാവും. മലയാളം സംസാരിക്കുകയും പഠിപ്പിക്കുകയും ചെയ്യും. ചുരുക്കത്തിൽ മലയാളികൾ ജീവിക്കുന്നത് കേരളത്തിന്റെ അതിരിനകത്ത് മാത്രമല്ല, ലോകത്ത് മലയാളികളുള്ള ഇടങ്ങളിലെല്ലാമാണ്.

പഴയ കാലത്ത് പ്രവാസം എന്നത് അകലങ്ങളിലേക്കും ഒറ്റപ്പെടലിലേക്കുമുള്ള യാത്രയായിരുന്നു എന്നാണ് പറയുക. ഇന്ന് സ്ഥിതി വ്യത്യസ്തമാണ്. പ്രവാസികൾക്ക് നാട്ടിലെ കാര്യങ്ങളുമായി









നിരന്തരം ബന്ധപ്പെടാം. ആ സാധ്യത ലോക കേരള സഭയുടെ സാധ്യതകൾ വർധിപ്പിക്കുന്നുണ്ട്. മഹാപ്രളയത്തിന്റെ സമയത്തും കോവിഡ് മഹാമാരിയുടെ കാലത്തും ഇന്ത്യക്ക് അകത്തും പുറത്തുമുള്ള പ്രവാസി മലയാളികൾക്ക് പലവിധ ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ, അവ പരിഹരിക്കുന്നതിന് ലോക കേരളസഭാംഗങ്ങൾ നേതൃപരമായ പങ്കാണ് വഹിച്ചത്. മാത്രമല്ല, കേരളത്തിന് ലോകം മുഴുവൻ കൈത്താങ്ങുമായി മുന്നോട്ടുവരാൻ അവർ വഴിയൊരുക്കുകയും ചെയ്തു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ വസിക്കുന്ന കേരളീയരുടെ പൊതുവേദിയായി ലോക കേരളസഭ ഉയർന്നു നിൽക്കുന്നതുകൊണ്ടാണ് ഈ വിധത്തിലുള്ള ഇടപെടലുകൾ സാധ്യമായത്.

ലോകത്താകെയുള്ള മലയാളികളുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനു വേണ്ടി പ്രവർത്തിക്കുക എന്നതും ലോക കേരളസഭയുടെ ലക്ഷ്യമാണ്. കേരളീയരുടെ പൊതുസംസ്കാരത്തെയും സാമൂഹിക സാമ്പത്തിക വികസനത്തെയും സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവർക്ക് എന്നപോലെ പുറത്തുള്ള കേരളീയർക്കും അർഥവത്തായ പങ്കാളിത്തം ലോക കേരള സഭയിലൂടെ ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സാധിക്കുന്നുണ്ട്. ജനാധിപത്യത്തിന്റെ വിശാലമായ ഒരു





ഭൂമികയാണ് ലോക കേരള സഭയിൽ കൂടി സൃഷ്ടിക്കപ്പെടുന്നത്.

നമ്മുടെ പ്രവാസിസമൂഹത്തിന് അവരുടെ അഭിപ്രായങ്ങൾ പറയാൻ, ചിന്തകൾ പങ്കുവയ്ക്കാൻ, ആശയങ്ങളും നിർദേശങ്ങളും അവതരിപ്പിക്കാൻ ലോക കേരളസഭയിലൂടെ വേദിയൊരുങ്ങി. കേരളത്തിലെ പാർലമെന്റ് അംഗങ്ങളും നിയമസഭാംഗങ്ങളും പ്രവാസി സമൂഹത്തിന്റെ പ്രതിനിധികളെ കൂടാതെ ലോക കേരളസഭയിൽ പങ്കാളികളാവുന്നുണ്ട്. ഇത്തരമൊരു ജനാധിപത്യവേദി രാജ്യത്ത് മറ്റൊരിടത്തുമില്ല. നയരൂപീകരണ വേളയിലും തീരുമാനങ്ങൾ കൈക്കൊള്ളുമ്പോഴും പ്രവാസികളുടെ അഭിപ്രായത്തെ സ്വാംശീകരിക്കാനുള്ള വേദിയായി സഭാസമ്മേളനങ്ങൾ മാറിയെന്നത് കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്ന് മനസ്സിലാക്കാനാവും.

## ലോക കേരള സഭയുടെ നേട്ടങ്ങൾ

ലോക കേരള സഭ കൊണ്ട് പ്രവാസികൾക്കും നാടിനും എന്താണ് പ്രയോജനമെന്ന ചോദ്യമാണ് ചില നിക്ഷിപ്ത താല്പര്യക്കാരിൽ നിന്നും വിവാദവ്യവസായികളിൽ നിന്നും ഉയരുന്നത്. ലോക കേരള സഭയിൽ നിന്നും ഉയർന്നുവന്ന ആശയങ്ങളും നിർദേശങ്ങളും പ്രായോഗികമായ രീതിയിൽ നടപ്പിലാക്കാൻ ലോക കേരളസഭാ സെക്രട്ടറിയേറ്റ് അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. മൂന്ന് ലോക കേരളസഭാ സമ്മേളനങ്ങൾക്ക് ശേഷം നാലാമത് സമ്മേളനത്തിലേക്ക് പോകുമ്പോൾ അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാൻ പറ്റുന്ന നിരവധി കാര്യങ്ങളുണ്ട്.

> “റവന്യൂ - സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവാസികളുടെ അപേക്ഷകളും പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും അവയിൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം അറിയിക്കുന്നതിനും ലക്ഷ്യമിട്ടുള്ള 'പ്രവാസി മിത്ര' പോർട്ടൽ ആരംഭിച്ചത് ലോക കേരളസഭയിൽ നിന്നുമുയർന്ന അഭിപ്രായത്തെ തുടർന്നാണ്”

റവന്യു - സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവാസികളുടെ അപേക്ഷകളും പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും അവയിൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം അറിയിക്കുന്നതിനും ലക്ഷ്യമിട്ടുള്ള 'പ്രവാസി മിത്ര' പോർട്ടൽ ആരംഭിച്ചത് ലോക കേരളസഭയിൽ നിന്നുമുയർന്ന അഭിപ്രായത്തെ തുടർന്നാണ്. 2024 അധ്യയനവർഷം മുതൽ കേരളത്തിലെ സർവകലാശാലകളിലൂടെ വിദേശ സർവകലാശാലകളുടെ ഹ്രസ്വകാല ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് മരുന്നുകളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കെ.എസ്. ഡി.പി സർവീസ് പ്രൊവൈഡറെ നിയമിച്ചു. പ്രോഡക്ട് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. ലോക കേരള സഭയുടെ സുപ്രധാന നിർദേശങ്ങളിൽ ഒന്നായിരുന്നു ലോകമെമ്പാടുമുള്ള മലയാളികൾക്കായുള്ള ഒരു ഡിജിറ്റൽ ഓൺലൈൻ സ്പെയ്സ് എന്നത്. പ്രവാസികൾക്ക് ആശയവിനിമയത്തിനും തൊഴിൽ അവസരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കൈമാറാനും സാംസ്കാരികവിനിമയം സാധ്യമാക്കുന്നതുമായ വിപുലമായ ഒരു സംവിധാനം 'ലോക കേരളം ഓൺലൈൻ' എന്ന പേരിൽ യാഥാർഥ്യമാവുന്നു. പ്രവാസികൾക്ക് അവരുടെ പ്രാഥമിക വിവരങ്ങൾ നൽകിയോ, സാമൂഹിക മാധ്യമ അക്കൗണ്ടുകൾ ഉപയോഗിച്ചോ ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാൻ പറ്റും. യൂറോപ്യൻ-അമേരിക്കൻ രാജ്യങ്ങളിൽ തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്നതിന് സഹായകമാവും വിധത്തിൽ 2024-25 വർഷത്തിൽ സോഫ്റ്റ് സ്കിൽ/ കമ്മ്യുണിക്കേഷൻ സ്കിൽ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സർവകലാശാലകൾ ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞു. ജർമ്മനിയിൽ തുടർ വിദ്യാഭ്യാസത്തിന് സഹായകമാകുന്ന ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമും ട്രിപ്പിൾ വിൻ ഹോസ്പിറ്റാലിറ്റി പദ്ധതിയും ആരംഭിക്കുവാൻ ധാരണയായി കഴിഞ്ഞു. എൻ.ആർ.ഐ (കെ) കമ്മീഷന്റെ വെബ്സൈറ്റ് നവീകരിക്കുന്നതിനും ഓൺലൈനിൽ കൂടി പരാതികൾ സ്വീകരിക്കുന്നതടക്കമുള്ള സംവിധാനങ്ങൾ കൊണ്ടുവരാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

വിദേശ മലയാളികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിനും ഉയർന്ന സാമ്പത്തികശേഷിയുള്ള വിദേശ ഇന്ത്യക്കാരിൽ നിന്നും കേരളാടിസ്ഥാനത്തിലുള്ള സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുന്നതിനും കേരളത്തിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ് സംബന്ധമായ ആവശ്യങ്ങൾക്ക് വിദേശ രാജ്യങ്ങളിലെത്തുമ്പോൾ പ്രവർത്തന സ്ഥലത്തോടൊപ്പം ഉപഭോക്താക്കളെ ബന്ധപ്പെടുന്നതിനുള്ള സൗകര്യം ലഭ്യമാക്കാനുമുതകുന്ന 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി' പദ്ധതി ആരംഭിച്ചു കഴിഞ്ഞു. പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച ദുബായ് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്ററിനോട് അനുബന്ധിച്ചു ഫെലോഷിപ്പ് പരിപാടി പരിഗണയിലുണ്ട്. ബെൽജിയം സർക്കാർ അധീനതയിലുള്ള 'ഹബ്ബ് ബ്രസൽസ്' സൗജന്യമായി നൽകിയ സ്ഥലത്ത് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ, ബെൽജിയം' ആരംഭിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു. എൻ ആർ ഐ സെല്ലിൽ വനിതാ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടു. വെർച്വൽ പ്രവാസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പ്രവാസി മലയാളികൾക്കുള്ള ഒരു ഓൺലൈൻ എംപ്ലോയ്മെന്റ് പോർട്ടലാണ്. 2020-ലെ ലോക കേരള സഭയുടെ ശുപാർശകളിലൊന്നായിരുന്നു ഇത്. കോവിഡ് സമയത്ത് ജോലി നഷ്ടപ്പെട്ട് കേരളത്തിലേക്ക് മടങ്ങിയെത്തിയ എൻ.ആർ. കെ കളെ പുനരധിവസിപ്പിക്കാൻ വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സഹായിക്കും. ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ്ങ് കമ്പനി ലിമിറ്റഡ്, എൻ ആർ ഐ നിർമ്മാണ കമ്പനി, എൻ ആർ ഐ സഹകരണ സൊസൈറ്റി, സി ഡി എസ്

കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര മൈഗ്രേഷൻ സെന്റർ, തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഇനിയും പങ്കുവയ്ക്കാനുണ്ട്.

പ്രവാസികളുടെ സമ്പാദ്യത്തിന്റെ രൂപത്തിൽ ലോകത്ത് ഏറ്റവും കൂടുതൽ വിദേശനാണയം നേടുന്ന രാജ്യം ഇന്ത്യയാണ്. ഇപ്രകാരം നാടിന്റെ വികസനത്തിനു പ്രവാസികൾ നൽകുന്ന സംഭാവന അമൂല്യമാണെങ്കിലും അതിന് അവർ കൊടുക്കേണ്ടിവരുന്ന വില വളരെ വലുതാണ്. പ്രവാസത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പിന്റെയും യാത്രയുടെയും ഘട്ടം മുതൽ തിരിച്ചുവന്നതിനുശേഷമുള്ള പുനരധിവാസം വരെയുള്ള ഘട്ടങ്ങളിൽ നേരിടുന്ന കബളിപ്പിക്കലുകളും ചൂഷണവും അവകാശനിഷേധങ്ങളും അപമാനവും എളുപ്പം വിവരിച്ചു തീർക്കാനാവുന്നതല്ല. പ്രവാസം കഴിഞ്ഞെത്തുന്നവരുടെ സാമൂഹികസുരക്ഷയുടെയും ക്ഷേമത്തിന്റെയും പ്രശ്നങ്ങൾ വേറെ. ഈ പ്രശ്നങ്ങളിലേക്കു പൊതുസമൂഹത്തിന്റെയും, കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെയും സാർവദേശീയ ഏജൻസികളുടെയും ശ്രദ്ധ ആകർഷിക്കാനും പരിഹാരങ്ങളുണ്ടാക്കാനും ലോക കേരളസഭയ്ക്ക് സാധിക്കുന്നുണ്ട്.

## കേരളം ജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക്

ജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള പരിവർത്തനമാണ് കേരളത്തിന്റെ പുതിയ വികസനതന്ത്രം. പുനർവിതരണത്തിൽ ഊന്നിക്കൊണ്ടുള്ള വികസനനയങ്ങളിലൂടെ കേരളത്തിലെ ജനങ്ങൾക്ക് മറ്റ് പ്രദേശങ്ങളിൽ നിന്നും ഭിന്നമായ മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കി. കിടപ്പാടമെങ്കിലും എല്ലാവർക്കും ഉറപ്പാക്കിയ ഭൂപരിഷ്കരണം, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കൈവരിച്ച സാർവത്രികത, ഉയർന്ന കൂലി, സാമൂഹികക്ഷേമ സൗകര്യങ്ങൾ തുടങ്ങിയവയൊക്കെ മലയാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് കാരണമായി. ഇതിലൂടെയാണ് അഭ്യസ്തവിദ്യരും ഉയർന്ന പ്രതീക്ഷകളുള്ളവരുമായ പുതിയ തലമുറ സൃഷ്ടിക്കപ്പെട്ടത്. ഇവരുടെ പ്രതീക്ഷകൾക്കൊത്ത തൊഴിലവസരങ്ങൾ എങ്ങനെ ഒരുക്കാമെന്നതാണ് കേരളത്തിന്റെ മുന്നിലുള്ള പുതിയ വെല്ലുവിളി. കേരളസർക്കാർ ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ രണ്ട് മാർഗങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. ഒന്ന്, കേരളത്തിന്റെ പശ്ചാത്തല സൗകര്യ പിന്നാക്കാവസ്ഥ മറികടക്കുക. രണ്ട്, കേരളത്തെ ഒരു ജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി രൂപാന്തരപ്പെടുത്തുക. ഒന്നാമത്തെ മാർഗം യാഥാർഥമാക്കാൻ കിഫ്ബിയും മറ്റും വലിയ രീതിയിൽ മുന്നേറുന്നുണ്ട്. ജ്ഞാന സമ്പദ് വ്യവസ്ഥ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രവാസികൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് പിന്തുണ നൽകിയും നൈപുണിപരിശീലനത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന ഡാറ്റകൾ പരിശോധിച്ച് സമീപഭാവിയിലെ നൈപുണി ആവശ്യങ്ങൾ മാപ്പ് ചെയ്തും സംരംഭകത്വവികസനത്തിൽ പങ്കാളികളായും വയോജന സംരക്ഷണം ഉറപ്പുവരുത്താൻ കൈകോർത്തും ജ്ഞാനസമ്പദ് വ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തിന് ആക്കം കൂട്ടാനാവും.

ജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ കാതലായ ഉയർന്ന നിലവാരമുള്ള വിദ്യഭ്യാസവും ഇന്നവേഷന് അനുകൂലമായ സാഹചര്യവും കാര്യക്ഷമമായ വാർത്താവിനിമയ സാങ്കേതികസംവിധാനങ്ങളും സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തല സൗകര്യമൊരുക്കലും തുടങ്ങി സുസ്ഥിര വികസനപ്രവർത്തനങ്ങളിലൂന്നി കേരളം





മുന്നേറുന്നതിനുള്ള വഴിയൊരുക്കുമ്പോൾ, ഇവയ്ക്കെല്ലാം നേതൃത്വം നൽകുന്ന നിർണ്ണായക സ്ഥാനത്ത് പ്രവാസിസമൂഹവുമുണ്ടാവണം. ഇതിനായി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളുടെ വിവരശേഖരണം നടക്കുന്നുണ്ട്. ലോക കേരള സഭയ്ക്ക് ഈ പ്രവർത്തനം അർഥവത്തായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. മാത്രമല്ല, ഉന്നതവിദ്യാഭ്യാസത്തിന്റെ പരിമിതികളെ മറികടക്കാൻ അന്താരാഷ്ട്ര സർവകലാശാലകളും ഗവേഷണകേന്ദ്രങ്ങളുമായി നമുക്ക് നല്ല ബന്ധം സ്ഥാപിക്കേണ്ടതുണ്ട്. അവിടെ ജോലി ചെയ്യുന്നവരും അവിടങ്ങളുമായി ബന്ധപ്പെടുന്നവരുമായ പ്രവാസിമലയാളികൾക്ക് ഇക്കാര്യത്തിൽ ഇടപെടാനാവും.

ചൈനയിലെ സിലിക്കൺ വാലി എന്നറിയപ്പെടുന്ന ഷെൻസെൻ നഗരത്തെ അത്യാധുനിക സാങ്കേതികവിദ്യകളുടെ പ്രഭവകേന്ദ്രമാക്കി വികസിപ്പിച്ചെടുക്കുന്നതിൽ വിവിധ രാജ്യങ്ങളിലുള്ള ചൈനാപ്രവാസികൾ വഹിച്ച പങ്ക് പ്രശസ്തമാണ്. അതുപോലെ കേരളത്തിൽ ലഭ്യമാകുന്ന മാനവശേഷിക്കും ആഗോള വ്യവസായസംരംഭങ്ങൾക്കും ഇടയിൽ സുപ്രധാന കണ്ണികളാകാനും കേരളത്തിലേക്ക് കൂടുതൽ തൊഴിലവസരങ്ങൾ കൊണ്ടുവരാനും കേരളത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താനും ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് സാധിക്കും. ഇപ്പോൾ തൊഴിലന്വേഷകരായ മലയാളികൾക്ക് തൊഴിൽ ലഭ്യമാക്കാൻ രാജ്യത്തിനകത്തും പുറത്തുമുള്ള പ്രവാസി മലയാളി സമൂഹം സഹായിക്കാറുണ്ട്. അത്തരം സഹായങ്ങളെ ജ്ഞാനസമ്പദ് വ്യവസ്ഥയ്ക്കായുള്ള പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കാൻ കഴിയണം.

കേരളത്തിനകത്തേക്കും പുറത്തേക്കുമുള്ള അറിവിന്റെയും സാങ്കേതികജ്ഞാനത്തിന്റെയും നൈപുണ്യങ്ങളുടെയും അഭിരുചികളുടെയും സാധനങ്ങളുടെയും സേവനങ്ങളുടെയും മൂലധനത്തിന്റെയും ഒഴുക്കിന്റെ വാതായനവും മാധ്യമവുമായി പ്രവർത്തിക്കുന്ന പ്രവാസിസമൂഹത്തിന്റെ സഹായത്തോടെ കേരളത്തിൽ നിന്നുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും മൂലധനത്തിന്റെയും കയറ്റുമതിക്ക് അരങ്ങൊരുക്കുമ്പോഴാണ് ലോക കേരള സഭ സാർഥകമാവുന്നത്. കേരളത്തിൽനിന്നുള്ള സാധനങ്ങൾക്കും സേവനങ്ങൾക്കും വിദേശത്ത് ചലനാത്മകമായ വിപണി സൃഷ്ടിച്ചും വിദേശത്ത് നിന്നുള്ള നിക്ഷേപങ്ങൾക്കും സംരംഭങ്ങൾക്കും കേരളത്തിൽ അവസരം ഒരുക്കിയും പുതിയ തലമുറക്ക് അന്തർദേശീയ തൊഴിൽവിപണിയിലേക്ക് എത്തിപ്പെടാനുള്ള കൈത്താങ്ങായി മാറിയും ലോക കേരള സഭ പുതിയൊരു കേരളമാതൃക ശക്തിപ്പെടുത്തുകയാണ്. അവസരങ്ങളുടെ തുറസ്സായ ലോകത്തെ സർഗാത്മകമായി ഉപയോഗപ്പെടുത്താൻ വരുംകാലങ്ങളിൽ ലോക കേരള സഭയ്ക്ക് സാധിക്കും. പ്രവാസികളോടുള്ള ഉത്തരവാദിത്വം നിർവഹിച്ചും പ്രവാസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും പുതിയൊരു നവകേരളം നമുക്ക് യാഥാർഥ്യമാക്കാം. ലോക കേരള സഭയുടെ നാലാം സമ്മേളനം അതിനുള്ള ഊർജമാവും.





# ഈ കേരളമാതൃകയും മുന്നോട്ട്

ഏറെ ജനാധിപത്യവൽക്കരിക്കപ്പെട്ട സമൂഹമെന്ന് പുകൾകേട്ട കേരളത്തിലെ പ്രവാസമേഖലയ്ക്ക്, ഭരണപങ്കാളിത്തത്തിൽ അനുഭവപ്പെട്ടിരുന്ന ജനാധിപത്യക്കമ്മിക്കാണ് ലോക കേരള സഭയോടെ പരിഹാരമായത്



**പി. ശ്രീരാമകൃഷ്ണൻ**
റസിഡന്റ് വൈസ് ചെയർമാൻ, നോർക്ക റൂട്ട്സ്

സംസ്ഥാനത്തിന്റെ ഔപചാരിക അതിർത്തികൾക്കുള്ളിൽ ഒതുങ്ങാതെ കേരളം വിശ്വമാകെ പടർന്നുപന്തലിക്കുകയാണ്. കേരളപ്പിറവിക്കു ശേഷം, പ്രത്യേകിച്ച് എഴുപതുകൾ മുതൽ കുടിയേറ്റത്തെ തുടർന്നുണ്ടായ മലയാളികളുടെ ആഗോളവ്യാപനമാണ് കേരളത്തെ ലക്ഷണമൊത്ത ഒരു പ്രദേശാതീതസമൂഹമാക്കി മാറ്റിയത്. സംസ്ഥാനത്തിന്റെ അതിർത്തികൾക്കപ്പുറത്ത് ഇതരസംസ്ഥാനങ്ങളിലും, ഇതര രാജ്യങ്ങളിലുമായി ജീവിക്കുന്ന മലയാളികളുടെ സംഖ്യ വളരുകയും കേരളമിന്ന് സംസ്ഥാനത്തിനകത്തും ലോകത്താകെയും വ്യാപിച്ചുകിടക്കുകയുമാണ്. എന്നാൽ അകത്തും പുറത്തുമുള്ളവരെ ഒരുപോലെ ബാധിക്കുന്ന പൊതുസംസ്കാരത്തിന്റെ നിർമ്മിതിയെ നിർണ്ണയിക്കുന്നതിൽ പുറത്തുള്ള കേരളീയർക്ക് ഭാഗധേയമില്ലാത്ത സ്ഥിതിയാണുണ്ടായിരുന്നത്. സംസ്ഥാനത്തിന്റെ ഔപചാരിക അതിർത്തി വിട്ടുപോയി ജീവിതം വെട്ടിപ്പിടിച്ചതിനൊപ്പം നാടിന്റെ സമഗ്രവികസനത്തിന് നെടുംതൂണായവർക്ക് ഭരണത്തിൽ ഒരു പങ്കാളിത്തവും ഇല്ലാത്ത സ്ഥിതി. ഇത്തരമൊരു സാഹചര്യം മറികടക്കാനാണ് കേരളവും പ്രവാസികളും തമ്മിലുള്ള സാമൂഹിക-രാഷ്ട്രീയ അനുഭവങ്ങളുടെ ഏകീകരണം ലക്ഷ്യമിട്ടുള്ള പൊതു വേദിയായ ലോക കേരള സഭ, ഒന്നാം പിണറായി വിജയൻ സർക്കാർ രൂപീകരിച്ചത്.

ഏറെ ജനാധിപത്യവൽക്കരിക്കപ്പെട്ട സമൂഹമെന്ന് പുകൾകേട്ട കേരളത്തിലെ പ്രവാസമേഖലയ്ക്ക്, ഭരണപങ്കാളിത്തത്തിൽ അനുഭവപ്പെട്ടിരുന്ന ജനാധിപത്യക്കമ്മിക്കാണ് ലോക കേരള സഭയോടെ പരിഹാരമായത്.

ഭരണപങ്കാളിത്തമെന്ന് കേൾക്കുമ്പോൾതന്നെ വാളെടുക്കാൻ വരുന്നവരുടെ ശ്രദ്ധയ്ക്ക്, വോട്ടെടുപ്പ് ഇല്ലാതെ നിർണ്ണായകസമൂഹത്തിന്റെ പ്രതിനിധികളുടെ അഭിപ്രായംകൂടി പരിഗണിക്കുന്ന ജനാധിപത്യത്തിലെ, 'ഡെലിബറേറ്റഡ് ഡെമോക്രസി' എന്ന നിലയിലാണ് ലോക കേരള സഭയുടെ പ്രവർത്തനം. അതായത് മറ്റെല്ലാത്തിലുമെന്ന പോലെ, പ്രവാസിസമൂഹത്തെയും ഉൾക്കൊള്ളുന്നതിനായി പിണറായി വിജയൻ സർക്കാർ മുന്നോട്ടുവെച്ച മറ്റൊരു കേരള മാതൃകയാണ് ലോക കേരള സഭയെന്ന് നിസ്സംശയം പറയാം.

സമൂഹത്തിലെ എല്ലാ വിഭാഗക്കാരെയും പരിഗണിക്കുന്ന ജനാധിപത്യഭരണകൂടമായ ഈ സർക്കാരിന്റെ ജൈത്രയാത്രയ്ക്കിടെ ഉയർന്നുകേട്ട അടിസ്ഥാനരഹിതമായ ആരോപണങ്ങൾ എന്നും കൂടുതൽ ഊർജമായിട്ടേയുള്ളൂ. അത്തരത്തിൽ ലോക കേരള സംബന്ധിച്ച് ഉയർന്നുകേൾക്കുന്നതാണ് സഭാംഗങ്ങൾക്ക്

ഭരണഘടനാപദവി നൽകുന്നുവെന്നുള്ള വ്യാജപ്രചരണം. കഴിഞ്ഞ ദിവസം, സംസ്ഥാനത്തെ ഒരു പ്രമുഖ ന്യൂസ് ചാനൽ പ്രക്ഷേപണം ചെയ്ത അന്തിച്ചർച്ചകളിലൊന്നിൽ പങ്കെടുത്തുകൊണ്ട് സാമ്പത്തികവിദഗ്ധയായ ഒരു മാന്യവ്യക്തി ഇത് സംബന്ധിച്ച് പറയുന്നത് ശ്രദ്ധയിൽപ്പെട്ടു.

ലോക കേരള സഭ ഭരണഘടനാപരമാണോ എന്നും, ഒരു നിയമവിദഗ്ധനോട് ഇതേക്കുറിച്ച് അന്വേഷിച്ചപ്പോൾ മറുപടി കിട്ടിയത് 'അല്ല' എന്നായിരുന്നുവെന്നും ചർച്ചയ്ക്കിടെ അവർ പറയുകയുണ്ടായി. ലോക കേരള സഭ ഭരണഘടനാപരമായ സംവിധാനമാണെന്ന് ആരും എവിടെയും വാദം ഉന്നയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ അത്തരം അന്വേഷണത്തിന്റെ ആവശ്യം തന്നെ ഉണ്ടായിരുന്നില്ല എന്നിരിക്കെയാണ് തെറ്റിദ്ധാരണ പരത്തുന്നതിനായി മാത്രം ഇങ്ങനെ പരാമർശിച്ചതെന്ന് വ്യക്തമാണ്.

## ജനാധിപത്യമാതൃക എന്ന നിലയിൽ

ജനാധിപത്യം ലോകത്ത് പലതരത്തിൽ പ്രയോഗിക്കപ്പെടുന്നുണ്ട്. ഇന്ത്യയിൽ ഭരണഘടനാ ജനാധിപത്യം എന്നോണം, കൺസെൻഷ്വൽ ഡെമോക്രസി എന്നും ഡെലിബറേറ്റഡ് ഡെമോക്രസി എന്നും പറയാവുന്ന നിലയിലുള്ള ജനാധിപത്യവ്യവസ്ഥകളും ലോകത്ത് പലയിടങ്ങളിലും കാണാം. ഭരണഘടനാ ജനാധിപത്യം അംഗീകരിക്കപ്പെട്ട ഇന്ത്യയിൽ അതിന് പകരമായി കെട്ടിയിറക്കിയ സംവിധാനമല്ല ലോക കേരള സഭ. മറിച്ച് ജനാധിപത്യത്തിന്റെ വിഭിന്നരീതികൾ ജനനന്മയ്ക്കായി, മാതൃകാപരമായും നിരുപദ്രവകരമായും പ്രയോഗിക്കുന്ന കേരളമാതൃകയാണിതെന്ന് ഈ മുറവിളി കൂട്ടുന്നവർ മനസ്സിലാക്കണം. മാത്രവുമല്ല ഇന്ത്യൻ ഭരണഘടനയിൽ മാറ്റം വരുത്താതെ ലോക കേരള സഭയ്ക്കും നിയമസാധുത ഉണ്ടാകില്ലെന്നിരിക്കെ നിയമനിർമ്മാണത്തിന് ലോക കേരള സഭാംഗങ്ങൾക്ക് അധികാരമില്ലെന്നത് ആർക്കും മനസ്സിലാക്കാവുന്നതാണ്.

സ്വന്തം കുടുംബത്തിനൊപ്പം നാടിനും ഗുണമേകുന്ന തരത്തിൽ പ്രവാസം താണ്ടി, കേരളത്തിന്റെ വികസനത്തിൽ നിർണ്ണായകപങ്ക് വഹിച്ചവരിൽ ചിലർക്ക് സ്വന്തം നാട് ബഹുമാനാർഥം നൽകുന്ന പദവി മാത്രമാണ് ലോക കേരള സഭയിലെ അംഗത്വം. ഒപ്പം ലോകത്താകെയുള്ള പ്രവാസിമലയാളികളുടെ പ്രതിനിധികളായി അവരുടെ വികാരവിചാരങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനും ആശയങ്ങൾ പരിപോഷിപ്പിക്കാനുമെല്ലാം ഉദ്ദേശിച്ചുള്ള ഒരു സംവാദവേദിയാണ് ലോക കേരള സഭ കൊണ്ട് ഉദ്ദേശിക്കുന്നത്. ജനാധിപത്യത്തിലെ സംവാദ സാധ്യതകളോട് ഏറ്റവും അടുത്ത് നിൽക്കാനുള്ള ഉദാത്തമായ മുൻകൈ കൂടിയായും ലോക കേരള സഭയെ വിലയിരുത്താം. വിശാലകേരളത്തെ ബാധിക്കുന്ന ഒട്ടേറെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ സഭയ്ക്കു കഴിയുന്നുണ്ട്. യൂണിയൻ ലിസ്റ്റ്, സംസ്ഥാന ലിസ്റ്റ്, സംയുക്ത ലിസ്റ്റ് എന്നതുപോലെ ലോകകേരളസഭയ്ക്ക് പരിഗണിക്കാവുന്ന വിഷയങ്ങളുടെ പട്ടിക തയ്യാറാക്കിയാണ് നിർദേശങ്ങൾ പരിഗണിക്കുന്നത്. ഈ പട്ടികയിലെ വിഷയങ്ങളിൽ നിയമനിർമ്മാണം നടത്തണം എന്നല്ല ഇവിടെ ഉദ്ദേശ്യം. മറിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരിഗണിക്കേണ്ട വിഷയങ്ങളിൽ വിശദവും മൂർത്തവുമായ ഉപദേശ-നിർദേശങ്ങൾ സമർപ്പിക്കുവാൻ ലോകകേരളസഭയ്ക്ക് സാധ്യമാകും. അനിവാര്യമെന്ന് തോന്നുന്നവയിൽ സംസ്ഥാനനിയമസഭയ്ക്കും സർക്കാരിനും ആ നിർദേശങ്ങൾ പരിശോധിച്ച് നടപ്പിലാക്കാനാവും എന്നതാണ് ഈ വേദിയെ വേറിട്ട് നിർത്തുന്നത്. ഇത്തരത്തിൽ വിശാലകേരള സംസ്കാരത്തിന്റെ വളർച്ചയ്ക്ക് ദിശാബോധം നൽകുന്നതിനായി നമ്മുടെ സർക്കാർ കൈക്കൊണ്ട ഈ ഉദ്യമത്തിന്റെ വിശ്വാസ്യതയും ഉത്തരവാദിത്വവും തിരിച്ചറിഞ്ഞതിനാൽ തന്നെയാണ് പ്രവാസിസമൂഹവും ഭരണകൂടത്തിനോടൊപ്പം ഒരേമനസ്സായി തുടരുന്നത്. പുതുതായി പ്രവാസം വളർച്ച നേടിയ സംസ്ഥാനങ്ങളിലൊന്നും പ്രവാസത്തെ കൈകാര്യം ചെയ്യാൻ ഭരണസംവിധാനങ്ങൾ നിലവിലില്ലെന്നിരിക്കെയാണ് നമ്മുടെ സംസ്ഥാനം, ലോക കേരള സഭയിലൂടെ 'കേരള മാതൃക' മുന്നോട്ടുവെച്ചതെന്നും പ്രസക്തമാണ്.

## നാടിനും പ്രവാസികൾക്കും ഗുണകരം

'മാങ്ങയുള്ള മാവിലേക്കേ കല്ലേറ് ഉണ്ടാകൂ' എന്ന പഴഞ്ചൊല്ലാണ് ദോഷൈകദൃക്കുകളായി സഭയെ സമീപിക്കുന്നവരെക്കുറിച്ചോർക്കുമ്പോൾ മനസ്സിലേക്ക് എത്തുന്നത്. നവീനവും ദീർഘവീക്ഷണമുള്ളതുമായ ആശയത്തിലധിഷ്ഠിതമായ ലോക കേരള സഭ എന്ന സംവിധാനം തന്നെ ഇല്ലായിരുന്നെങ്കിൽ അഥവാ ഉണ്ടാക്കിയിരുന്നില്ലെങ്കിൽ ഈ വിമർശനക്കല്ലേറ് എന്ന വിഷയം ഉണ്ടാകുമായിരുന്നില്ല. കേരളത്തിന്റെ വളർച്ചയിലും നയരൂപവൽക്കരണത്തിലും പ്രവാസികളായ മലയാളികൾക്ക് എന്തെങ്കിലും സംഭാവന നൽകാനുണ്ടോ എന്ന അന്വേഷണമാണ് ഈ സഭയുടെ ആദ്യത്തെ ലക്ഷ്യം. ഒപ്പം പുതുതലമുറയ്ക്ക് സാംസ്കാരിക, ബൗദ്ധിക, നൈപുണ്യകൈമാറ്റം സാധ്യമാക്കുക എന്ന മഹത്തായ ലക്ഷ്യവും സഭ വിഭാവനം ചെയ്യുന്നു. ലോകത്തിന്റെ ഏത് കോണിലും മലയാളി ഉണ്ട്, ഒപ്പം മലയാളി എവിടെ ഉണ്ടോ അവിടെ കേരളവും ഉണ്ട് എന്നതാണ് സത്യം. ലോകത്ത് എവിടെ ആയിരുന്നാലും ഞങ്ങളും കേരളത്തോട് ചേർന്ന് നിൽക്കുന്നു എന്ന് അഭിമാനിക്കാൻ, നാടുമായുള്ള ബന്ധം കൂടുതൽ ദൃഢവും ഊഷ്മളവുമാക്കാൻ ഇപ്പോൾ പ്രവാസിമലയാളികൾക്ക് ലോക കേരള സഭയുണ്ട്. ഇത് തിരിച്ചറിയാതെ 'കുരുടന്മാർ ആനയെ കണ്ടത് പോലെ' ഓരോരുത്തരും തങ്ങളുടെ കാഴ്ചയ്ക്കനുസരിച്ച് കാര്യങ്ങളെ കണ്ട് ആക്ഷേപം ചൊരിയുന്നത് യുക്തിസഹമല്ല. എത്ര നിക്ഷേപം കൊണ്ടുവന്നു, എന്തെല്ലാം നിർദേശങ്ങൾ നടപ്പിലാക്കി, എന്തെല്ലാം തീരുമാനങ്ങൾ

> കേരളത്തിന്റെ വളർച്ചയിലും
> നയരൂപവൽക്കരണത്തിലും പ്രവാസികളായ
> മലയാളികൾക്ക് എന്തെങ്കിലും സംഭാവന
> നൽകാനുണ്ടോ എന്ന അന്വേഷണമാണ്
> ഈ സഭയുടെ ആദ്യത്തെ ലക്ഷ്യം





സർക്കാർ ഏറ്റെടുത്തു എന്ന് ഭൂതക്കണ്ണാടിവച്ച് പരിശോധന നടത്തി സ്ഥാപിക്കുന്നവർ ഈ മഹത്തായ സങ്കൽപ്പത്തിന്റെ അടുത്തെങ്ങും എത്താത്തവരാണ്. ഇത് പ്രശ്ന പരിഹാര അദാലത്താണോ, ഒരു നിക്ഷേപസംഗമമാണോ എന്നൊക്കെ ചോദിച്ചാൽ അല്ല എന്നാണ് ഉത്തരം. അതോടൊപ്പം അതെ എന്ന ഉത്തരം കൂടി ചേരും. പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളുണ്ടാകും, നിക്ഷേപം കൊണ്ടുവരാനുള്ള മാർഗങ്ങൾ വന്നേക്കാം. എന്നാൽ ആത്യന്തികമായ ലക്ഷ്യം ഇതൊന്നുമല്ല എന്നുതന്നെയാണ് മനസ്സിലാക്കേണ്ടത്. 'മലയാളികളുടെ ആഗോളകൂട്ടായ്മ ഒരുക്കുന്ന തണലിടങ്ങളിൽ ഒത്തുചേരാൻ അവസരം' എന്ന മുഖ്യലക്ഷ്യത്തിന്റെ കൂടെ ചേർന്നുപോകുന്നതെല്ലാം, നാടിനും പ്രവാസികൾക്കും ഗുണകരമായതെന്തും സഭയുടെ ഭാഗമായി നടക്കും. നമ്മുടെ സർക്കാർ നടത്തും...





# കേരളം വളരുന്നു ലോകത്തോളം

ലോക കേരള സഭ നാലാം പതിപ്പിലെത്തുമ്പോൾ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടേണ്ടത് നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങളാണ്



**ഡോ. വി. വേണു** ഐ.എ.എസ്
ചീഫ് സെക്രട്ടറി

പ്രവാസത്തിന്റെ സുദീർഘമായ ചരിത്രമുള്ള ജനതയാണ് കേരളീയർ. കേരളം ഇന്ന് ആർജിച്ച നേട്ടങ്ങളിൽ ഗണ്യമായ സംഭാവന പ്രവാസി സമൂഹം നൽകിയിട്ടുണ്ട്. പ്രവാസിസമൂഹത്തിന്റെ ക്ഷേമം ഉറപ്പാക്കുന്നതിൽ അടുത്തകാലത്തായി കേരളം നടത്തുന്ന പ്രവർത്തനങ്ങൾ തികച്ചും മാതൃകാപരമാണ്.

നമ്മുടെ നാടിന്റെ ഭാഗമായ പ്രവാസികളുടെ അവകാശങ്ങളും, ആവശ്യങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളുമെല്ലാം ഉന്നയിക്കാനുള്ള ഒരു തുറന്നവേദിയാണ് ലോക കേരള സഭയിലൂടെ കേരളം ഒരുക്കുന്നത്. ആഗോളതലത്തിൽ മലയാളികളെ ഒരുമിച്ച് കൊണ്ടുവരുന്നതിനും, അവർക്ക് പരസ്പരം അറിയാനും സ്നേഹം പുതുക്കാനുമുള്ള വേദിയുടെ നാലാം പതിപ്പ് ഒരുങ്ങുമ്പോൾ കേരളത്തിനുള്ള പ്രതീക്ഷയും ഏറെയാണ്. സ്വന്തം നാടിന്റെ വികസനത്തിൽ പ്രവാസികൾക്ക് ചുക്കാൻ പിടിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് കൂടിയാണ് ഈ വേദി സാക്ഷ്യം വഹിക്കുന്നത്. അകം കേരളവും പുറം കേരളവും ഒന്നിക്കുമ്പോൾ പുതിയൊരു കേരളത്തെ കെട്ടിപ്പടുക്കാനായി സംസ്ഥാനം വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് നവോന്മേഷമേകും.

ഏതു നാട്ടിൽ ചെന്നാലും ആ ജനവിഭാഗത്തിന്റെ ഭാഗമായി മാറാനുള്ള കഴിവ് തന്നെയാണ് മലയാളിയെ ആ നാട് സ്വീകരിക്കുന്നതിന് പിന്നിലെ പ്രധാന ഘടകം. മാറ്റിനിർത്താൻ കഴിയാത്ത തരത്തിലേക്ക് മലയാളിയുടെ തൊഴിൽ വിഭവശേഷി വളർന്നിട്ടുള്ളത് ലോകസമൂഹമാകെ അംഗീകരിക്കുന്ന ഒന്നാണ്. ലിംഗഭേദമില്ലാതെ മലയാളി നടത്തുന്ന മുന്നേറ്റങ്ങൾ നാടിന്റെ വളർച്ചയ്ക്കും സാമ്പത്തികമേഖലയ്ക്കും കൂടുതൽ കരുത്തേകുന്നുണ്ട്. തൊഴിലിനും, പഠനത്തിനുമായി വിദേശത്ത് പോകാനും തിരികെ മടങ്ങാൻ ആഗ്രഹിക്കുമ്പോൾ അവരെ സുരക്ഷിതമായി നാട്ടിലെത്തിക്കാനും മടങ്ങിവരുമ്പോൾ മെച്ചപ്പെട്ട ജീവിതം കെട്ടിപ്പടുക്കുന്നതിനും കേരളം ഒപ്പമുണ്ട്. ഒരു നാടിന് സ്വന്തം ജനതയോടുള്ള കരുതൽ കൂടിയാണിത്.

പ്രവാസി വ്യവസായികളുടെ സാമ്പത്തിക, വ്യാവസായിക നിക്ഷേപവും സാന്നിധ്യവും നമ്മുടെ നാടിന്റെ വികസനത്തിന് വേഗം കൂട്ടുന്നുണ്ട്. വിദേശികൾക്കിടയിൽ കേരളത്തെ പ്രതിനിധീകരിക്കുന്നതിലും ഇവിടുത്തെ ഉൽപാദന ക്ഷമതയെയും നാടിന്റെ സൗഹൃദാന്തരീക്ഷത്തെയും പുറംലോകത്തെ അറിയിക്കുന്നതിലും അവർ കാട്ടുന്ന ആവേശം അഭിനന്ദനാർഹമാണ്. ഐ ടി മേഖലയിലുണ്ടായ വളർച്ചയും നമ്മുടെ നാടിന്റെ സമ്പദ് വ്യവസ്ഥയെ ത്വരിതപ്പെടുത്തുന്നു. വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നാട്ടിലിരുന്നു വിദേശകമ്പനികൾക്ക് വേണ്ടി തൊഴിലെടുക്കുന്ന ഒരു കാലഘട്ടം കൂടിയാണിത്. സേവനമേഖലയിലെ നമ്മുടെ മികവാണ് ഇവിടെ തെളിയുന്നത്. ആരോഗ്യമേഖലയിലും ടൂറിസം മേഖലയിലും കേരളത്തെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിൽ പ്രവാസിമലയാളികളുടെ പങ്ക് ചെറുതായി കാണാനാകില്ല.

> **“മലയാളികൾ പ്രവാസത്തിലൂടെ സമ്പാദിക്കുന്ന പണം നമ്മുടെ നാടിന്റെ സുസ്ഥിര വികസനത്തിന് കൂടുതലായി ഉപയോഗപ്പെടുത്താനാകണം. മികച്ച വരുമാനവും പുതിയ ജീവിതവും തേടി അവർ പോകുമ്പോൾ അത് നമ്മുടെ നാടിന്റെ വളർച്ചയ്ക്കും ആക്കം കൂട്ടും”**

## പുതിയ സാധ്യതകൾ

മലയാളികൾ പ്രവാസത്തിലൂടെ സമ്പാദിക്കുന്ന പണം നമ്മുടെ നാടിന്റെ സുസ്ഥിര വികസനത്തിന് കൂടുതലായി ഉപയോഗപ്പെടുത്താനാകണം. മികച്ച വരുമാനവും പുതിയ ജീവിതവും തേടി അവർ പോകുമ്പോൾ അത് നമ്മുടെ നാടിന്റെ വളർച്ചയ്ക്കും ആക്കം കൂട്ടും.

ഐ ടി പ്രൊഫഷണലുകൾ, നഴ്സുമാർ, ആരോഗ്യപ്രവർത്തകർ, തുടങ്ങിയ മേഖലകളിൽ യൂറോപ്പിലെ തൊഴിൽസാധ്യതകൾ യുവാക്കൾ പ്രയോജനപ്പെടുത്തി തുടങ്ങിയിരിക്കുന്നു. ഒരുകാലത്ത് ഗൾഫ് മേഖലയിലേക്കുള്ള കുടിയേറ്റമാണ് പ്രവാസ ജീവിതത്തിന് ആകർഷകത്വം നൽകിയിരുന്നതെങ്കിൽ ഇന്ന് യൂറോപ്യൻ രാജ്യങ്ങളെയും വർധിച്ച തോതിൽ മലയാളി തേടിപ്പോകുന്നു.

പ്രവാസം ഉപേക്ഷിച്ചെത്തുന്നവർ നാട്ടിൽ ആരംഭിക്കുന്ന പുതിയ സംരംഭങ്ങളും വ്യവസായങ്ങളുമെല്ലാം കേരളത്തിന്റെ നിക്ഷേപമേഖലയ്ക്ക് പുത്തൻ ഉണർവ് പകരുന്നവയാണ്. തിരികെയെത്തുന്ന പ്രവാസികൾ വിദേശരാജ്യങ്ങളിൽ നിന്നും വ്യത്യസ്തങ്ങളായ മേഖലകളിൽ നൈപുണ്യം നേടിയവരാണ്. അത് സംസ്ഥാനത്തിനായി കൂടുതൽ പ്രയോജനപ്പെടുത്താനാകണം. കേരളം വ്യവസായ സൗഹൃദമല്ലെന്ന വിമർശനത്തിന് ശരിയായ മറുപടി നൽകാനും ഇത് സഹായിക്കും. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ വലിയ മുൻഗണനയാണ് നൽകുന്നത്. പുതിയ തലമുറ സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ പ്രത്യേക സ്റ്റാർട്ടപ്പ് നയവും നടപ്പിലാക്കിവരുന്നു.

എന്നും പ്രവാസികളെ ചേർത്ത് പിടിക്കാനാണ് കേരള സർക്കാർ ശ്രമിക്കുന്നത്. ആദ്യമായി പ്രവാസികാര്യത്തിന് ഒരു വകുപ്പ് ആരംഭിച്ചതും കേരളമാണ്. നോർക്ക റൂട്ട്സിലൂടെ പ്രവാസി മലയാളികൾക്ക് സർട്ടിഫിക്കറ്റ് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായം നൽകുന്നതിനും തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനുമെല്ലാം സർക്കാർ മുന്നിൽ തന്നെയുണ്ട്. പ്രവാസി വിഷയങ്ങളിൽ നിരന്തരം വിശകലനം നടത്തി പ്രവാസികൾക്ക് വേണ്ടി ക്ഷേമപദ്ധതികളും മറ്റു പുനരധിവാസ പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നുണ്ട്.

ലോക കേരള സഭ നാലാം പതിപ്പിലെത്തുമ്പോൾ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടേണ്ടത് നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങളാണ്. മാതൃകയാവാനും കുതിച്ചുയരാനും ചേർത്തുപിടിക്കാനുമെല്ലാം കഴിവുള്ള ഒരു നാടാണിത്. എല്ലാ അർഥത്തിലും കേരളം വളരുക തന്നെയാണ്.









# പ്രവാസലോകത്തിലെ ഇരുട്ടും വെളിച്ചവും

മലയാളി പ്രവാസലോകം പ്രപഞ്ചം പോലെ അതിരുകളില്ലാത്ത ഒന്നാണ്..



എം. മുകുന്ദൻ

നമ്മൾ മലയാളികൾ സഞ്ചാരപ്രിയരാണ്. വിമാനങ്ങൾ കണ്ടുപിടിക്കുന്നതിനു മുമ്പുതന്നെ നമ്മൾ യാത്രകൾ തുടങ്ങിയിരുന്നു. ആദ്യകാല യാത്രകൾ കപ്പലുകളിലായിരുന്നു. എസ്.കെ. പൊറ്റെക്കാടിന്റെ ചേതോഹരമായ സഞ്ചാരസാഹിത്യ കൃതികളിൽ അതിന്റെ തെളിമയാർന്ന ദൃശ്യങ്ങൾ കാണാം. അക്കാലത്ത് മലയാളികൾ കൂടുതലായി പോയിരുന്നത് ബർമ്മയിലും സിങ്കപ്പൂരിലും സിലോണിലുമായിരുന്നു. ഇപ്പോൾ ബർമ്മ മ്യാൻമാറും സിലോൺ ശ്രീലങ്കയുമായി അറിയപ്പെടുന്നു. കോളണിയനന്തര കാലത്ത് ഭൂപടം തിരുത്തിയെഴുതപ്പെട്ടപ്പോൾ അതിലൂടെയും മലയാളികൾ ദേശാടനങ്ങൾ തുടർന്നു. ജീവനോപാധികൾ തേടിയായിരുന്നു അന്നത്തെ നമ്മുടെ യാത്രകൾ. ഇന്നും അങ്ങനെ തന്നെ എന്ന് പറയാം. എന്നാൽ പുതിയ കാലത്ത് ഉപരിപഠനത്തിനായും വലിയൊരു വിദ്യാർഥി സമൂഹം വിദേശ രാജ്യങ്ങളിലേക്ക് സഞ്ചരിക്കുന്നുണ്ട്. അവരിൽ വലിയൊരു ഭാഗം ജന്മനാട്ടിലേക്ക് തിരിച്ചു വരുന്നില്ല. അവരാണ് നമ്മുടെ പുതിയകാല പ്രവാസികൾ.

ദശലക്ഷം മലയാളികൾ പ്രവാസ ജീവിതം നയിക്കുന്നു. അവരിൽ വലിയൊരു ഭാഗം ഗൾഫ് നാടുകളിലും ഓസ്ട്രേലിയയും കാനഡയും അമേരിക്കയും പോലുള്ള സമ്പന്നരാജ്യങ്ങളിലും തൊഴിൽ ചെയ്ത് ജീവിക്കുന്നു. ജിബൂട്ടി പോലുള്ള ആഫ്രിക്കയിലെ ദരിദ്രരാജ്യങ്ങളിൽ പോലും അവരെ കാണാം. മലയാളി പ്രവാസലോകം പ്രപഞ്ചം പോലെ അതിരുകളില്ലാത്ത ഒന്നാണ്.

എന്റെ ഓർമ്മയിലെ പ്രവാസപ്രവാഹം തുടങ്ങുന്നത് അൻപതുകളിലും അറുപതുകളിലുമാണ്. അൻപതുകളിൽ മയ്യഴിക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഒട്ടേറെ മയ്യഴിക്കാർ ഫ്രഞ്ചുകാരുടെ കൂടെ ഫ്രാൻസിലേക്കു കപ്പൽ കയറിപ്പോയി. ചിലർ അവിടെ നിന്ന് ആഫ്രിക്കയിലെയും മറ്റു ഫ്രഞ്ച് കോളണികളിലേക്കും കുടിയേറിപ്പാർത്തു. അവർ ഫ്രഞ്ചു

പൗരരാണെങ്കിലും പ്രവാസികളായിരുന്നു. കാരണം ഫ്രാൻസ് നൽകിയ ഭൗതികമായ സുഖസൗകര്യങ്ങൾ അനുഭവിക്കുമ്പോഴും അവർ ജന്മനാട്ടിനെക്കുറിച്ചുള്ള തീവ്രമായ ഗൃഹാതുരത്വത്തിൽ നിന്ന് മോചിതരായിരുന്നില്ല. നമ്മൾ ലോകത്തിന്റെ ഏത് വിദൂരഭൂമികകളിൽ പോയി ജീവിച്ചാലും നമ്മുടെ ഉള്ളിൽ മലയാളമണ്ണിന്റെ ഈർപ്പമുള്ള മണമുണ്ടാകും. അമേരിക്കയിൽ തൊഴിൽ ചെയ്ത് ജീവിക്കുന്ന അതിസമ്പന്നരായ മലയാളി ഡോക്ടർമാരും ശാസ്ത്രജ്ഞരും ഐടി പ്രൊഫഷനലുകളുമുണ്ട്. അവരിൽ ചിലർക്ക് സ്വന്തമായി ചെറുവിമാനങ്ങൾ പോലുമുണ്ട്. ഓണക്കാലത്തെ സമൂഹസദ്യക്കുവേണ്ടി അവർ മുണ്ടുടുത്ത്, തലയിൽ വട്ടത്തിൽ തോർത്ത് ചുറ്റി, അവിയലും തോരനും പ്രഥമനും പാകം ചെയ്യുന്ന കാഴ്ച കണ്ട് ഞാൻ അദ്ഭുതപ്പെട്ടിരുന്നു. അവരുടെ ഉള്ളിലുമുണ്ട് ഓണപ്പൂക്കളുടെ നിറങ്ങളും സൗരഭ്യവും ഓണപ്പൊട്ടന്മാരുടെ കാൽച്ചിലമ്പൊച്ചകളും.

> ലോകമെമ്പാടും ചിതറിക്കിടക്കുന്ന മലയാളികളുടെ ജീവിതാനുഭവങ്ങളുടെ ഒരു സമഗ്രമായ ദൃശ്യം അതു നമുക്ക് പ്രദാനം ചെയ്തു. ചരിത്രത്തിൽ ആദ്യമായി വിവിധ രാജ്യങ്ങളിൽ നിന്നുവന്ന നിരവധി പ്രവാസി പതിനിധികൾ തമ്മിൽ ആശയസംവാദങ്ങൾ നടത്തി

## യുദ്ധങ്ങൾ: സങ്കീർണ്ണതയും അസ്ഥിരതയും

അറുപതുകളിൽ മലയാളി നഴ്സുമാരുടെ കൂട്ടസഞ്ചാരങ്ങളായിരുന്നു. അവരിൽ വലിയൊരു ഭാഗം സഞ്ചരിച്ചത് അമേരിക്കയിലേക്കായിരുന്നു. അതിലേറെപ്പേർ ഗൾഫ് രാജ്യങ്ങളിലേക്ക് പോയി. ഇറാഖിലും ഇറാനിലുമെല്ലാം അവർ ആതുരശുശ്രൂഷക്കായി പോയി. കഠിനമായ ജിവിത സാഹചര്യങ്ങളിലൂടെയാണ് അവർ കടന്നു പോയത്. ഇറാഖിലെയും കുവൈത്തിലെയും യുദ്ധങ്ങളിൽ പലർക്കും ജീവനും സമ്പത്തും നഷ്ടപ്പെട്ടു. അഭയാർഥികളായി അവർക്ക് പലായനം ചെയ്യേണ്ടി വന്നു. ഇന്ന് ഇസ്രയേലും പലസ്തിനും തമ്മിലുള്ള യുദ്ധം നടന്നു കൊണ്ടിരിക്കയാണ്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം കണ്ട ഏറ്റവും വലിയ നാശനഷ്ടങ്ങളാണ് പലസ്തിനിൽ ഉണ്ടായത്. പതിനായിരക്കണക്കിന് പേർക്ക് ജീവൻ നഷ്ടമായി. നഗരങ്ങൾ മുഴുവൻ ഇടിഞ്ഞ് തകർന്ന് ശ്മശാനങ്ങളായി മാറി. അവരുടെ ഇടയിൽ നമ്മുടെ സ്വന്തം പ്രവാസികളുമുണ്ട്.

ശാസ്ത്രസാങ്കേതികരംഗത്തുണ്ടാകുന്ന വൻകുതിപ്പുകളുടെ പശ്ചാത്തലത്തിൽ നവദേശീയതയുടെയും സാമ്രാജ്യത്വമോഹത്തിന്റെയും ഫലമായി രാജ്യങ്ങൾ തമ്മിലുള്ള ഉരസലുകൾ വർധിച്ചുവരികയാണ്. ഉപഭോഗസംസ്കാരം കനപ്പെട്ടു വരുന്നു. നമ്മൾ ജീവിച്ചുപരിചയിച്ച മൂല്യാധിഷ്ഠിതമായ ലോകം ദുർബലപ്പെട്ടു. ഇതിന്റെയൊക്കെ ഫലമായി പ്രവാസിമലയാളികളുടെ ജീവിതം സങ്കീർണ്ണവും അസ്ഥിരവുമായി മാറിക്കൊണ്ടിരിക്കുകയാണ്.

ഈ പരിസരത്തിലാണ് ലോക കേരള സഭ രൂപം കൊണ്ടത്. ലോകമെമ്പാടും ചിതറിക്കിടക്കുന്ന മലയാളികളുടെ ജീവിതാനുഭവങ്ങളുടെ ഒരു സമഗ്രമായ ദൃശ്യം അതു നമുക്ക് പ്രദാനം ചെയ്തു. ചരിത്രത്തിൽ ആദ്യമായി വിവിധ രാജ്യങ്ങളിൽ നിന്നുവന്ന നിരവധി പ്രവാസി പ്രതിനിധികൾ തമ്മിൽ ആശയസംവാദങ്ങൾ നടത്തി. ഓരോ രാജ്യത്തെയും പ്രവാസികളുടെ പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ലോകമെമ്പാടും ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗത്തിൽ വരികയാണ്. ഇത് എണ്ണയുടെ ആവശ്യം വലിയ തോതിൽ കുറയ്ക്കുകയും ഗൾഫ് നാടുകളുടെ സമ്പദ്ഘടനയെ ആഴത്തിൽ ഉലയ്ക്കുകയും ചെയ്യും. അങ്ങനെ സംഭവിച്ചാൽ അത് ആ രാജ്യങ്ങളിലെ മലയാളി പ്രവാസികളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കും.

## മലയാളി എന്ന വികാരം

ജൂൺ ആദ്യവാരം തിരുവനന്തപുരത്ത് നടക്കുന്ന നാലാം ലോക കേരള സഭ യോഗം മലയാളി പ്രവാസികളുടെ ഭാവിജീവിതം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെക്കുറിച്ച് എല്ലാവർക്കും ഒന്നിച്ചിരുന്ന് ആലോചിക്കുവാനുള്ള ഒരു വേദിയാണ്. അവിടെ സക്രിയമായ ചർച്ചകൾ നടക്കട്ടെ. യഥാർഥത്തിൽ ലോക കേരള സഭ മലയാളി പ്രവാസികളുടെ ഒരു പുതിയ രാജ്യമാണ്. ജന്മനാടിനു പുറത്ത് ജിവിക്കുന്ന എല്ലാ മലയാളികളും അവിടെ പൗരന്മാരാണ്. മലയാളി എന്ന വികാരമാണ് അവരെ നയിക്കുന്നത്. അത് ജാതി മത രാഷ്ട്രീയ ചിന്തകൾക്കപ്പുറമാണ്. അവിടെ പ്രവാസികൾ ഒറ്റപ്പെട്ടവരോ അനാഥരോ ആയിരിക്കില്ല. കാരണം അവരുടെ കാര്യത്തിൽ ജാഗ്രതയും കരുതലും സൂക്ഷിക്കുന്ന ഒരു സർക്കാർ ഇവിടെയുണ്ട്.

നമുക്ക് പ്രവാസം തൊഴിലവസരങ്ങളുടെയും അതിജീവനത്തിന്റെയും കഥ മാത്രമല്ല. പ്രവാസാനുഭവങ്ങൾ മലയാളികളുടെ സർഗാത്മകതയെ പൊലിപ്പിക്കുന്നു. നമ്മുടെ സമ്പന്നമായ സാംസ്കാരിക ജീവിതം പ്രവാസികളുടെ കൂടി സൃഷ്ടിയാണ്. അവർ അതിന്റെ ഭാഗമാണ്. അങ്ങകലെ കടലിന്റെ അതിരിൽ ഇരുളും വെളിച്ചവും മാറിവരുന്നത് കാണുമ്പോൾ, ആ ചക്രവാളത്തിനപ്പുറം എണ്ണമറ്റ പ്രവാസികൾ ജീവിക്കുന്നുണ്ട് എന്ന് ഞാൻ ഓർക്കും. അതെന്നെ ത്രസിപ്പിക്കുന്നു.







# മൂന്നാമിടം
# പ്രവാസവും സാഹിത്യവും

**മലയാളസാഹിത്യത്തിന്റെ അനുഭവലോകം വിശാലമാക്കുന്നതിലും സാഹിത്യത്തെ ആധുനികമാക്കുന്നതിലും അതിനു ദേശീയവും അന്തർദേശീയവുമായ മാനങ്ങൾ നൽകുന്നതിലും പ്രവാസികളായ എഴുത്തുകാരും വിവർത്തകരും സാഹിത്യപത്രപ്രവർത്തകരും ഭാഷാപ്രചാരകരും വഹിച്ച പങ്കു വിസ്മരിച്ച് നമ്മുടെ ഭാഷയെയും സാഹിത്യത്തെയും കുറിച്ച് സംസാരിക്കുക സാധ്യമല്ല**







സച്ചിദാനന്ദൻ

*" ഞാൻ എന്റെ വിരുന്നുമുറി*
*പുന:സജ്ജീകരിക്കയാണ്,*
*ഓരോ വസ്തുവിനോടും എവിടെ ആയിരിക്കാനാണ്*
*ഇഷ്ടമെന്ന് ചോദിച്ചുകൊണ്ട്.*
*സോഫയ്ക്കും വിളക്കിനും ഞാൻ പുതിയ ഇടം കണ്ടെത്തുന്നു.*
*കർട്ടനുകൾ മാറ്റുന്നു*
*പഴയ കംബളം മാറ്റി പുതിയ ഒന്നു വിരിക്കുന്നു*
*എല്ലാം ശരിയായി കഴിയുമ്പോൾ*
*ഞാൻ അത്ഭുതം കൂറാൻ തുടങ്ങുന്നു:*
*ഇവയ്ക്കിടയിൽ എന്റെ സ്ഥാനം എവിടെയാണ്?"*

**(പന്നാ നായക്, The Living Room )**

ഇംഗ്ലണ്ടിൽ ജീവിക്കുന്ന ഈ ഗുജറാത്തിക്കവിയുടെ വിസ്മയം എല്ലാ പ്രവാസി എഴുത്തുകാരുടെയുമാണ്. പ്രവാസികൾ ജീവിക്കുന്നത് പുറപ്പെട്ടിടത്തോ എത്തിച്ചേർന്നിടത്തോ അല്ലാത്ത ഒരു 'മൂന്നാം ഇട'ത്തിലാണെന്നു ( third space) പ്രവാസസാഹിത്യത്തെക്കുറിച്ചു ഏറെ ചിന്തിച്ചിട്ടുള്ള വിമർശകൻ ഹോമി ഭാഭ പറയുന്നുണ്ട്. എന്നാൽ ഇത് സർഗാത്മകതയുടെ ഇടം കൂടി ആണ്. ഉദ്വിഗ്നമായ പ്രചോദനത്തിന്റെയും സ്വത്വബഹുത്വത്തിന്റെയും സർഗാത്മകസ്മൃതികളുടെയും നവീന പരിപ്രേക്ഷ്യങ്ങളുടെയും ഉറവിടമാണ് ഈ സ്ഥാനഭ്രംശം.

തീർച്ചയായും ഇരുപതാം നൂറ്റാണ്ടിലെ ആദ്യപകുതി വരെയുള്ള അതേ അനുഭവമാണ് ഇപ്പോൾ അതെന്നു പറയാനാവില്ല. പലയിടത്തും ഒരേ ഇടത്തു നിന്നുവന്ന, ഒരേ ഭാഷ സംസാരിക്കുന്ന വലിയ ജനവിഭാഗങ്ങൾ ഉണ്ട്- ഗൾഫ് നാടുകളിലെ മലയാളികൾ ഉദാഹരണം. പുതിയ സാങ്കേതികസംവേദന മാധ്യമങ്ങളും സാമൂഹിക്യമാധ്യമങ്ങളും വലിയ ഒരളവോളം നാടുമായുള്ള അകലം കുറച്ചിട്ടുണ്ട്. കാർ റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾ, ക്ഷിപ്രസാദ്ധ്യമായ ഇ-മെയിൽ സംവേദനങ്ങൾ, ഒരു മൊബൈൽ കാൾ അഥവാ ഒരു വീഡിയോകാൾ, ഒരു ഫേസ്ബുക്ക് പോസ്റ്റ്, കുടുംബ ഗ്രൂപ്പിലോ പ്രാദേശിക ഗ്രൂപ്പിലോ കൂടിയുള്ള വാട്ട്സപ്പ് സംവേദനങ്ങൾ, ചെന്നെത്തിയ നാട്ടിൽ ഉള്ള പലതരം കൂട്ടായ്മകൾ: ഇതെല്ലാം പ്രവാസാനുഭവത്തിന്റെ തീവ്രത കുറച്ചിട്ടുണ്ട്. പണ്ട് സിലോണിലോ സിങ്കപ്പൂരിലോ യൂറോപ്പിലോ, എന്തിനു ഇന്ത്യയ്ക്കകത്തു തന്നെ മറ്റു സംസ്ഥാനങ്ങളിലോ പോയവർ അനുഭവിച്ചത്ര ഏകാന്തത ഇന്നത്തെ പ്രവാസികൾ അനുഭവിക്കുന്നുണ്ട് എന്നു പറഞ്ഞു കൂടാ, ഇതിനെ 'പ്രതീതപ്രാദേശികത' (virtual regionality) എന്ന് പറയാം. പക്ഷെ പുതിയ നാട്, പുതിയ ഭാഷ, പുതിയ സംസ്കാരം, പുതിയ അനുഭവം , പലപ്പോഴും വീട്ടുകാരിൽ നിന്ന് വിട്ടു നിൽക്കുന്നതിന്റെ വിരഹം- ഇതെല്ലാം ഇന്നും പ്രവാസാനുഭവത്തിന്റെ ഭാഗം തന്നെ.

ഇതോടൊപ്പം തന്നെ, 'പ്രവാസി' എന്ന പൊതുസംജ്ഞ ഒരു വൈവിധ്യത്തെ മറച്ചു വെയ്ക്കുന്നുമുണ്ട്. 'ആടുജീവിത'ത്തിലെ നായകൻ പ്രതിനിധാനം ചെയ്യുന്ന അത്രയ്ക്കില്ലെങ്കിലും ഇന്നും ആസ്ബെസ്റ്റോസ് ടെന്റുകളിൽ ഉറങ്ങുകയും പകൽ കൊടുംചൂടിൽ സമയക്രമം പോലുമില്ലാതെ കഠിനമായി അധ്വാനിക്കുകയും ചെയ്യുന്നവർ ഗൾഫിൽ ഉണ്ട്. ഒപ്പം വലിയ ശമ്പളം പറ്റി എയർകണ്ടീഷൻ ചെയ്ത കെട്ടിടങ്ങളിൽ താമസിക്കുന്ന, എപ്പോൾ വേണമെങ്കിലും നാട്ടിലേയ്ക്ക് പറക്കാവുന്നവർ വരെയുള്ള പ്രവാസികളും ഉണ്ട്. വർഗം, ലിംഗം, മതം, സാമൂഹികപദവി, അധികാരം, സ്വാധീനം ഇങ്ങിനെ പലതും അവരെ പല തട്ടുകളിൽ ആക്കുന്നുണ്ട്. അതുകൊണ്ട് സ്വന്തം അനുഭവം പോലും 'സാഹിത്യ'മാക്കുവാൻ പാവപ്പെട്ട പ്രവാസികൾക്ക് സ്വയം കഴിഞ്ഞു എന്ന് വരില്ല, പലപ്പോഴും അതിനുള്ള സമയവും സർഗാത്മകതയും ഉള്ളവരിലൂടെയാണ് നാം അത്തരക്കാരുടെ- നജീബ്മാരുടെ- ജീവിതങ്ങൾ അറിയുന്നത്. 'ആടുജീവിതം' പോലെ ഒരു നോവൽ, അഥവാ സിനിമ , ചെയ്യുന്നത് പ്രധാനമായും 'ഗൾഫുകാരൻ' എന്ന സ്റ്റീരിയോ ടൈപ്പിനെ ചോദ്യം ചെയ്യുകയാണ്.

## മൂന്നാം ഇടത്തിലെ പ്രവാസി

പ്രാദേശികസംസ്കൃതിയുടെ സൃഷ്ടിയായ ശരീരം ( ഭാഷ, ചലനം), മറ്റൊരു സംസ്കൃതിയിലൂടെ ചലിക്കുന്ന അനുഭവമാണ് മൂന്നാം ഇടത്തിന്റെ അനുഭവം. തൊട്ടടുത്ത് നിൽക്കുന്ന ഒരാൾ അറബിയോ ചൈനീസോ അമേരിക്കൻ-ഇംഗ്ലീഷോ ജർമ്മനോ ഫ്രഞ്ചോ ഡച്ചോ, എന്തിനു, ഹിന്ദിയോ ബംഗാളിയോ, സംസാരിക്കുമ്പോൾ താൻ മറ്റെവിടെയോ ആണെന്ന് പ്രവാസിമലയാളിക്ക് പെട്ടെന്ന് ബോധോദയം ഉണ്ടാകുന്നു. അത് ഒരു ഞെട്ടൽ ആകാം, തിരിച്ചറിവും ആകാം. ഈ സങ്കരാനുഭവം പല തരം പ്രതികരണങ്ങൾ എഴുത്തുകാരിൽ ഉണ്ടാക്കാം.

ഒന്ന് ഗൃഹാതുരത്വമാണ്. അത് താൻ ചെന്നുപെട്ട സ്ഥലത്തെ

ഭാഷയോടും സംസ്കൃതിയോടുമുള്ള പരിഹാസമായി മാറിയെന്നും വരാം. ചിലപ്പോൾ അത് രണ്ടു ഭാഷകളും സംസ്കാരങ്ങളും തമ്മിലുള്ള സംവാദത്തിലേക്ക് നയിക്കാം, അത് ഭാഷയിൽ പ്രതിഫലിച്ചെന്നും വരാം. നമ്മുടെ 'പട്ടാളക്കഥകൾ' നോക്കുക, അവയിൽ ഹിന്ദി ഉൾപ്പെടെ പല ഭാഷകളിലെയും വാക്കുകളും വാക്യങ്ങളും കാണാം. ( നന്തനാർ , ഏകലവ്യൻ, പാറപ്പുറത്ത്, കോവിലൻ) അഥവാ ഗൾഫിൽ ജീവിക്കുന്ന ചില മലയാള കവികൾ ധാരാളമായി അറബി വാക്കുകൾ ഉപയോഗിക്കുന്നത് കാണുക. എം ഗോവിന്ദന്റെയും ആറ്റൂരിന്റെയും കവിതകളിൽ കാണുന്ന തമിഴിനോട് അടുത്ത് നിൽക്കുന്ന , സംസ്കൃതപ്രഭാവം കുറഞ്ഞ, കവിതകൾക്ക് കാരണവും അവർ വളരെ കാലം മദിരാശിയിൽ കഴിഞ്ഞതാകാം. മാധവൻ അയ്യപ്പത്തിന്റെ കവിതകളുടെ 'പ്രദേശമില്ലായ്മ'യും അങ്ങിനെ വന്നതാകാം.

സൈബർലോകത്തിന്റെ വരവോടെ പേരെടുത്തു പറയാൻ ആകാത്തത്ര മലയാളികൾ മലയാളത്തിൽ, ചിലപ്പോൾ ഇംഗ്ലീഷിലും തങ്ങളുടെ സർഗാത്മകശ്രമങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. അത്തരം എഴുത്തുകാരുടെ, വിശേഷിച്ചും കവികളുടെ , ഒരുപാട് കൂട്ടായ്മകളും നിലവിൽ വന്നിട്ടുണ്ട്

എം. മുകുന്ദൻ ഡൽഹിയിൽ പോയില്ലായിരുന്നെങ്കിൽ ഡൽഹി, ഹരിദ്വാറിൽ മണി മുഴങ്ങുന്നു, ഡൽഹി ഗാഥകൾ, നൃത്തം തുടങ്ങിയ നോവലുകൾ മാത്രമല്ല, മയ്യഴിപ്പുഴയുടെ തീരങ്ങളും ദൈവത്തിന്റെ വികൃതികളും പുലയപ്പാട്ടും കുട നന്നാക്കുന്ന ചോയിയും പോലെ പ്രാദേശികചരിത്രമോ ജീവിതമോ നിറഞ്ഞു നിൽക്കുന്ന നോവലുകൾ ഒരു പക്ഷെ എഴുതുമായിരുന്നില്ല. തന്റെ നാടിനെ അകന്നു നിന്നു കാണാൻ ഡൽഹി ആ നോവലിസ്റ്റിനു അവസരമൊരുക്കി.

തന്റെ തസറാക്കിനെ മിത്തിക്കൽ മാനങ്ങളുള്ള ഖസാക്ക് ആക്കി മാറ്റാൻ വിജയനെ പ്രേരിപ്പിച്ചതും ഈ അകലം ആയിരിക്കണം. അധികാരകേന്ദ്രമായ ഡൽഹി തന്നെയാണ് വി. കെ. എന്നെ പിതാമഹൻ, സർ ചാത്തു തുടങ്ങിയ കൃതികൾ രചിക്കാനും വിജയനെ ധർമ്മപുരാണം പോലെ രൂക്ഷമായ ഒരു അധികാരവിമർശനം എഴുതാനും പ്രാപ്തരാക്കിയത്. ആനന്ദിന്റെ ആൾക്കൂട്ടം ബോംബെയുടെ കൂടി സൃഷ്ടിയാണ്. കൃത്യമായി ദേശമില്ലാത്ത ആനന്ദിന്റെ നോവലുകളും കഥകളും - ഗോവർധന്റെ യാത്രകൾ പോലെ - മൂന്നാമിടത്തിന്റെ സൃഷ്ടി തന്നെ. വിജയന്റെ തലമുറകൾ എന്ന നോവലിന് ദേശീയവും അന്തർദേശീയവുമായ പശ്ചാത്തലം ആണുള്ളത്. മലയാള ആഖ്യാനസാഹിത്യത്തിലെ ആധുനികത പിറന്നത് തന്നെ കേരളത്തിന് പുറത്തു താമസിക്കുകയും വലിയ നഗരങ്ങളുടെ തിരക്കും ആ തിരക്കിലെ ഏകാകിതയും അനുഭവിച്ചവരിൽ നിന്നാണെന്നു കാണാം- വിജയൻ, മുകുന്ദൻ, സക്കറിയ, എം പി നാരായണപിള്ള, കാക്കനാടൻ, മാധവിക്കുട്ടി, മാനസി, സേതു പുനത്തിൽ കുഞ്ഞബ്ദുള്ള തുടങ്ങി ആ പ്രവണതയ്ക്ക് ജന്മം നൽകിയവരെല്ലാം പുറത്തെ വൻനഗരങ്ങളിൽ ജീവിച്ചവരാണ്.

കവിതയെക്കുറിച്ച് ഇത് മുഴുവനും ശരിയല്ല, എങ്കിലും ചെറിയാൻ കെ ചെറിയാൻ, കെ സി ജയൻ, സർജു, കമറുദീൻ ആമയം, അസ്മോ പുത്തൻചിറ, പി ബി ഋഷികേശൻ, കൃഷ്ണൻ പറപ്പിള്ളി, പാപ്പനംകോട് പ്രഭാകരൻ, തിലകൻ, സഹീറാ തങ്ങൾ, അനൂപ്കുമാർ, ഡോണ മയൂര, പ്രഭാ സക്കറിയാസ്, എം ബഷീർ തുടങ്ങിയ കവികൾ ഇന്ത്യയ്ക്ക് പുറത്തു നിന്ന് എഴുതിയവരോ എഴുതുന്നവരോ ആണ്. കേരളത്തിൽ തന്നെ ഗ്രാമങ്ങളിൽ ജനിച്ചു പട്ടണങ്ങളിലേക്കു ചേക്കേറിയവരായിരുന്നു കടമ്മനിട്ടയും ( മാമ്പൂക്കൾ പോലുള്ള കവിതകൾ അദ്ദേഹം മദിരാശിയിൽ വെച്ചാണ് എഴുതിയത്), അയ്യപ്പപ്പണിക്കരും എൻ എൻ കക്കാടും ഉൾപ്പെടെ ഉള്ളവർ- അതിനെ സാങ്കേതികമായി പ്രവാസം എന്നു വിളിച്ചുകൂടെങ്കിലും. നാടകകൃത്തുക്കളായ ഓംചേരി, പി എം ദിവാകരൻ (കഥാകൃത്തും ആണ്), കഥയും നോവലും രചിക്കുന്ന/ രചിച്ചിരുന്ന ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട്, ടി വി കൊച്ചുബാവ, എൻ ടി ബാലചന്ദ്രൻ, മനോഹർ തോമസ്, റാം മോഹൻ പാലിയത്ത്, രാജ് നായർ, ജയമോഹൻ, തോപ്പിൽ മുഹമ്മദ് മീരാൻ, ബാലകൃഷ്ണൻ മങ്ങാട്, ഹരിത (ഇവാൻ) സാവിത്രി, ഷീല ടോമി... വളരെ നീണ്ടതാണ് കേരളത്തിനും പുറത്തും നിന്ന് എഴുതി കേരളീയവായനക്കാരെ ആകർഷിച്ച എഴുത്തുകാരുടെ പട്ടിക. ഇവർ ചിലപ്പോൾ നാടിനെക്കുറിച്ച് എഴുതി, ചിലപ്പോൾ പുറംനാടിനെക്കുറിച്ച്, ചിലപ്പോൾ എങ്ങുമല്ലാത്ത ഇടങ്ങളെക്കുറിച്ച്.

ഷീലാ ടോമിയുടെ 'വല്ലി'യിൽ വയനാട് ആണുള്ളതെങ്കിൽ ആ നദിയോട് പേര് ചോദിക്കരുത്' എന്ന നോവലിൽ പുറംനാടാണ്, ആദിവാസികളും കുർദ്കളും നയിക്കുന്ന ജീവിതത്തിനു ചില സമാനതകൾ ഇല്ലെന്നും പറയാൻ പറ്റില്ല, രണ്ടു കൂട്ടരും ഒരു തരത്തിൽ ഭ്രഷ്ടരാണ്. ഇന്ത്യയിൽ മലയാളത്തിൽ മാത്രമുള്ള 'പട്ടാളക്കഥ' എന്ന ആഖ്യാനഗണം തന്നെ പ്രവാസികളിൽ നിന്ന് ഉണ്ടായതാണ്. പാറപ്പുറത്ത്, കോവിലൻ, നന്തനാർ, ഏകലവ്യൻ തുടങ്ങിയവർ നയിച്ച സൈനികജീവിതം ആണ് ആ രൂപത്തിനു ജന്മം നൽകിയത്. അവർ പുതിയ അനുഭവലോകങ്ങൾക്കൊപ്പം ഇതരഭാഷാപദങ്ങൾ കലർന്ന ഒരു മലയാളവും നമുക്കു തന്നു. ഒപ്പം തന്നെ ഇംഗ്ലീഷ് നോവലുകളും കവിതകളും എഴുതി പ്രസിദ്ധരായ പലരും കേരളത്തിനോ ഇന്ത്യയ്ക്കോ പുറത്തായിരുന്നു എന്നും മറന്നുകൂടാ- കമലാദാസിനെയും മീനാ അലക്സാണ്ടറെയും പോലുള്ള വലിയ ഇന്ത്യൻ ഇംഗ്ലീഷ് കവികളും ആ കൂട്ടത്തിലുണ്ട്. ജീത് തയ്യിൽ, സി പി സുരേന്ദ്രൻ മുതലായവർ കവികൾ എന്ന നിലയിലും നോവലിസ്റ്റുകൾ എന്ന നിലയിലും ഒരു പോലെ അറിയപ്പെടുന്നു. അനിതാ നായർ, ജയശ്രീ മിശ്ര തുടങ്ങിയ നോവലിസ്റ്റുകളെയും മറന്നു കൂടാ.







## മൊഴിമാറ്റത്തിലെ പ്രവാസി എഴുത്തുകാർ

സൈബർലോകത്തിന്റെ വരവോടെ പേരെടുത്തു പറയാൻ ആകാത്തത്ര മലയാളികൾ മലയാളത്തിൽ, ചിലപ്പോൾ ഇംഗ്ലീഷിലും, തങ്ങളുടെ സർഗാത്മകശ്രമങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. അത്തരം എഴുത്തുകാരുടെ, വിശേഷിച്ചും കവികളുടെ, ഒരുപാട് കൂട്ടായ്മകളും നിലവിൽ വന്നിട്ടുണ്ട്. ഇതോടൊപ്പം പറയേണ്ടതാണ് പുറത്തു ജീവിക്കുന്ന വിവർത്തകരുടെ സംഭാവന. ഗീതാ കൃഷ്ണൻകുട്ടി മുതൽ ജയശ്രീ കളത്തിൽ വരെയുള്ള ഒരു നിരയാണ് അത്. ഇന്ത്യൻഭാഷകളിൽ നിന്ന് പരിഭാഷ ചെയ്യുന്നവരും ചെയ്തവരുമായ വേറെ കുറെ പേരുണ്ട്. മറാഠിയിൽ നിന്ന് ദാമോദരൻ കാളിയത്ത്, മാനസി എന്നിവരും തെലുങ്കിൽ നിന്ന് എം ടി എൻ നായർ, എൽ ആർ സ്വാമി എന്നിവരും കന്നടയിൽ നിന്ന് കെ. രാഘവൻ, സുധാകരൻ രാമന്തളി എന്നിവരും തമിഴിൽ നിന്ന് ജയശ്രീ, ആറ്റൂർ രവിവർമ്മ എന്നിവരും ബംഗാളിയിൽ നിന്ന് സുനിൽ ഞാളിയത്ത്, ലീലാ സർക്കാർ തുടങ്ങിയവരും ഉദാഹരണങ്ങൾ. മലയാളത്തിൽ നിന്ന് മറ്റു ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്ന ഒരു പാടു പേർ വേറെയുമുണ്ട്, കേരളത്തിൽ ജീവിച്ച് മലയാളം പഠിച്ച ബംഗാളിയായ നിലീന അബ്രഹാമും, രാജസ്ഥാനി ആയ രതി സാക്സേനയും, ലാഹോറിൽ ജനിച്ച് പലയിടത്തുമായി വളർന്ന എം എൻ സത്യാർത്ഥിയും ഉൾപ്പെടെ. സാഹിത്യപത്രപ്രവർത്തനം നടത്തിയ ഒരു പാടു പേർ വേറെയുമുണ്ട്. ജയകേരളം, അന്വേഷണം, സമീക്ഷ ( മദ്രാസ്) , വിശാലകേരളം( ബോംബെ), പ്രവാസിശബ്ദം, ഗൾഫ് വോയ്സ്, ഗൾഫ് നാദം ( ഗൾഫ് നാടുകൾ) തുടങ്ങിയവ കൂടാതെ നിലനിൽക്കുന്നതും നിലച്ചു പോയതുമായ എത്രയോ ആനുകാലികങ്ങൾ പ്രവാസിസാഹിത്യത്തെ മാത്രമല്ല, കേരളത്തിലെ മലയാളം എഴുത്തുകാരെയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞവരെ കൂടാതെ എത്രയോ എഴുത്തുകാരെയും ചെറിയ പ്രവാസി പ്രസിദ്ധീകരണങ്ങളെയും പുറത്തു യാത്ര ചെയ്യുമ്പോൾ ഞാൻതന്നെ അറിയാൻ ഇട വന്നിട്ടുണ്ട്. ജർമ്മനിയിൽ ജീവിക്കുന്ന അന്നക്കുട്ടി ഫിന്റെസ്, ജോസ് പുന്നാമ്പറമ്പിൽ തുടങ്ങിയവർ മലയാള സാഹിത്യം ജർമ്മനിയിൽ പ്രചരിപ്പിക്കാൻ നിരന്തരം ശ്രമിക്കുന്നവരാണ്. യു എസ്, കാനഡ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലും അത്തരമാളുകൾ ഉണ്ട്.

സ്വാനുഭവം ഒന്ന് സ്പർശിച്ചു പോകാമെങ്കിൽ, ഡൽഹിയിലെ മുപ്പതു വർഷത്തെ ജീവിതം എന്നെ ഒരു ഭാഗത്ത് മലയാളഭാഷയെയും കേരളചരിത്രത്തെയും കുറിച്ചുള്ള കവിതകൾ എഴുതിച്ചുവെങ്കിൽ, മറുഭാഗത്ത് ഡൽഹിയേയും ഉത്തരേന്ത്യ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ഭക്തി-സൂഫി കവികളെയും കുറിച്ചുള്ള കവിതകളും എഴുതിച്ചു. ഇംഗ്ലീഷിൽ തന്നെ രചിച്ച ഇന്ത്യൻ സാഹിത്യത്തെക്കുറിച്ചുള്ള അഞ്ച് പുസ്തകങ്ങൾ കേരളത്തിൽ തന്നെ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ എഴുതുകയില്ലായിരുന്നു. ഒപ്പം സ്വന്തം കവിതകൾ ഇംഗ്ലീഷിലേക്ക് ഞാൻ മൊഴിമാറ്റം ചെയ്യാൻ തുടങ്ങിയതും പ്രധാനമായും അവിടെ വച്ചാണ്- കേരളത്തിൽ അതിനു തുടക്കം കുറിച്ചിരുന്നുവെങ്കിലും- ഇപ്പോൾ ഇംഗ്ലീഷിൽ എന്റെ പത്ത് സമാഹാരങ്ങൾ ഉണ്ട്. അത് വഴി ആ കവിതകൾ അറബി, ഫ്രഞ്ച് , ജർമൻ, ഇറ്റാലിയൻ, സ്പാനിഷ്, ജാപ്പനീസ് , ചൈനീസ് ഭാഷകളിലും എന്റെ-ചിലപ്പോൾ ഒന്നിലേറെ- സമാഹാരങ്ങൾക്ക് വഴിവെച്ചു. പ്രധാന ഇന്ത്യൻ ഭാഷകളിലും അവ എത്തിപ്പെട്ടു, നേരിട്ട് മലയാളത്തിൽ നിന്നും ചിലപ്പോൾ ഇംഗ്ലീഷ് വഴിയും. ഹിന്ദിയിൽ മാത്രം ഇപ്പോൾ എന്റെ ഏഴു സമാഹാരങ്ങൾ ഉണ്ട്. പഞ്ചാബി, ഗുജറാത്തി, മറാത്തി, ബംഗാളി, ഒറിയാ, തമിഴ്, തെലുങ്ക്, കന്നഡ തുടങ്ങിയ ഭാഷകളിലും , ചിലതിൽ ഒന്നിലേറെ, സമാഹാരങ്ങൾ ഉണ്ടായി. ഡസൻ കണക്കിന് പുസ്തകങ്ങൾ ഇംഗ്ലീഷിൽ എഡിറ്റ് ചെയ്തു. സൗഹൃദവലയം വലുതാകാനും പ്രവാസം സഹായകമായി. ആറു ഭൂഖണ്ഡങ്ങളിൽ മുപ്പതിലേറെ നാടുകളിൽ കവിതയുമായി ഞാൻ സഞ്ചരിച്ചു. എല്ലായിടത്തും കവിസുഹൃത്തുക്കൾ ഉണ്ടായി. ഡൽഹിയിലും കേരളത്തിലും സാർവദേശീയ സാഹിത്യോത്സവങ്ങൾ സംഘടിപ്പിക്കാൻ ഈ പരിചയം പ്രയോജനപ്പെട്ടു. എഡിറ്റിങ്ങ്, അധ്യാപനം, സാംസ്കാരികപ്രവർത്തനം, സാഹിത്യസ്ഥാപനങ്ങളുടെ നടത്തിപ്പ് ഇവയിലെ അനുഭവം, ബഹുഭാഷാപരിചയം, ഇന്ത്യൻ സാഹിത്യത്തെ സാകല്യേന നോക്കിക്കാണാനും, ഭാഷകളിലെ സാഹിത്യങ്ങൾ തമ്മിൽ താരതമ്യം ചെയ്യാനും വിലയിരുത്താനുമുള്ള കഴിവ്, പല തരം സംസ്കാരങ്ങളുമായി പരിചയപ്പെട്ടതുകൊണ്ട് സഹിഷ്ണുതയിൽ ഉണ്ടായ വർധനവ് ഇങ്ങിനെ പല ഗുണങ്ങളും ഡൽഹിവാസവും അതോടനുബന്ധിച്ചുള്ള യാത്രകളും എനിക്ക് നൽകി. ദേശീയവും സാർവദേശീയവുമായ രാഷ്ട്രീയ-സാംസ്കാരിക കാഴ്ചപ്പാടുകൾ വികസിപ്പിക്കാൻ അത് ഉപകരിച്ചു.





# പൊതുസമൂഹത്തിനും കടമയുണ്ട്

വിദേശരാജ്യങ്ങളിലുള്ള സംരംഭകരെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിച്ച് കൊണ്ടുവരുന്നതിനുള്ള ചുമതല സർക്കാരിനെന്നപോലെ നമ്മുടെ പൊതുസമൂഹത്തിനുമുണ്ട്



**എം.എ. യൂസഫലി**
വൈസ് ചെയർമാൻ നോർക്ക റൂട്ട്സ്, ചെയർമാൻ/മാനേജിംഗ് ഡയറക്ടർ
ലുലു ഗ്രൂപ്പ് ഇന്റർനാഷണൽ

ശതാബ്ദങ്ങളായി അന്യസംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും തങ്ങളുടേതായ വ്യക്തിപ്രഭാവം തെളിയിച്ച, മലയാളിയാണെന്നതിൽ അഭിമാനം കൊള്ളുന്നവരാണ് നാം. വിദ്യാഭ്യാസം, വാണിജ്യം, വ്യവസായം, ആരോഗ്യം, എന്നുവേണ്ട കൈവയ്ക്കുന്ന സകലമേഖലകളിലും നമ്മുടെ നാടിന്റെ യശസ്സ് അന്താരാഷ്ട്രതലത്തിൽ ഉയർത്തിയതിൽ മലയാളി സമൂഹത്തിന്റെ പങ്ക് വിലമതിക്കാനാവാത്തതാണ്. നാല് കോടി വരുന്ന കേരള ജനസംഖ്യയിൽ നാലിലൊന്നും അന്യസംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമായി ഇന്നും ജീവിക്കുന്നു. ഗൾഫ് രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യവസായ വാണിജ്യ മേഖലകളുടെ ചാലകശക്തിയായി പ്രൊഫഷണലുകൾ ഉൾക്കൊള്ളുന്ന മലയാളിസമൂഹം പടർന്ന് പന്തലിച്ചു.

ഗൾഫിൽ മാത്രമല്ല കേരളത്തിന്റെ വ്യവസായ വാണിജ്യരംഗങ്ങളിലും വിദേശമലയാളികൾ ചെലുത്തുന്ന സ്വാധീനം നിർണ്ണായകമാണ്. പ്രതിവർഷം ഒരു ലക്ഷംകോടിയോളം രൂപ വിദേശത്തു നിന്ന് കേരളത്തിലേക്ക് ഒഴുകിയെത്തുന്നതുകൊണ്ടാണ് ഏത് പ്രതിസന്ധികളിലും തളരാതെ കേരളം മുന്നോട്ട് കുതിക്കുന്നത്. നാടിന്റെ വികസനത്തിനുതകുന്ന ഏത് പദ്ധതികൾക്കും വിദേശമലയാളികൾ സർവാത്മനാ പിന്തുണയുമായി കൂടെയുണ്ട്. അന്യദേശങ്ങളിൽ പോയ മലയാളിയുടെ അധ്വാനം ക്രമേണ കേരളത്തിന്റെ തലവര മാറ്റിയെഴുതാൻ തുടങ്ങി. കേരളത്തിലെ ഗ്രാമങ്ങളിലും നഗരങ്ങളിലും ഗൾഫിന്റെ സ്വാധീനം ഏറെ പ്രകടമായിരുന്നു. ചെറുകുടിലുകളുടെ സ്ഥാനത്ത് മനോഹരമായ വീടുകൾ ഉയർന്നു. നഗരങ്ങളിലെ കച്ചവടകേന്ദ്രങ്ങളും വാണിജ്യസ്ഥാപനങ്ങളും കൂടുതൽ ഊർജസ്വലമായി. കേരളം ആരു ഭരിച്ചാലും നാട്ടിലെ കുടുംബങ്ങളുടെ പ്രധാന വരുമാനസ്രോതസ്സ് ഗൾഫിലും മറ്റും അധ്വാനിക്കുന്ന മലയാളികളുടെതാണ് എന്നത് ഏറെ പ്രാധാന്യമുള്ളതാണ്.

സ്വന്തം പൗരന്മാർക്ക് തൊഴിൽ ലഭ്യമാക്കുന്ന സ്വദേശിവത്കരണ പരിപാടികളുമായി ഗൾഫ് രാജ്യങ്ങൾ മുന്നോട്ട്പോകുന്ന അവസ്ഥയാണ് ഇപ്പോൾ നിലനിൽക്കുന്നത്. അത് അവരുടെ ആവശ്യവുമാണ്. ഇത് സാരമായി ബാധിക്കുക കൂടുതലും മലയാളികളെയാണ്. തൊഴിൽസാധ്യതകളുടെ അക്ഷയഖനിയായി കേരളത്തെ മറ്റ് സംസ്ഥാനങ്ങളിലുള്ളവർ കാണുമ്പോൾ നമ്മുടെ ചെറുപ്പക്കാർ വിദേശരാജ്യങ്ങളിലേക്ക് പോകുന്ന സ്ഥിതിവിശേഷമാണ് കണ്ടുവരുന്നത്. വിദ്യാസമ്പന്നരായ തൊഴിൽസമൂഹം, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ക്രമസമാധാനം എന്നിവ കൊണ്ട് മറ്റേതൊരു ഇന്ത്യൻ സംസ്ഥാനങ്ങളോടൊപ്പം തന്നെയാണ് നമ്മുടെ സംസ്ഥാനം.

ഭൂമിശാസ്ത്രപരമായ കാരണങ്ങൾ കൊണ്ട് വൻകിട വ്യവസായങ്ങൾ ആരംഭിക്കാൻ പറ്റിയ സാഹചര്യമല്ല നമ്മുടെ സംസ്ഥാനത്തുള്ളത്. ശാസ്ത്രീയമായ രീതിയിൽ മാലിന്യം സംസ്കരിക്കുന്ന ഒരു രീതി നമുക്ക് ഇന്നും അന്യമാണ്. ഈ ഒരു സ്ഥിതിവിശേഷം പലപ്പോഴും ക്രമസമാധാനപ്രശ്നങ്ങൾക്കു വരെ കാരണമാകുന്നു. അത്യാധുനിക രീതിയിലുള്ള മാലിന്യസംസ്കരണം നമുക്ക് ഏറെ അനിവാര്യമാണ്. ഇതിനോടൊപ്പം നൂതനമായ ഡ്രയിനേജ്, സ്വീവേജ് സംവിധാനങ്ങളും ഉണ്ടായിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ചെറിയ മഴ വന്നാൽ നമ്മുടെ പട്ടണങ്ങൾ വെള്ളത്തിൽ മുങ്ങി രോഗങ്ങൾ വിളിച്ചു വരുത്തുന്ന ഒരു അവസ്ഥയാണ് മിക്കയിടത്തും ഇപ്പോഴുള്ളത് എന്നത് ഏറെ ആശങ്കാജനകമാണ്. ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണം ലാഭകരമായ വ്യവസായമായി മാറ്റിയാൽ അനന്തമായ സാധ്യതകളാണുള്ളത്.

> വൈദ്യുതി ഉപയോഗം വർധിച്ചു വരുന്ന
> ഇക്കാലത്ത് ജലവൈദ്യുതി നിലയങ്ങളെയും
> മറ്റും അനന്തമായി ആശ്രയിക്കുന്നതിൽ
> ഒരു പരിമിതിയുണ്ട്. ഈ സാഹചര്യത്തിലാണ്
> ബദൽ ഊർജസ്രോതസ്സുകൾ
> നമ്മുടെ രക്ഷക്കെത്തുന്നത്

ഇത്തരത്തിലുള്ള പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്ന ഒരു മനോഭാവം നമുക്കിടയിലില്ല എന്നത് ദു:ഖകരമായ ഒരു കാര്യമാണ്.

## ബദൽ ഊർജസ്രോതസ്സുകളുടെ പ്രാധാന്യം

വൈദ്യുതി ഉപയോഗം വർധിച്ചു വരുന്ന ഇക്കാലത്ത് ജലവൈദ്യുതി നിലയങ്ങളെയും മറ്റും അനന്തമായി ആശ്രയിക്കുന്നതിൽ ഒരു പരിമിതിയുണ്ട്. ഈ സാഹചര്യത്തിലാണ് ബദൽ ഊർജസ്രോതസ്സുകൾ നമ്മുടെ രക്ഷക്കെത്തുന്നത്. ലോകത്തെ മിക്ക രാജ്യങ്ങളും സോളാർ-പുനരുൽപാദന സ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്. കത്തിജ്ജ്വലിച്ച് നിൽക്കുന്ന സൂര്യനും വീശിയടിക്കുന്ന കാറ്റുമെല്ലാം നിലക്കാത്ത ഊർജസ്രോതസ്സുകളാണ്. ഇത്തരം ബദൽ ഊർജസ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങളിൽ നാം ഇന്നും ഏറെ പിറകിലാണ്. നെടുമ്പാശ്ശേരി വിമാനത്താവളം ബദൽ ഊർജസ്രോതസ്സിന്റെ കാര്യത്തിൽ നല്ല മാതൃകയാണ്.

സമസ്ത മേഖലകളിലും കേരളത്തിനു പുറത്ത് വിജയം നേടിയവരാണ് മലയാളികൾ. ഏത് സാഹചര്യത്തിലും പോരാടി വിജയം കൈവരിക്കാനുള്ള മനസ്സാണ് മലയാളികൾക്കുള്ളത്. മനുഷ്യവിഭവശേഷി കയറ്റുമതി ചെയ്യുന്ന പ്രവണതയാണ് കാലങ്ങളായി നാം കണ്ടുവരുന്നത്. അൻപതുകൾ കഴിഞ്ഞ് ആരംഭിച്ച കുടിയേറ്റത്തിന്റെ ഒന്നാം ഘട്ടം എഴുപതോടു കൂടി വളരെ സജീവമായി. എൺപതുകളിൽ കുടിയേറ്റം ഒരു അത്യാവശ്യ ഘടകമായി കേരള സമൂഹത്തിൽ മാറുന്ന ഒരു കാഴ്ചയാണ് നാം കണ്ടത്. രണ്ടായിരമാണ്ടോടു കൂടി പ്രൊഫഷണൽ വൈദഗ്ധ്യമുള്ള ആളുകൾ കൂടുതലായി വിദേശ രാജ്യങ്ങളിലേക്ക് കുടിയേറുന്നതാണ് കണ്ടുവരുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരളത്തിൽ വൻതോതിൽ തൊഴിൽ സൃഷ്ടിക്കപ്പെടേണ്ടത് ഈ സാഹചര്യത്തിൽ അത്യാവശ്യമാണ്. നമ്മുടെ തൊഴിൽശക്തി ഇവിടെത്തന്നെ ഉപയോഗപ്പെടുത്തി സാമ്പത്തികവളർച്ച കൈവരിക്കുന്നതിനുള്ള നിരന്തരപരിശ്രമം ഉണ്ടാകണം. കൃഷി, ചെറുകിട വ്യവസായങ്ങൾ, ടൂറിസം, ഐ.ടി, ആരോഗ്യ -സേവനമേഖലകൾ എന്നിവയിൽ ഏറെ കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ട്.

## സംരംഭപ്രോത്സാഹനം: പൊതുസമൂഹത്തിനും കടമയുണ്ട്

ഇന്ന് അന്യസംസ്ഥാന തൊഴിലാളികൾ ഇങ്ങോട്ടൊഴുകുന്നു. ഏതു തൊഴിലിനും മാന്യതയും ന്യായവേതനവും ഉണ്ടാകുമെങ്കിൽ നമ്മുടെ യുവസമൂഹം തൊഴിൽ രംഗത്തേക്ക് കടന്നുവരും. ആയതുകൊണ്ട് പുതിയ തലമുറ പുറംനാടുകളിലേക്ക് ചേക്കേറാതെ നമ്മുടെ നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും തങ്ങളാൽ കഴിയുന്ന സംഭാവനകൾ നൽകാൻ ശ്രമിക്കണമെന്നാണ് എന്റെ അഭിപ്രായം. അതിനുപറ്റിയ സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ട ഉത്തരവാദിത്വം ഭരണസംവിധാനങ്ങളുടെ മാത്രമല്ല നമ്മളെല്ലാവരുടെയും കടമയുമാണ്. വിദേശരാജ്യങ്ങളിലുള്ള സംരംഭകരെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിച്ച് കൊണ്ടുവരുന്നതിനുള്ള ചുമതല സർക്കാരിനെന്നപോലെ നമ്മുടെ പൊതുസമൂഹത്തിനുമുണ്ട്. ഒരു തീരുമാനമെടുത്തതിന്റെ പേരിൽ പിന്നീട് കാലങ്ങളോളം അവർ വേട്ടയാടപ്പെടുന്ന ദു:ഖകരമായ അവസ്ഥ ഒരിക്കലും ഉണ്ടാകരുത്. സംരംഭകരെ ശത്രുക്കളായി കാണുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് ചിലപ്പോഴെങ്കിലും കണ്ടുവരുന്നത്. നിക്ഷേപകരെ ഇവിടേക്ക് ആകർഷിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്ന ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടത് അത്യാവശ്യമാണ്.

ഏത് രാജ്യത്തുപോയി ജീവിച്ചാലും സ്വന്തം നാട്ടിലേക്ക് മടങ്ങിയെത്തണമെന്നാണ് ഓരോ മലയാളിയും ആഗ്രഹിക്കുന്നത്. നാടിന്റെ വികസനപ്രക്രിയകളിൽ എന്നും തങ്ങളുടേതായ സംഭാവനകൾ നൽകിയ പ്രവാസിമലയാളികൾക്കു വേണ്ടി എന്നും നിലകൊള്ളുന്ന പ്രസ്ഥാനമായി മാറാൻ ലോകകേരളസഭയ്ക്ക് സാധിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.







# ലോക കേരള സഭയും അവശിഷ്ട ഫ്യൂഡൽ സമൂഹവും

ലോകത്ത് വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന, ദുരിതവും കഷ്ടപ്പാടും അനുഭവിക്കുന്ന പ്രവാസി സമൂഹത്തിന് ഒരു പുത്തൻ പതാകയായിരിക്കും ലോക കേരള സഭ




**പി.ടി.കുഞ്ഞിമുഹമ്മദ്**

മുൻ എം.എൽ.എ, സംവിധായകൻ


പ്രവാസചരിത്രത്തിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ഭക്ഷണത്തിനും വെള്ളത്തിനും കൃഷിക്കും വേണ്ടി മനുഷ്യർ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കുടിയേറിയതിന്റെ ചരിത്രം തന്നെയാണ് ആധുനിക മനുഷ്യ സംസ്കാരത്തിന് വിത്ത് പാകിയത്. ഇന്ന് കുടിയേറ്റം സർവസാധാരണവും സുരക്ഷിതവുമായ ഒരു ജീവിതസമ്പ്രദായമായി മാറിക്കഴിഞ്ഞിരിക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകത്തിന്റെ സമസ്ത മേഖലകളേയും പ്രവാസം സ്വാധീനിച്ചിരിക്കുന്നു. രാഷ്ട്രീയം, സമ്പത്ത്, വിജ്ഞാനം എന്നീ മേഖലകളിലെല്ലാം കുടിയേറ്റം അതിന്റെ സ്വാധീനവും ആധിപത്യവും ഏതാണ്ട് ഉറപ്പിച്ചിരിക്കുന്നു. ലോകസമ്പത്തിന്റെ കടിഞ്ഞാൺ ഏറെക്കുറെ പ്രവാസികളുടെ നിയന്ത്രണത്തിലാണെന്ന് നമുക്ക് ഉറപ്പിച്ച് പറയാൻ കഴിയുന്ന നിലയിലാണ് കാര്യങ്ങൾ നീങ്ങുന്നത്.

ഇന്ത്യയിലും കുടിയേറ്റങ്ങൾ പല രീതിയിലാണ് പ്രവർത്തിക്കുന്നത്. ആഭ്യന്തര കുടിയേറ്റവും വിദേശത്തേക്കുള്ള കുടിയേറ്റവും അതിന്റെ ഉച്ചസ്ഥായിയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിന് ഏറ്റവും നല്ല ഉദാഹരണം കേരളം തന്നെയാണെന്ന് പറയാം. മലയാളി ആദ്യം കുടിയേറിയത് സിലോൺ, മലേഷ്യ, സിങ്കപ്പൂർ, ബർമ്മ ഇത്തരം നാടുകളിലേക്കാണ്. പിന്നീട് ഇന്ത്യയിലെ വിവിധ നഗരങ്ങളിലേക്കും കുടിയേറ്റം തുടർന്നു. ഇതെല്ലാം മലയാളിയുടെ ജീവിതത്തെ പല രീതികളിലാണ് സ്വാധീനിച്ചത്. ഈ കുടിയേറ്റങ്ങളെല്ലാം നഗരങ്ങളിലേക്കായതുകൊണ്ട് അവർക്ക് ആധുനികജീവിതവും ഉയർന്ന ജീവിതനിലവാരവും നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിഞ്ഞു. അവർ നാട്ടിലേക്ക് വന്നത് നിരവധി പുത്തൻ ആശയങ്ങളുമായാണ്. അത്തരം ആധുനികവൽക്കരണവും പരിഷ്ക്കാരവും നാട്ടിലെ ഫ്യൂഡൽ സമൂഹം സംശയത്തോടെയും പുച്ഛത്തോടെയുമാണ് നോക്കി കണ്ടത്. അവർ ഈ പുത്തൻപണക്കാരെ പരിഹസിക്കാനും പുച്ചിക്കാനും തുടങ്ങി. പുത്തൻ അറിവുകളും ആശയങ്ങളുമായി വന്നവർ ഇതിനെയൊന്നും വിലവെക്കുന്നവരായിരുന്നില്ല. അതെല്ലാം തൃണവൽഗണിച്ചു കേരളത്തെ വ്യവസായവൽക്കരിക്കാനും വ്യാപാരരംഗത്ത് പുത്തൻ ആശയങ്ങൾ നടപ്പാക്കാനുമാണ് അവർ ശ്രമിച്ചത്. അവർ ഫ്യൂഡലിസത്തിന്റെ ശത്രുക്കളായി മാറി. തിരിച്ചുവന്ന പ്രവാസികൾ വിട്ടുവീഴ്ചയില്ലാതെയാണ് ഈ ജന്മി ഫ്യൂഡൽ സമൂഹത്തോട് പ്രതികരിച്ചത്. ഈ ഫ്യൂഡൽ ശക്തികൾക്ക് സമ്പത്തിന്റേയും പരിഷ്ക്കാരത്തിന്റേയും മുന്നിൽ കീഴടങ്ങുകയല്ലാതെ തരമില്ലായിരുന്നു. ഇവിടെയുള്ള പത്രമാധ്യമങ്ങളും സാംസ്കാരിക പ്രവർത്തകരുമെല്ലാം ഈ കുടിയേറ്റ സമൂഹത്തോട് ഫ്യൂഡൽ ശക്തികൾ സ്വീകരിച്ച അതേ നിലപാട് തന്നെയാണ് സ്വീകരിച്ചത്. ഇത് ഇന്ന് കാണുന്ന സങ്കീർണ്ണ -സാമൂഹിക- രാഷ്ട്രീയ അന്തരീക്ഷത്തിലേക്ക് കേരളത്തെ നയിച്ചു. കേരളത്തിലെ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം ഈ പ്രവാസി സമൂഹത്തെ പിന്തുണയ്ക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്.

രണ്ടാം ലോക മഹായുദ്ധത്തിനുശേഷം കേരളം മറ്റൊരു മഹാപ്രയാണത്തിനു സാക്ഷിയാകേണ്ടിവന്നു. അത് അറുപതുകൾ മുതൽ ഗൾഫ് നാടുകളിലേക്കുള്ള സമാനതകൾ ഇല്ലാത്ത കുടിയേറ്റമായിരുന്നു. കേരളത്തിന്റെ എല്ലാ ജീവിത അവസ്ഥയേയും മാറ്റി മറിച്ചു. കേരളം പുതിയ ലോകമായി മാറി. അത് ഇന്ത്യയിൽ തന്നെ വേറിട്ടു നിൽക്കുന്ന ഒരു സംസ്ഥാനമെന്ന ഖ്യാതിയും കേരളത്തിന് നേടി കൊടുത്തു. പ്രവാസികൾ ഫ്യൂഡൽ ആശയങ്ങളുടെ നട്ടെല്ലൊടിച്ചുവെങ്കിലും അത് പുതിയ പ്രസ്ഥാനങ്ങളായി പല രൂപത്തിൽ പ്രത്യക്ഷപ്പെട്ട് അവരുടെ പ്രവാസവിരുദ്ധ നിലപാട് തുടർന്നുകൊണ്ടിരുന്നു. ഈ ശക്തികൾ ചിലപ്പോൾ വർഗീയതയായി, മറ്റ് ചിലപ്പോൾ മാധ്യമങ്ങളെ കൂട്ടുപിടിച്ച് എല്ലാവിധ വികസനത്തെയും തുരങ്കം വയ്ക്കുന്നു. ഇവരെ ഏറ്റവും കൂടുതൽ പ്രകോപിപ്പിച്ചത് പ്രവാസിസമൂഹം കേരളത്തോട് കാണിക്കുന്ന സ്നേഹവും കടപ്പാടും അതുവഴി അവർ നേടുന്ന സ്വാധീനവുമാണ്.

## പുതിയ കേരളത്തിലേക്ക്

കേരളീയ സമൂഹം പുതിയ ഒരു കേരളം കെട്ടിപ്പടുക്കാനുള്ള തീവ്രശ്രമത്തിലാണ്. ഈ ഘട്ടത്തിലാണ് 2016 ലെ പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുന്നതും ലോക കേരളസഭ എന്ന വളരെ മൗലികവും അപൂർവവുമായ പുതിയ ആശയം മുന്നോട്ടുവയ്ക്കുന്നതും. അതിലൂടെ ലോകത്തെമ്പാടുമുള്ള പ്രവാസികൾക്ക് കേരളസർക്കാരുമായി ചേർന്നുനിൽക്കാനും ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ തന്നെ ഇരിപ്പിടം ഉറപ്പിക്കാനും കഴിഞ്ഞു. ഇത് ഫ്യൂഡൽ, മാധ്യമ പ്രതിലോമശക്തികളെ വല്ലാതെ അരിശം പിടിപ്പിച്ചിരിക്കുന്നു. അവർ മാറിക്കൊണ്ടിരിക്കുന്ന ലോകത്തെക്കുറിച്ചോ അതിന് പ്രവാസികൾ വഹിച്ചുകൊണ്ടിരിക്കുന്ന

> **കേരളീയ സമൂഹം പുതിയ ഒരു കേരളം കെട്ടിപ്പടുക്കാനുള്ള തീവ്രശ്രമത്തിലാണ്. ഈ ഘട്ടത്തിലാണ് 2016 ലെ പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുന്നതും ലോക കേരളസഭ എന്ന വളരെ മൗലികവും അപൂർവവുമായ പുതിയ ആശയം മുന്നോട്ടുവയ്ക്കുന്നതും**

പങ്കിനെക്കുറിച്ചോ യാതൊരു ധാരണയും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. പ്രവാസികളുടേയും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും വളരെ ആഴത്തിൽ പഠിച്ച ഒരു രാഷ്ട്രീയ പ്രവർത്തകനാണ് നമ്മുടെ മുഖ്യമന്ത്രി. ലോകത്തെമ്പാടുമുള്ള പ്രവാസി സൗഹൃദങ്ങളെ പഠിച്ചും അറിഞ്ഞും തന്നെയാണ് ഈ പുതിയ ആശയത്തിന് രൂപം നൽകിയത്. ലോകമെമ്പാടുമുള്ള പ്രവാസിസമൂഹത്തെ രണ്ട് വർഷം കൂടുമ്പോൾ ഒത്തുചേർക്കാനും പുതിയ ആശയങ്ങളും അനുഭവങ്ങളും പങ്കിടാനും അതുവഴി ആധുനിക കേരളത്തിന്റെ നിർമ്മിതിയിൽ നിർണ്ണായക പങ്കുവഹിക്കുകയുമാണ് അതിന്റെ പരമമായ ലക്ഷ്യം. ലോകത്ത് വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന, ദുരിതവും കഷ്ടപ്പാടും അനുഭവിക്കുന്ന പ്രവാസി സമൂഹത്തിന് ഒരു പുത്തൻ പതാകയായിരിക്കും ഈ സഭ എന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട.





# മുൻപേ കുതിക്കാൻ കേരളം

**വളർച്ചയ്ക്കും നൂതനത്വത്തിനുമുള്ള അഭൂതപൂർവമായ അവസരങ്ങളുമായി കേരളത്തിന്റെ ആരോഗ്യപരിപാലനമേഖല നിക്ഷേപകരെ സ്വാഗതം ചെയ്യുകയാണ്**



ഡോ. ആസാദ് മൂപ്പൻ
ഡയറക്ടർ, നോർക്ക റൂട്ട്സ്

രാജ്യത്തെ ഏറ്റവും കുറഞ്ഞ മാതൃ, ശിശു മരണനിരക്ക് നമ്മുടെ കേരളത്തിലാണെന്നത് അഭിമാനനേട്ടമാണ്. ഇത് പൊതുജനാരോഗ്യത്തിന് കേരളം എന്നും മുൻഗണന നൽകുന്നു എന്നതിന്റെ തെളിവുകൂടിയാണ്. കൂടാതെ, പാലിയേറ്റീവ് കെയറിൽ കേരളം പുതിയ മാനദണ്ഡങ്ങൾ കൊണ്ടുവരികയും പ്രായമായവരുടെ പരിചരണത്തിനും ചികിത്സയ്ക്കും മുൻഗണന നൽകുകയും ചെയ്യുന്നു. ജീവിതശൈലി രോഗനിർണ്ണയ ക്യാംപെയിനുകളിലൂടെ പ്രതിരോധ ആരോഗ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിൽ ആർദ്രം പോലുള്ള പദ്ധതികൾ സുപ്രധാന പങ്കാണ് വഹിച്ചിട്ടുള്ളത്. പൂർണ്ണ ആരോഗ്യക്ഷേമം കൈവരിക്കാനുള്ള സംസ്ഥാനത്തിന്റെ സജീവമായ നീക്കങ്ങൾക്ക് ഇത്തരം ഉദ്യമങ്ങൾ ഊന്നൽ നൽകുന്നു.

നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ ഉയർന്ന റാങ്കിങ്ങ് നേടിയത് പൊതുജനാരോഗ്യരംഗത്തെ കേരളത്തിന്റെ മികച്ച പ്രകടനത്തെ അടിവരയിടുന്നു, പ്രത്യേകിച്ച് ഏറെ വെല്ലുവിളി നിറഞ്ഞ കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ഈ നേട്ടം കൈവരിച്ചുവെന്നത് ശ്രദ്ധേയമാണ്. സംസ്ഥാനത്തിന്റെ മാതൃമരണ അനുപാതം ഒരു ലക്ഷം ജീവനുള്ള ജനനങ്ങളിൽ 19 എന്നത് ശ്രദ്ധേയമാണ്. കൂടാതെ, കേരളത്തിന്റെ ജനനസമയത്തെ ആയുർദൈർഘ്യം 77 വർഷമായി ഉയർന്നുനിൽക്കുന്നു, ഇത് ദേശീയ ശരാശരിയുടെ ബഹുദൂരം മുന്നിൽ നിൽക്കുന്നതും വികസിത രാജ്യങ്ങളുടെ നിലവാരവുമായി അടുത്തുനിൽക്കുന്നതുമാണ്. ഈ നേട്ടങ്ങൾ കേരളത്തിന്റെ ആരോഗ്യസംരക്ഷണ രംഗത്തെ മികവും ഒരു നിക്ഷേപകേന്ദ്രമെന്ന നിലയിലുള്ള അതിന്റെ സാധ്യതകളും എടുത്തുകാട്ടുന്നു. പൊതുജനാരോഗ്യത്തിൽ ശക്തമായ അടിത്തറ, കുറഞ്ഞ മരണനിരക്ക്, ഉയർന്ന ആയുർദൈർഘ്യം, ആരോഗ്യപരിപാലനത്തോടുള്ള പുരോഗമനപരമായ സമീപനം എന്നിവയിലൂടെ ആരോഗ്യമേഖലയിൽ അവസരങ്ങൾ തേടുന്ന നിക്ഷേപകർക്ക് കേരളം വളക്കൂറുള്ള മണ്ണ് പ്രദാനം ചെയ്യുന്നു.

നാം ഒരു പുതിയ യുഗത്തിന്റെ കൊടുമുടിയിൽ നിൽക്കുമ്പോൾ, വളർച്ചയ്ക്കും നൂതനത്വത്തിനുമുള്ള അഭൂതപൂർവമായ അവസരങ്ങളുമായി കേരളത്തിന്റെ ആരോഗ്യപരിപാലന മേഖല നിക്ഷേപകരെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിന്റെ ഭരണം, അടിസ്ഥാന സൗകര്യങ്ങൾ, നയങ്ങൾ എന്നിവയിലെ സമീപകാല മുന്നേറ്റങ്ങൾ ആഗോള ആരോഗ്യസംരക്ഷണ ഭൂപടത്തിൽ സംസ്ഥാനത്തിന്റെ പങ്ക് പുനർനിർവചിക്കുവാനുള്ള

കളമൊരുക്കുന്നതാണ്. പുരോഗതി പ്രാപിക്കാനുള്ള കേരളത്തിന്റെ പ്രതിജ്ഞാബദ്ധത എല്ലാ മേഖലകളിലും പ്രകടമാണ്. ഭരണത്തിലും സാമൂഹിക സൂചികകളിലും ഉയർന്ന റാങ്കിങ്ങ് നേടുന്നത് മുതൽ ഊർജസ്വലമായ ഒരു സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നത് വരെയുള്ള മുന്നേറ്റങ്ങളിൽ, പാരമ്പര്യത്തിന്റെയും ആധുനികതയുടെയും സമന്വയത്തെ സംസ്ഥാനം ചേർത്തുപിടിക്കുന്നു. ഇതെല്ലാം മികവിലേക്കുള്ള സംസ്ഥാനത്തിന്റെ പ്രയാണത്തിന് ഊർജം പകരുന്നു.

വ്യാവസായിക നയം 2022-2023 അനുസരിച്ച്, മെഡിക്കൽ ഉപകരണങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബയോ ഡാറ്റാ അനാലിസിസ്, റോബോട്ടിക്സ്, ബ്ലോക്ക്ചെയിൻ ടെക്നോളജി, ഇലക്ട്രോണിക്സ്, ശുചിത്വം, ടൂറിസം എന്നീ പ്രധാന മേഖലകളെ ആരോഗ്യസംരക്ഷണ രംഗവുമായി സംയോജിപ്പിച്ച് പ്രോത്സാഹിപ്പിക്കുന്ന

> 2024ലെ കേരള ബജറ്റ് സംസ്ഥാനത്തിന്റെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിന്റെ തെളിവാണ്. ആരോഗ്യപരിപാലന മേഖലയെ ഉത്തേജിപ്പിക്കുന്നതിനും സാധാരണക്കാരുടെ ഉന്നമനത്തിനും പ്രാദേശിക വ്യവസായങ്ങളുടെ കൂടുതൽ മികച്ച വികസനത്തിനും സംസ്ഥാനത്തിന്റെ പുരോഗതിക്കും അത് ഒരു റോഡ് മാപ്പ് മുന്നോട്ടുവെയ്ക്കുന്നു

കേരളത്തിന്റെ തന്ത്രപരമായ ശ്രദ്ധയെ അടിവരയിടുന്നു. സംസ്ഥാനത്തെ ആരോഗ്യ വ്യാവസായിക മേഖലയുടെ വികസനത്തിന് സർക്കാർ നൽകിവരുന്ന സുപ്രധാന പരിഗണന ഈ ഉദ്യമങ്ങളിൽ പ്രകടമാണ്

## നിക്ഷേപകർക്ക് മികച്ച ലക്ഷ്യസ്ഥാനം

2024 ലെ കേരള ബജറ്റ് സംസ്ഥാനത്തിന്റെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിന്റെ തെളിവാണ്. ആരോഗ്യപരിപാലന മേഖലയെ ഉത്തേജിപ്പിക്കുന്നതിനും സാധാരണക്കാരുടെ ഉന്നമനത്തിനും പ്രാദേശിക വ്യവസായങ്ങളുടെ കൂടുതൽ മികച്ച വികസനത്തിനും സംസ്ഥാനത്തിന്റെ പുരോഗതിക്കും അത് ഒരു റോഡ് മാപ്പ് മുന്നോട്ടുവെയ്ക്കുന്നു. നവകേരളം എന്ന കാഴ്ചപ്പാടിനെ പിന്തുണയ്ക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്കൊപ്പം സ്വകാര്യ നിക്ഷേപങ്ങളിലേക്കുള്ള വർധിച്ച ശ്രദ്ധയും പ്രശംസനീയമാണ്. ബജറ്റിൽ ടൂറിസത്തിന് നൽകുന്ന വർധിച്ച ഊന്നൽ, മെഡിക്കൽ വാല്യൂ ടൂറിസം ഉൾപ്പെടെ എല്ലാ മേഖലകൾക്കും പ്രയോജനം ചെയ്യും. ഒരു മെഡിക്കൽ ഹബ്ബ് എന്ന നിലയിൽ കേരളത്തിന്റെ ഉയർന്നുവരുന്ന പദവി ശക്തിപ്പെടുത്തുന്നു. സമഗ്രമായ ആരോഗ്യപരിരക്ഷ അനുഭവങ്ങൾക്കായുള്ള വർധിച്ചുവരുന്ന ആവശ്യം ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് മികച്ച ഒരു ലക്ഷ്യസ്ഥാനമാണ് ഇത് മുന്നോട്ടുവെയ്ക്കുന്നത്. മെഡിക്കൽ, ഉപകരണ ഗവേഷണം, ബയോടെക്നോളജി എന്നിവയിൽ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതും ശ്രദ്ധേയമാണ്. കേരളത്തിന്റെ മുന്നേറ്റം ഭരണമികവും സാമൂഹിക പുരോഗതിയും അടിസ്ഥാനമാക്കിയുള്ളതാണെന്ന് ഇത് വ്യക്തമാക്കുന്നു.


ഉയർന്ന ജിഡിപി വളർച്ചാ നിരക്ക്, മികച്ച ആരോഗ്യം, പട്ടിണി കുറയ്ക്കൽ, ലിംഗസമത്വം, ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നിവയിലെ മികവാർന്ന പ്രകടനം സംസ്ഥാനത്തെ വേറിട്ടുനിർത്തുന്നു. വൈദഗ്ധ്യമുള്ള തൊഴിലാളികൾ മുതൽ തന്ത്രപ്രധാനമായ ഭൂമിശാസ്ത്രപരമായ സ്ഥാനം, ശക്തമായ അടിസ്ഥാന സാകര്യങ്ങൾ, പിന്തുണ നൽകുന്ന ഭരണം എന്നിങ്ങനെയുള്ള കേരളത്തിന്റെ തന്ത്രപരമായ നേട്ടങ്ങൾ, ആരോഗ്യ സംരക്ഷണ നിക്ഷേപങ്ങൾക്കും നവീകരണത്തിനുമുള്ള ഒരു ഹോട്ട് സ്പോട്ടാക്കി സംസ്ഥാനത്തെ മാറ്റിയിട്ടുണ്ട്. എ ഐ, ബയോടെക്, റിന്യൂവബിൾ എനർജി തുടങ്ങിയ വളർന്നുവരുന്ന സാങ്കേതിക വിദ്യകളിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഈ അനുകൂല അന്തരീക്ഷത്തെ കൂടുതൽ സമ്പന്നമാക്കുന്നു. ആരോഗ്യ സംരക്ഷണ പുരോഗതിയിൽ വിപുലമായ പര്യവേക്ഷണത്തിനും ഇത് വഴിയൊരുക്കും. ഗവേഷണ സ്ഥാപനങ്ങൾ, കോർപ്പറേറ്റ് പിന്തുണ, നിക്ഷേപസൗഹൃദനയങ്ങൾ എന്നിവയുടെ ശൃംഖലയോടെ, ആരോഗ്യസംരക്ഷണത്തിനും ബയോടെക്നോളജി പരിഹാരങ്ങൾക്കുമുള്ള ആഗോള ആവശ്യം പ്രയോജനപ്പെടുത്തുന്നതിനുള്ള ആകർഷണീയമായ ലക്ഷ്യസ്ഥാനമായി കേരളത്തിന്റെ ചലനാത്മകമായ ആവാസവ്യവസ്ഥ പ്രവർത്തിക്കുന്നു. ഈ ചലനാത്മകത നൂതനത്വത്തെ മാത്രമല്ല, വിവിധ മേഖലകളിലെ വളർച്ചയെയും പ്രോത്സാഹിപ്പിക്കുന്നു.

ഇന്ത്യയുടെ ആരോഗ്യപരിപാലന മേഖലയ്ക്ക് വിവിധ മേഖലകളിൽ വളരാനുള്ള വലിയ സാധ്യതകളുണ്ട്. ആഗോളതലത്തിൽ, ഈ മേഖലയുടെ വലുപ്പം 10 ട്രില്യൺ ഡോളറിന്റേതാണ്. ഇന്ത്യൻ ആരോഗ്യസംരക്ഷണമേഖല ഏകദേശം 372 ബില്യൺ ഡോളറിന്റേതുമാണ്. 22% എന്ന സംയുക്ത വാർഷിക വളർച്ചാ നിരക്കിൽ (സിഎജിആർ) ഇത് വളരുന്നു. 2023-ൽ 98.98 ബില്യൺ ഡോളർ മൂല്യമുള്ള ഇന്ത്യയിലെ ഹോസ്പിറ്റൽ വിപണി, 2024 മുതൽ 2032 വരെയുള്ള കാലയളവിൽ 8.0 ശതമാനം സിഎജിആർ വളർച്ച സൂചിപ്പിച്ചു മികച്ച മുന്നേറ്റം നടത്താൻ ഒരുങ്ങുകയാണ്. 2032 ആകുമ്പോഴേക്കും മേഖലയുടെ വിപണി മൂല്യം 193.59 ബില്യൺ ഡോളറിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. ഉദാഹരണത്തിന്, ടെലിമെഡിസിൻ വിപണി 2025 ഓടെ 5.4 ബില്യൺ ഡോളറിലെത്തുമെന്നാണ് പ്രതീക്ഷ. ഹെൽത്ത് കെയറിലെ എഐ ആപ്ലിക്കേഷനുകൾ 2024 ഓടെ 45 ശതമാനം വാർഷികനിരക്കിൽ വളരുമെന്നും പ്രവചിക്കപ്പെടുന്നു. ഇത് സാങ്കേതികവിദ്യാധിഷ്ഠിത ആരോഗ്യസംരക്ഷണ പരിഹാരങ്ങളിലേക്കുള്ള വിപുലമായ മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. ചുരുക്കത്തിൽ, കേരളത്തിന്റെ ആരോഗ്യമേഖല അഭൂതപൂർവമായ വളർച്ചയുടെയും നൂതനത്വത്തിന്റെയും പടിവാതിൽക്കൽ നിൽക്കുകയാണ്.



നാലാം ലോക കേരള സഭ





# ലോകമേ കേരളം
# കേരളമേ ലോകം

**കേരളത്തിന്റെ വരുംകാല വ്യാവസായിക വളർച്ചകളിലേക്ക് പ്രധാനമായും പരിഗണിക്കാവുന്ന മൂന്ന് പ്രമുഖ മേഖലകളാണ് HOSPITALITY, HEALTH & IT**





**രവി പിള്ള**
ഡയറക്ടർ, നോർക്ക റൂട്ട്സ്
ചെയർമാൻ, ആർ പി ഗ്രൂപ്പ് ഓഫ് കമ്പനീസ്

ഭൂമിശാസ്ത്രപരമായ അതിരുകൾ ഭേദിച്ചുകൊണ്ട് കേരളം ഇന്ന് ഒരു വിശ്വസമൂഹമായി പരിണാമം പ്രാപിച്ചിരിക്കുകയാണ്. ഈ വിശ്വ കേരളത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഒരു പ്രവാസി എന്ന നിലയിൽ ഞാൻ അഭിമാനിക്കുന്നു, സന്തോഷിക്കുന്നു.

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളോടുള്ള കേരള ഗവൺമെന്റിന്റെ പ്രതിബദ്ധതയുടെ ഒരു നേർക്കാഴ്ചയാണ് ഈ നാലാം സമ്മേളത്തിലേക്ക് കടക്കുന്ന ലോക കേരളസഭ. ഈ ഉദ്യമത്തിന് തുടക്കം കുറിക്കുകയും വിജയകരമായി ഈ സഭ നടത്തിക്കൊണ്ടു പോവുകയും ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും കേരള ഗവണ്മെന്റിനോടുമുള്ള നന്ദിയും രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

കേരളത്തിന്റെ വ്യവസായ വികസനത്തിന് പ്രവാസികളുടെ പങ്ക് നിസ്തുലമാണ്.ആശയമായും അറിവായും അനുഭവമായും അർഥമായും പ്രവാസി മലയാളികൾ കേരള വ്യവസായ വളർച്ചയ്ക്ക് നിരന്തരം സംഭാവന ചെയ്യുന്ന ഒരു വലിയ സമൂഹമാണ്.

ജീവിതത്തിന്റെ വസന്തകാലം മുഴുവൻ പ്രവാസ ജീവിതത്തിൽ നിന്നുകൊണ്ട് കഠിനാധ്വാനം ചെയ്തു സമ്പാദിക്കുന്ന/ സ്വരൂപിക്കുന്ന ധനം നാട്ടിൽ ചെറുകിട/ ഇടത്തരം സംരംഭങ്ങൾ തുടങ്ങാൻ വിനിയോഗിക്കുന്ന പ്രവാസികൾ മുതൽ വലിയ മൂലധനം മുടക്കി വ്യവസായം തുടങ്ങുന്ന പ്രവാസികളെ വരെ നമുക്ക് കേരളത്തിന്റെ വ്യവസായ മണ്ണിൽ കാണാൻ സാധിക്കും.


സാങ്കേതികവിദ്യയിലും, ലോക സമൂഹത്തിന്റെ ചിന്തയിലും, ജീവിതത്തിലും പ്രവർത്തനത്തിലും ഉണ്ടായ സമൂലമായ മാറ്റം മൂലം ലോകമെമ്പാടുമുള്ള വ്യവസായ ഘടനയിലും മാറ്റം ഉണ്ടാവുകയാണ്. ഈ പുതിയ AI യുഗത്തിൽ തൊഴിലിന്റെ പുനർവിതരണം നടക്കും. അതോടൊപ്പം പുതിയ തൊഴിലുകളും പിറക്കും. അറിവ് മാത്രമല്ല വൈദഗ്ധ്യവും പ്രധാനമാണ്. സാങ്കേതികവിദ്യയിലൂടെ, പരിസ്ഥിതി സൗഹൃദമായി നിന്നുകൊണ്ട് ലോകമെമ്പാടുമുള്ള സമൂഹത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യാവസായിക വാണിജ്യ സംരംഭങ്ങൾക്കാണ് ഇനി സാധ്യത.

കേരളത്തിന്റെ മാനവ വിഭവ ശേഷി ലോകപ്രശസ്തമാണ്. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ മാനവ വിഭവ ശേഷിയും മൂലധനശേഷിയും കേരളത്തിന്റെ സമഗ്രമായ വ്യവസായ പുരോഗതിക്ക് വിനിയോഗിക്കുവാനുള്ള ഒരു വലിയ സാധ്യതയാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്.

പൂർണ്ണ തോതിൽ പ്രവാസി സമ്പാദ്യത്തെയും നിക്ഷേപത്തെയും കേരളത്തിന്റെ വ്യാവസായിക മണ്ഡലത്തിന്റെ ചാലകശക്തിയായി ഉപയോഗപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്

കേരളത്തിന്റെ വരുംകാല വ്യാവസായിക വളർച്ചകളിലേക്ക് പ്രധാനമായും പരിഗണിക്കാവുന്ന മൂന്ന് പ്രമുഖ മേഖലകളാണ് HOSPITALITY, HEALTH & IT.

ലോകം അറിയുന്ന, ലോകം അനുഭവിക്കുന്ന, ലോകം ആദരിക്കുന്ന കേരളീയ പ്രവാസി സമൂഹം നമ്മുടെ കേരളത്തിന്റെ വ്യവസായ പുരോഗതിയുടെ മുഖ്യപങ്കാളികളാണ്. ഈ പങ്കാളിത്തം വർധിപ്പിച്ചുകൊണ്ട് നമുക്ക് ഒരു പുതിയ വ്യവസായ വസന്തത്തിന് തുടക്കം കുറിക്കാം.







# മലയാളിപ്രവാസത്തിന്റെ നാൾവഴികൾ

**കണ്ണുനീരിന്റെ ഉപ്പു കലർന്നതാണ് മലയാളികളുടെ പ്രവാസകഥകൾ**



കെ.വി അബ്ദുൾ ഖാദർ
മുൻ എംഎൽഎ, പ്രവാസിക്ഷേമനിധി ബോർഡ് അധ്യക്ഷൻ

ഉപജീവനത്തിനായി കടൽ കടന്നവർ കൂടിയാണ് ആധുനിക കേരളം സൃഷ്ടിച്ചത്. നവോത്ഥാന -ദേശീയപ്രസ്ഥാനങ്ങളുടെ പിറവിക്കുമുൻപെ മലയാളി കുടിയേറ്റത്തൊഴിലാളികൾ കൊളംബോയിലേയും പിനാങ്കിലെയും റംഗൂണിലെയും നഗരവഴികളിലും മലമടക്കുകളിലും എത്തിപ്പെട്ടിരുന്നു. തൊഴിലന്വേഷകരായ നിരവധിപേർ സിലോൺ,മലേഷ്യ, ബർമ്മ എന്നിവിടങ്ങളിൽ എത്തിപ്പെട്ടിരുന്നു. സിലോൺ ബ്രിട്ടീഷ് അധീനതയിൽ ആയിരുന്നതുകൊണ്ട് അവിടേക്കാണ് ഏറ്റവും കൂടുതൽ പേർ പോയത്. അവിടുത്തെ സാമൂഹിക, സാമ്പത്തിക മേഖലകളിൽ മലയാളികൾ സജീവ സാന്നിധ്യമായിരുന്നു.

പ്രത്യേകം എടുത്തു പറയേണ്ടത് പഴയ കൊച്ചി-തിരുവിതാംകൂർ മേഖലയിൽ നിന്നാണ് കൂടുതൽപേർ ഇവിടെ എത്തിപ്പെട്ടത് എന്നതാണ്. ചായ, കാപ്പി തോട്ടങ്ങളിലും അബ്കാരി, ബീഡി വ്യവസായങ്ങളിലു മൊക്കെയായിരുന്നു അന്ന് മലയാളികൾ പണിയെടുത്തിരുന്നത്.

## സിലോണിലെ മലയാളി

ശ്രീനാരായണ ഗുരുവിന്റെ കൊളംബോ സന്ദർശനവും നവോത്ഥാന പ്രസ്ഥാനങ്ങളിലെ പങ്കാളിത്തവുമെല്ലാം സിലോൺ മലയാളികൾ സാമൂഹികമുന്നേറ്റങ്ങളിൽ വഹിച്ച പങ്കിനെ അടയാളപ്പെടുത്തുന്നു. രണ്ടു തവണ എ കെ ജി സിലോൺ സന്ദർശിച്ചിട്ടുണ്ട്. പ്രഭാതം പത്രത്തിന്റെ ഫണ്ടിനായി 1930 കളിലും ദേശാഭിമാനി ഫണ്ടിനായി 40 കളിലും അദ്ദേഹം കൊളംബോയിലെത്തി. ആത്മകഥയിൽ ഇക്കാര്യങ്ങൾ വിശദമായി അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. കൊടുങ്ങല്ലൂർ, നാട്ടിക മേഖലകളിൽ നിന്നുള്ള ആയിരങ്ങളെ താനവിടെ നേരിട്ടുകണ്ടതായി എ കെ ജി പറയുന്നു.

സിലോണിൽ നിന്ന് ഒരു മലയാളപത്രം പ്രസിദ്ധീകരിച്ചിരുന്നു. എ.സി രാമൻ പത്രാധിപരായി 'സിലോൺ മലയാളി' എന്ന പേരിലാണ് പത്രം പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്. 1980 ൽ പുറത്തിറങ്ങിയ സിലോൺ മലയാളി സ്മരണിക വിലപ്പെട്ടൊരു ചരിത്രരേഖയാണ്.

ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം നേടിയ ശേഷം സിലോണിലെ ആഭ്യന്തരരാഷ്ട്രീയത്തിലുണ്ടായ മാറ്റം മലയാളികൾക്ക് ഗുണകരമായിരുന്നില്ല. ഉദ്യോഗമേഖലകളിലെ മലയാളി ആധിപത്യം സിംഹളരിൽ അസൂയ കലർന്ന പ്രതിഷേധമായി മാറി. മലയാളികളെ കൊച്ചിയാന്മാർ എന്നാണ് പരിഹാസത്തോടെ ഇവർ വിളിച്ചിരുന്നത്. ഏതായാലും 1950 കളുടെ അവസാനത്തോടെ മലയാളികൾക്ക് വലിയ തോതിൽ തിരിച്ചുപോരേണ്ടി വന്നു. മലേഷ്യ, സിംഗപ്പൂർ, ബർമ്മ എന്നിവിടങ്ങളിലും വ്യത്യസ്തകാരണങ്ങളാൽ മലയാളികളുടെ തൊഴിൽസാഹചര്യങ്ങൾക്ക് മങ്ങലേറ്റു.

# ദുരിതത്തിരമാലകളിൽ സ്വപ്നഭൂമിയിലേക്ക്

ഗൾഫ് മലയാളികളുടെ സ്വപ്നഭൂമിയായി മാറുന്നത് അറുപതുകളിലാണ്. അനധികൃത കുടിയേറ്റമായിരുന്നു അന്ന് നടന്നത്. ലോഞ്ചുകളിലും പത്തേമാരികളിലുമായാണ് വൻ തോതിൽ വിവിധ ഗൾഫ് രാജ്യങ്ങളിൽ എത്തപ്പെട്ടു. ചേറ്റുവ വേലായുധൻ എന്ന സാഹസികനായ ഒരു തൊഴിലാളി ഉണ്ടായിരുന്നു. അയാളുടെ പത്തേമാരിയിൽ അനേകംപേർ അക്കരെയെത്തിയിട്ടുണ്ട്. മുംബെയിൽനിന്നാണ് ഏറ്റവും കൂടുതൽ പേർ കടൽ കടന്നത്. ലോഞ്ചു യാത്ര ജീവൻ പണയം വച്ചുള്ള സാഹസിക യാത്രയായിരുന്നു. എന്റെ പിതാവ് കെ.വി അബു ലോഞ്ചിലാണ് ഗൾഫിലേക്ക് പോയത്. ആ യാത്രയെക്കുറിച്ച് എത്രയോ തവണ എന്നോട് പറഞ്ഞിട്ടുണ്ട്. പത്തോ ഇരുപതോ പേർക്ക് യാത്ര ചെയ്യാൻ സൗകര്യമുള്ള ഒരു നൗകയിൽ നൂറിലേറെ പേർ. അർദ്ധപട്ടിണിയിലാണ് യാത്ര. കടൽചൊരുക്ക് മൂലം ഛർദ്ദിച്ച് അവശരായ മനുഷ്യർ. പനിയും അസുഖങ്ങളും മൂലം പലർക്കും നിൽക്കാൻ കൂടി വയ്യ. കാറ്റിലും തിരയിലും പെട്ട് ലോഞ്ച് ആടിയുലയുമ്പോൾ ഇനി ജീവിതത്തിലേക്കില്ലെന്ന് കരുതിയ നിമിഷങ്ങളുണ്ട്. ഒടുവിൽ പത്ത് ദിവസത്തെ യാത്രയ്ക്കൊടുവിൽ ഇതാ ഗൾഫെത്തി എന്ന് വിളിച്ചു പറയുമ്പോൾ തല ഉയർത്താൻ പോലുമാകാതെ തളർന്ന് കിടന്ന മനുഷ്യർ കരയിലേക്കിറങ്ങാൻ തയ്യാറാകുന്നു.

> ഗൾഫ് മലയാളികളുടെ സ്വപ്നഭൂമിയായി മാറുന്നത് അറുപതുകളിലാണ്. അനധികൃത കുടിയേറ്റമായിരുന്നു അന്ന് നടന്നത്. ലോഞ്ചുകളിലും പത്തേമാരികളിലുമായാണ് വൻ തോതിൽ വിവിധ ഗൾഫ് രാജ്യങ്ങളിൽ എത്തപ്പെട്ടു

ദുബായ്, ഖത്തർ, റാസൽ ഖൈമ, ഫുജൈറ, സൗദി തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലെല്ലാം ലോഞ്ചുകളിൽ മലയാളികൾ എത്തി. അറബ് ജനത ഹൃദയം കൊണ്ടാണ് കുടിയേറ്റ തൊഴിലാളികളെ വരവേറ്റത്. ആടുജീവിതമെന്ന ബെന്യാമിന്റെ നോവൽ പ്രസിദ്ധീകരിച്ച തൃശൂർ ഗ്രീൻ ബുക്ക്സിന്റെ സ്ഥാപകൻ കൃഷ്ണദാസ് എഴുതിയ ' ദുബായ് പുഴ' യിൽ വളരെ ഹൃദയസ്പർശിയായി ഇക്കാര്യങ്ങൾ വിവരിക്കുന്നുണ്ട്. കൃഷ്ണദാസ് ലോഞ്ചിൽ ഗൾഫിൽ എത്തിയയാളാണ്. അറബികൾ കടൽ കടന്ന് അക്കരെയെത്തിയ മനുഷ്യരോട് സ്നേഹാർദ്രമായ നിലയിലാണ് പെരുമാറിയത്. ഭരണാധികാരികളുടെ കൊട്ടാരങ്ങളിലും പ്രതിരോധസേനയിലും ഉൾപ്പെടെ എല്ലാ തുറകളിലും തൊഴിൽ നൽകിയാണ് അവർ നമ്മളെ വരവേറ്റത്. ഗൾഫിന്റെ വികസനത്തിന്റെ ആദ്യഘട്ടങ്ങളിൽ പ്രതിജ്ഞാബദ്ധതയോടെ മലയാളികൾ പ്രവർത്തിച്ചു. സ്വീകാര്യതയുടെ അഭൂതപൂർവമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഗൾഫിലെ ഒന്നാം തലമുറ പ്രവാസികൾ സ്തുത്യർഹമായ പങ്ക് നിർവ്വഹിച്ചു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഗ്രാമ,നഗര വ്യത്യാസമില്ലാതെ ജനജീവിതം മാറ്റുന്നതിൽ പ്രവാസി പണം സർഗ്ഗാത്മകമായ സ്രോതസ്സായി മാറി.

## കാത്തിരിക്കുന്ന കത്തുകൾ

നാടും നഗരവും പ്രവാസ ജീവിതവുമെല്ലാം ഇന്ന് വളരെയേറെ മാറ്റങ്ങൾക്ക് വിധേയമായി. അത് സ്വാഭാവികമാണ്. അറുപതുകളിൽ ഗൾഫിൽ എത്തിയ പ്രവാസികളുടെ ജീവിതം കഠിനമായ അവസ്ഥകളെ നേരിട്ടുള്ളതായിരുന്നു. അബുദാബിയിൽ 1966 ൽ എത്തിയ മുഹമ്മദ് പറഞ്ഞത് ഞാനോർക്കുന്നു. കത്തുന്ന ഗൾഫ് വേനൽക്കാലത്ത് ഇരുമ്പുതകരമടിച്ച ഷെഡ്ഡിൽ എത്രയോ ആഴ്ചകൾ കിടന്നുറങ്ങിയിട്ടുണ്ട്. എയർ കണ്ടീഷണർ അന്ന് എല്ലാവർക്കും ലഭ്യമായിരുന്നില്ല. എഴുപതുകൾ ആയപ്പോൾ ഇതിൽ മെല്ലെ മാറ്റങ്ങൾ വന്നു തുടങ്ങി. വിവരകൈമാറ്റവും ആദ്യഘട്ടങ്ങളിൽ ദീർഘകാലമെടുക്കുന്നതായിരുന്നു. കത്തുകൾ അയച്ചാൽ മറുപടി ലഭിക്കുമ്പോഴേക്ക് മാസം പിന്നിട്ടിരിക്കും. ഗൾഫിൽ നിന്ന് നാട്ടിലേക്കുള്ള ഫോൺ സൗകര്യം പിന്നെയും വർഷങ്ങൾ കഴിഞ്ഞാണ് ലഭ്യമായത്. 1981 ഒക്ടോബറിലാണ് ഞാൻ ഗൾഫിൽ എത്തിയത്. 43 വർഷങ്ങൾക്ക് മുമ്പ്. അന്നത്തെ വിവരകൈമാറ്റ അനുഭവം ഇന്നോർക്കുമ്പോൾ പഴഞ്ചനായിരിക്കുന്നു. വീട്ടിലേക്ക് കത്തെഴുതിയാൽ അത് നാട്ടിലെത്താൻ ഏതാണ്ട് ഒരാഴ്ച. മറുപടി ലഭിക്കുന്നത് ഒരാഴ്ച കഴിഞ്ഞ്.

ഗൾഫിലേക്കും തിരിച്ചുള്ള യാത്രയുടെ മാറ്റവും ക്രമേണ ഉണ്ടായതാണ്. 1950 - 60 വർഷങ്ങളിൽ പോയവർ മിക്കവരും ലോഞ്ചുകളിലും പത്തേമാരികളിലും പോയവരാണ്.

കപ്പലുകൾ അന്ന് ചെലവേറിയതായിരുന്നു. ഗൾഫിൽ നിന്ന് നാട്ടിലേക്ക് മൂന്ന് മുതൽ അഞ്ച് ദിവസം വരെ എടുത്തിരുന്നു കപ്പൽ യാത്ര. എഴുപതുകളിൽ ഗൾഫ് -മുംബെ വിമാന സർവീസ് സജീവമായി. എൻപതുകളുടെ തുടക്കത്തിൽ തിരുവനന്തപുരം, പിന്നീട് കൊച്ചി, കോഴിക്കോട്, കണ്ണൂർ സർവീസുകളും വ്യാപകമായി. ഇന്നിപ്പോൾ മൂന്നേമുക്കാൽ മണിക്കൂർ കൊണ്ട് കേരളത്തിൽ നിന്ന് ദുബായിലെത്താം. തിരുവനന്തപുരത്തുനിന്ന് ദില്ലിയിലേക്ക് നാലു മണിക്കൂറിലധികം സമയമെടുക്കും. യാത്രാസമയം, സൗകര്യം ഇതെല്ലാം വലിയ തോതിൽ വർധിച്ചു. ഗൾഫ് മലയാളികളെ വിമാന ടിക്കറ്റ് ചാർജിന്റെ കാര്യത്തിൽ പിഴിയുന്നതും ഒരാചാരം കണക്കെ ആയിരിക്കുന്നു. ഏതായാലും ആദ്യകാലപ്രവാസത്തിന്റെ ദുരിതാവസ്ഥകളിൽ നിന്ന് പുതിയ കാലത്തിലേക്കുള്ള മാറ്റങ്ങൾ എല്ലാത്തലത്തിലും തൊട്ടറിയാനാകും.







വര: വി എസ് പ്രകാശ്





# ലോക കേരളസഭയുടെ **ഭാവി**

ലോകകേരളത്തിന്റെ ഉത്തമതാൽപര്യങ്ങൾ മുൻനിർത്തി സഭ എടുക്കുന്ന തീരുമാനങ്ങളെ ഗൗരവത്തിൽ എടുക്കാൻ ലോകമെമ്പാടുമുള്ള കേരളീയർ മുന്നോട്ടുവരും



ഡോ. കെ. എൻ. ഹരിലാൽ

കേരളം സംസ്ഥാനത്തിന്റെ അതിർത്തികൾ പിന്നിട്ട് ലോകമാകെ പടർന്നുവളർന്നു വിശ്വകേരളമായി മാറിയിരിക്കുന്നു എന്ന തിരിച്ചറിവാണല്ലോ ലോക കേരള സഭയ്ക്ക് രൂപം നൽകാൻ സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ചത്. കേരളമെന്നത് സംസ്ഥാനത്തിന്റെ അതിർത്തികൾക്കുള്ളിൽ ഒതുക്കി നിർത്താവുന്ന ഒന്നല്ല എന്ന യാഥാർഥ്യം ഇപ്പോൾ ഏവരും ഉൾക്കൊള്ളുന്നുണ്ട്.

അകംകേരളം പോലെ പ്രധാനമാണ് പുറംകേരളവും എന്നത് കേരളീയർ തിരിച്ചറിയുന്നു. കേരളത്തിന്റെ ഭൂപ്രദേശാനന്തര വളർച്ച ശക്തമായി തുടരും എന്ന കാര്യത്തിലും വലിയ തർക്കമുണ്ടാകും എന്ന് തോന്നുന്നില്ല. കുടിയേറ്റത്തിന്റെയും പ്രവാസത്തിന്റെയും പ്രാധാന്യം ലോകമെമ്പാടും പൊതുവേ വർധിക്കുകയാണ്. ഐക്യരാഷ്ട്രസംഘടനയുടെ കണക്കുകൾ പ്രകാരം 1970ൽ കുടിയേറ്റ ജനസംഖ്യ 8.4 കോടിയായിരുന്നത് 2020 ൽ 28 കോടിയായി വർധിച്ചിരിക്കുന്നു. മൊത്തം ലോകജനസംഖ്യയിൽ കുടിയേറ്റ ജനതയുടെ അനുപാതം 1970 ൽ 2.3 ശതമാനം ആയിരുന്നത് 2020 ൽ 3.6% ആയി ഉയർന്നു. യഥാർഥത്തിൽ ദേശീയതകളും ഉപദേശീയതകളും ഭൂപ്രദേശാതീതമായി വളരുന്നത് ഒരു ആഗോളപ്രതിഭാസമാണ്. ദേശീയ ജനവിഭാഗങ്ങൾ അവരുടെ തട്ടകം വിട്ട് വളർന്നുപടരുന്ന ഈ ആഗോളപ്രതിഭാസത്തിന്റെ മുൻനിരയിലാണ് കേരളത്തിന്റെ സ്ഥാനം എന്നതാണ്  ലോക കേരള സഭയെ ഏറെ പ്രസക്തമാക്കുന്നത്.

സ്വന്തം നാടുവിട്ട്  പുറംനാടുകളിലേക്ക് ചിതറിപ്പരക്കുന്ന ഒരു ദേശീയ, ഉപദേശീയ സമൂഹത്തിന് അതിന്റെ അസ്തിത്വം നിലനിർത്തി ഒരു സമൂഹമായി തുടരുക എന്നത് എളുപ്പമല്ല. ഒരുമിച്ച് ജീവിക്കുകയും നാനാജാതി വിനിമയങ്ങളിൽ ഏർപ്പെടുകയും ചെയ്തുകൊണ്ടല്ലാതെ പൊതുസംസ്കാരവും ഐക്യവും അസ്തിത്വവും നിലനിർത്താൻ ആവില്ല. ഭാഷയും സംസ്കാരവും നിലനിൽക്കണമെങ്കിൽ ജനങ്ങൾ പരസ്പരം ഇടപഴകുകയും സംസാരിക്കുകയും കേൾക്കുകയും എഴുതുകയും വായിക്കുകയും കലാപ്രകടനങ്ങൾ നടത്തുകയും ആസ്വദിക്കുകയും മറ്റും വേണം. പുറംനാടുകളിൽ എത്തി അവിടെ ജീവിക്കേണ്ടിവരുന്ന കേരളീയരുടെ കൂട്ടായ്മകൾ, പരസ്പര സഹകരണം, കലാസാംസ്കാരിക, സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ, നാടുമായും നാട്ടുകാരുമായുള്ള ബന്ധങ്ങളുടെ നൈരന്തര്യം ഇവയ്ക്കൊക്കെ ഇതിൽ പ്രധാന പങ്കുണ്ട്. കേരളീയർ തമ്മിലുള്ള ബന്ധങ്ങളുടെ ഇഴയടുപ്പം കാത്തുസൂക്ഷിക്കുകയും വളർത്തിയെടുക്കുകയുമാണ് ലോക കേരള സഭയുടെ അടിസ്ഥാനധർമ്മം. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടേറെ വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും സർക്കാർ അർദ്ധസർക്കാർ ഏജൻസികളും ഉണ്ട്. അവയെല്ലാം കൂട്ടിയിണക്കുന്ന വിശ്വകേരളത്തിന്റെ പൊതുവേദി എന്ന നിലയ്ക്കാണ് ലോക കേരളസഭ പ്രവർത്തിക്കേണ്ടത്.

## കേരളം പുറംകേരളത്തോടൊപ്പം ഉണ്ടാകണം

പ്രവാസികളുടെ അന്തരംഗം കേരളമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണമെങ്കിൽ പ്രവാസത്തിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഗണിക്കുന്നതിന് സ്വന്തം നാടും ഒപ്പമുണ്ട് എന്ന തോന്നലാണ് ആദ്യം ഉണ്ടാവേണ്ടത്. പ്രവാസത്തിനു മുൻപും പ്രവാസത്തിലും തിരികെ എത്തിയതിനുശേഷവും പലതരം പ്രശ്നങ്ങളാണ് അവർ അഭിമുഖീകരിക്കുന്നത്. കേരളത്തിനു പുറത്ത് കേരളീയരായ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സംസ്ഥാനസർക്കാരിന് പരിമിതികളുണ്ട് എന്നത് വിസ്മരിക്കരുത്. വിദേശകാര്യം എന്ന നിലയിലാണ് കുടിയേറ്റ,

> “പ്രവാസത്തിനു മുൻപും പ്രവാസത്തിലും തിരികെ എത്തിയതിനുശേഷവും പലതരം പ്രശ്നങ്ങളാണ് അവർ അഭിമുഖീകരിക്കുന്നത്. കേരളത്തിനു പുറത്ത് കേരളീയരായ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സംസ്ഥാനസർക്കാരിന് പരിമിതികളുണ്ട് എന്നത് വിസ്മരിക്കരുത്”

പ്രവാസവിഷയങ്ങളെ ഇന്ത്യൻ ഭരണഘടന കാണുന്നത്. പ്രവാസത്തിൽ ഇന്ത്യൻ പൗരന്മാർ നേരിടുന്ന മനുഷ്യാവകാശ, തൊഴിൽ പ്രശ്നങ്ങളിൽ ഇടപെടുന്നതിനുള്ള അധികാരവും ഉത്തരവാദിത്വവും പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. ഇന്ത്യക്കാരായ തൊഴിലാളികളുടെ പ്രശ്നങ്ങൾ അതത് രാജ്യങ്ങളുടെ ഭരണാധികാരികളുടെ മുന്നിൽ ഉന്നയിക്കാനുള്ള അധികാരവും പ്രവാസികളുടെ പ്രശ്നങ്ങൾ ഐക്യരാഷ്ട്രസംഘടനയിലും ഇതര ആഗോളവേദികളിലും ഉന്നയിക്കാൻ കഴിയുന്നതും കേന്ദ്രസർക്കാരിനാണ്. റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കുന്നതടക്കമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന എമിഗ്രേഷൻ നിയമം കാലോചിതമായി പുതുക്കാനും നടപ്പിലാക്കാനുമുള്ള അധികാരവും കേന്ദ്രസർക്കാരിനാണ്. കേരളീയർ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളിലും കേന്ദ്രസർക്കാരിന്റെ മധ്യസ്ഥതയിൽ മാത്രമേ പ്രശ്നപരിഹാരം സാധ്യമാവൂ.

പ്രവാസികളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഇടപെടാനുള്ള അധികാരം കേന്ദ്രസർക്കാരിന് മാത്രമാണെങ്കിൽ കേരളം രൂപവൽക്കരിച്ച ലോക കേരളസഭയ്ക്ക് എന്തു പ്രസക്തി എന്ന ചോദ്യം സംഗതം ആണ്. ലോകത്ത് തന്നെ ഏറ്റവും ഉയർന്ന പ്രവാസസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഒന്നാണ് കേരളം. അതുകൊണ്ട് കേരളീയരായ പ്രവാസികളുടെ മാത്രമല്ല ലോകമെമ്പാടുമുള്ള പ്രവാസികളുടെ പ്രശ്നങ്ങളിലേക്ക് ദേശീയസർക്കാരിന്റെയും സാർവദേശീയസ്ഥാപനങ്ങളുടെയും ശ്രദ്ധ ക്ഷണിക്കാനുള്ള ഉത്തരവാദിത്വം കേരളത്തിനുണ്ട്. ലോക കേരള സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്ന് പ്രവാസികളുടെ പ്രശ്നങ്ങളിലേക്ക് ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും ശ്രദ്ധ ക്ഷണിക്കുകയും പരിഹാരം തേടുകയും ആണ്.

സാധനങ്ങളുടെയും സേവനങ്ങളുടെയും അന്തർദേശീയ വ്യാപാരത്തിൽ ഏർപ്പെടുന്നതും വൻകിട വിദേശനിക്ഷേപം നടത്തുന്നതുമായ മൂലധന ഉടമകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിരവധി അന്തർദേശീയ കരാറുകളും സ്ഥാപനങ്ങളും നിലവിലുണ്ട്. ഇതിനായി സ്വതന്ത്ര വ്യാപാരകരാറുകളുടെ ഭാഗമായി ഉപകരാറുകൾക്കും രൂപം നൽകാറുണ്ട്. എന്നാൽ കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ അംഗരാജ്യങ്ങളെ ബാധ്യസ്ഥമാക്കുന്ന അന്താരാഷ്ട്ര കരാറുകൾ ഒന്നും നിലവിലില്ല. ലോക തൊഴിൽസംഘടനയിൽ രൂപപ്പെട്ട ഉടമ്പടികൾക്കും മാർഗനിർദേശ/ ഉപദേശ സ്വഭാവം മാത്രമാണ് ഉള്ളത്. മൂലധന ഉടമകളോട് കാണിക്കുന്ന താൽപര്യവും ഉത്തരവാദിത്വവും കുടിയേറ്റ തൊഴിലാളികളോട് കാണിക്കാൻ അന്താരാഷ്ട്രവ്യവസ്ഥ തയ്യാറാകുന്നില്ല.

ഈ അവഗണനയുടെ ചിത്രം വ്യക്തമാക്കുന്ന ഒരു കൂട്ടം കരാറുകൾ അടുത്തകാലത്ത് ഇന്ത്യയും യുണൈറ്റഡ് അറബ് എമിറ്റേറ്റ്സുമായുള്ള ചർച്ചയിൽ അംഗീകരിക്കപ്പെടുകയുണ്ടായി. ഇന്ത്യയും യുഎഇയും തമ്മിൽ വ്യാപാരമടക്കമുള്ള സാമ്പത്തികബന്ധങ്ങളെ ശക്തമാക്കുന്നതിനുള്ള കരാറുകൾ ഒപ്പുവയ്ക്കപ്പെട്ടെങ്കിലും കുടിയേറ്റത്തെ സംബന്ധിക്കുന്ന ഒരു കരാറും പരിഗണിക്കപ്പെട്ടില്ല. വാസ്തവത്തിൽ ഇന്ത്യ, യുഎഇ സഹകരണരംഗത്ത് ആദ്യം ഒപ്പുവയ്ക്കേണ്ടിയിരുന്നത് പ്രവാസം സംബന്ധിച്ച കരാറാണ്. ഇന്ത്യയും യുഎഇയും തമ്മിലുള്ള സാമ്പത്തികബന്ധങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട കണ്ണി കുടിയേറ്റമാണ് എന്നത് ആർക്കാണ് അറിയാത്തത്. യഥാർഥത്തിൽ കുടിയേറ്റ തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിന് ഇന്ത്യ എല്ലാ പ്രധാന ആതിഥേയ രാജ്യങ്ങളുമായും ഉഭയകക്ഷി കരാറുകളിൽ ഏർപ്പെടേണ്ടതാണ്.

എന്തുകൊണ്ടാണ് പ്രവാസികളുടെ കാര്യത്തിൽ ഉഭയകക്ഷികരാറുകളോ ബഹുരാഷ്ട്ര കരാറുകളോ ഉണ്ടാവാത്തത്. ഇന്ത്യയാണ് ഏറ്റവും കൂടുതൽ കുടിയേറ്റ തൊഴിലാളികളെ ആഗോള തൊഴിൽ കമ്പോളത്തിലേക്ക് അയക്കുന്നത്. ഇന്ത്യതന്നെയാണ് ഏറ്റവും കൂടുതൽ പ്രവാസിപ്പണം നേടുന്ന രാജ്യവും. ഇന്ത്യ, നേപ്പാൾ ശ്രീലങ്ക, പാകിസ്ഥാൻ, ബംഗ്ലാദേശ്, ഫിലിപ്പീൻസ്, മെക്സിക്കോ തുടങ്ങി തൊഴിൽശക്തി കയറ്റി അയക്കുന്ന പ്രമുഖ രാജ്യങ്ങൾ എല്ലാം തന്നെ ദരിദ്രരാജ്യങ്ങളാണ്. പ്രവാസം സംബന്ധിച്ച് ഫലപ്രദമായ അന്തർദേശീയ കരാറുകൾക്ക് വേണ്ടി വാദിക്കാനുള്ള ശക്തിയും ഇച്ഛാശക്തിയും ഈ രാജ്യങ്ങൾക്ക് ഇല്ല എന്ന് വേണം മനസ്സിലാക്കാൻ. പ്രവാസികളോട് സ്വന്തം രാജ്യത്തെ ഭരണകൂടങ്ങളുടെ അവഗണനയും ഇതിനു കാരണമാണ്. തൊഴിലാളിയുടെ അവകാശം സംരക്ഷിച്ചില്ലെങ്കിലും തങ്ങൾക്ക് കിട്ടാനുള്ള വിദേശനാണയം ഈ തൊഴിലാളികൾ അയച്ചുകൊള്ളും എന്ന കണക്കുകൂട്ടലും ഈ അവഗണനയുടെ കാരണമാണ്.





## നിസ്സംഗത പുലർത്താനാവില്ല

പ്രവാസികളുടെ താൽപര്യം സംരക്ഷിക്കുന്ന തരത്തിൽ ഓരോ രാജ്യത്തെയും എമിഗ്രേഷൻ നിയമങ്ങളിൽ വിശേഷിച്ചും ഇന്ത്യൻ നിയമത്തിൽ മാറ്റം വരുത്താൻ ശബ്ദമുയർത്തണം.

ഇന്ത്യ, യു.എ.ഇ സാമ്പത്തിക സഹകരണ കരാറിന്റെ ഭാഗമായി പ്രവാസികളുടെ അവകാശങ്ങൾ ഉറപ്പിക്കുന്നതിനായി, പുതുതായി ഇന്ത്യ, യു.എ.ഇ ഉഭയകക്ഷി ഉപകരാർ അംഗീകരിക്കാൻ മുൻകൈയെടുക്കണം. പ്രധാനപ്പെട്ട ആതിഥേയരാജ്യങ്ങളുമായി സമാനമായ ഉഭയകക്ഷി കരാറുകൾ ഉണ്ടാവണം. കുടിയേറ്റ തൊഴിലാളികളുടെയും പ്രവാസികളുടെയും അവകാശങ്ങൾ നിർവചിക്കുന്നതിനും സ്ഥാപിക്കുന്നതിനും പര്യാപ്തമായ അന്താരാഷ്ട്രകരാറിനായി ശബ്ദമുയർത്തണം. വ്യവസ്ഥകൾ പാലിക്കാൻ അംഗരാഷ്ട്രങ്ങളെ ബാധ്യസ്ഥമാക്കാൻ കഴിയണം. ബൗദ്ധികസ്വത്തവകാശ കരാർ ലോകവ്യാപാര സംഘടനകളുടെ ഭാഗമാക്കിയതുപോലെ കുടിയേറ്റ കരാറിനെയും പരിഗണിച്ചാൽ വ്യവസ്ഥകൾ നടപ്പിലാക്കാൻ കഴിയും.

പ്രവാസികളുടെ സാമൂഹികസുരക്ഷയും വാർധക്യകാല സംരക്ഷണവും ഉറപ്പാക്കാൻ ഒരു അന്തർദേശീയ ഫണ്ട് (ഇന്റർനാഷണൽ മൈഗ്രന്റ് ലേബർ ഫണ്ട്) രൂപവൽക്കരിക്കാൻ ശ്രമിക്കണം. ആതിഥേയ രാജ്യങ്ങൾ ഈ ഫണ്ടിലേക്ക് വിഹിതമടയ്ക്കുന്ന സമ്പ്രദായം വേണം. തൊഴിലെടുക്കുന്നവരുടെ സുരക്ഷയുടെ ഉത്തരവാദിത്വം തൊഴിലുടമയ്ക്കാണ് എന്ന അംഗീകൃതതത്വം ഇക്കാര്യത്തിൽ ഉയർത്തിപ്പിടിക്കണം ഫണ്ടിൽ നിന്നുള്ള വിഹിതം കുടിയേറ്റ തൊഴിലാളികളെ അയയ്ക്കുന്ന പ്രദേശങ്ങളിലെ പ്രവാസിസംരക്ഷണ പരിപാടികൾക്ക് ലഭ്യമാക്കണം.

## സംസ്ഥാനസർക്കാർ പദ്ധതികൾ

പ്രവാസിപ്രശ്നങ്ങളിൽ ഇടപെടുന്നതിനുള്ള പരിമിതികളെപ്പഴിച്ചു നിഷ്ക്രിയരായി ഇരിക്കുകയല്ല കേരളസർക്കാർ ചെയ്തത്. നിയമത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നും ചെയ്യാവുന്നതിന്റെ പരമാവധി ചെയ്യുക എന്ന സമീപനമാണ് കേരളം സ്വീകരിച്ചത്. ഇന്ത്യയിൽ ആദ്യമായി പ്രവാസികാര്യങ്ങൾക്കായി പ്രത്യേക വകുപ്പ് ആരംഭിച്ചതും വെൽഫെയർ ബോർഡിന് രൂപം കൊടുത്തതും കേരള മൈഗ്രേഷൻ സർവേ സംഘടിപ്പിച്ചതും ലോക കേരള സഭയ്ക്ക് രൂപം കൊടുത്തതും എല്ലാം മാതൃകാപരമാണെന്ന് പ്രവാസിസമൂഹവും മറ്റു സംസ്ഥാനങ്ങളും അംഗീകരിക്കുന്നുണ്ട്. സംസ്ഥാനസർക്കാരിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുന്നതിൽ ലോക കേരളസഭയ്ക്ക് വലിയ സംഭാവന നൽകാൻ കഴിയും. പ്രവാസി ക്ഷേമനയങ്ങൾ രൂപവൽക്കരിച്ചു നടപ്പിലാക്കുന്നതിന് പ്രവാസിസമൂഹത്തിന് അർഹമായ പങ്കാളിത്തം നൽകേണ്ടതുണ്ട്. ലോക കേരളസഭാസമ്മേളനങ്ങളും വിദേശത്ത് വിവിധ പ്രദേശങ്ങളിൽ

വിളിച്ചു ചേർക്കുന്ന മേഖലാസമ്മേളനങ്ങളും ഈ പങ്കാളിത്തമാണ് ഉറപ്പാക്കുന്നത്. ഇതിനുപുറമേ നയരൂപവൽക്കരണത്തിലും നടത്തിപ്പിലും ലോക കേരളസഭയുടെ അംഗങ്ങൾക്കും വ്യക്തിപരമായും സജീവമായും പങ്കെടുക്കാനുള്ള അവസരവും ഉണ്ട്.

## ലോക കേരള സഭയും പ്രവാസിപ്രാതിനിധ്യവും

പ്രവാസികൾ അനാഥരാണ്, പൗരത്വം നഷ്ടപ്പെട്ടവരാണ് എന്നെല്ലാം പറയാറുണ്ട്. ആതിഥേയരാജ്യങ്ങളിൽ പ്രവാസികൾക്ക് സംഘടിക്കുന്നതിന്, ശബ്ദമുയർത്തുന്നതിന് സ്വാതന്ത്ര്യമില്ല. നീതിന്യായ വ്യവസ്ഥയെ സമീപിക്കുന്നതിന് പോലും പരിമിതികൾ ഉണ്ട്. സ്വന്തം നാട്ടിൽ പോലും പ്രവാസികൾ രണ്ടാംതരം പൗരന്മാരാണ്. അഥവാ പൗരാവകാശം നിഷേധിക്കപ്പെടുന്നവരാണ്. രാജ്യംവിട്ട് പുറത്തു

> സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കേരളീയർ തമ്മിലുള്ള കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനം ഏതാണ്ട് എല്ലാ ജീവിതത്തുറകളിലും ഏറ്റെടുക്കാൻ കഴിയും. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികക്ഷേമം, കൃഷി, വ്യവസായം, കല, സംസ്കാരം, വിവരസാങ്കേതിക വിദ്യ എന്നിവയുടെ സകല മേഖലകളിലും അകംകേരളവും പുറംകേരളവും തമ്മിലുള്ള ബന്ധത്തെ പ്രോത്സാഹിപ്പിക്കാൻ കഴിയും

പോകുന്നതോടുകൂടി പൗരാവകാശങ്ങൾ നിഷേധിക്കപ്പെടുന്നതായാണ് അവർക്ക് അനുഭവപ്പെടുന്നത്. ഇന്ത്യൻ പൗരന്മാരായ പ്രവാസി തൊഴിലാളികൾ വിദേശത്ത് കൊടിയ ചൂഷണത്തിനും ആക്രമണത്തിനും വിധേയമാകുമ്പോൾ പോലും ഇന്ത്യൻ എംബസികളോ ദേശീയസർക്കാരോ സജീവമായി ഇടപെടാൻ വിസമ്മതിക്കുന്നു. ഇന്ത്യൻ പൗരന്മാരുടെ മനുഷ്യാവകാശങ്ങളും തൊഴിലവകാശങ്ങളും സ്ഥാപിച്ചെടുക്കാൻ ഇന്ത്യൻ സർക്കാരിന് ബാധ്യതയുണ്ട്. പക്ഷേ പ്രവാസികളെ സമ്പൂർണ്ണപൗരത്വമുള്ളവരായി സ്വന്തം രാജ്യത്തെ ഭരണകൂടം കാണുന്നില്ല. നിയമ, നയനിർമ്മാണ വേദികളിൽ പ്രവാസികൾക്ക് പ്രാതിനിധ്യം ഉണ്ടാവുകയാണ് ഇതിന് പരിഹാരം. നാട്ടിലെ നിയോജകമണ്ഡലങ്ങളിൽ വന്നു വോട്ട് ചെയ്യാൻ അനുവദിച്ചതുകൊണ്ട് പ്രവാസി പ്രാതിനിധ്യം ഉണ്ടാവണമെന്നില്ല. പ്രവാസികൾക്കായി പ്രത്യേകം നിയോജകമണ്ഡലങ്ങൾ ഉണ്ടാവണം. പാർലമെന്റിലും സംസ്ഥാന നിയമനിർമ്മാണസഭകളിലും പ്രവാസികളുടെ പ്രതിനിധികൾ ഉണ്ടാവണം. മറ്റു രാജ്യങ്ങളിൽ പ്രവാസി പ്രാതിനിധ്യത്തിനായി സമാനമായ പരീക്ഷണങ്ങൾ നടക്കുന്നുണ്ട്.

നിയമനിർമ്മാണ സഭകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രവാസി പ്രതിനിധികൾ വരണമെങ്കിൽ ഭരണഘടന ഭേദഗതി വേണ്ടിവരും. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഇന്ത്യയിൽ ഇത് ഭാവിയിൽ ഉണ്ടാവും എന്ന കാര്യത്തിൽ സംശയമില്ല. അതിനുമുമ്പ് ഒരു പരീക്ഷണം എന്ന നിലയിലാണ് ലോക കേരളസഭയ്ക്ക് സംസ്ഥാനം രൂപം നൽകിയത്. നിയമനിർമ്മാണവേദികളിൽ പ്രവാസികളുടെ പ്രതിനിധികൾ വരുന്നതോടുകൂടി കുടിയേറുന്ന പൗരന്മാരുടെ പ്രശ്നം ഗൗരവത്തിൽ എടുക്കാൻ സർക്കാരുകളും അന്തർദേശീയ സ്ഥാപനങ്ങളും തയ്യാറാവും. ഓരോ ലോക കേരളസഭാസമ്മേളനങ്ങളിലും നടത്തുന്ന ചർച്ചകൾ അതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതെന്തായാലും ഇന്ത്യൻ പാർലമെന്റിലും മറ്റു നിയമനിർമ്മാണ സഭകളിലും പ്രവാസി പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള ശബ്ദം ഉയരേണ്ടതുണ്ട്.

## അകംകേരളത്തിന്റെയും പുറംകേരളത്തിന്റെയും സംയുക്തവേദി

കേരളം സംസ്ഥാന അതിർത്തി വിട്ട് വളരുന്ന പശ്ചാത്തലത്തിൽ നമ്മുടെ അസ്തിത്വവും സംസ്കാരവും നിലനിൽക്കണമെങ്കിൽ അകംകേരളവും പുറംകേരളവും തമ്മിലുള്ള ബന്ധങ്ങളെ അഭേദ്യമായി വളർത്തണം എന്ന കാര്യം തുടക്കത്തിൽ സൂചിപ്പിക്കുകയുണ്ടായി. അതുതന്നെയാണ് ലോക കേരളസഭയുടെ പ്രാഥമികധർമ്മം എന്നും സൂചിപ്പിച്ചിരുന്നു. ഈ ധർമ്മം നിർവഹിക്കത്തക്ക നിലയിലാണ് ലോക കേരളസഭയുടെ ഘടന നിശ്ചയിച്ചിരിക്കുന്നത്. സഭയിൽ അകംകേരളത്തെ പ്രതിനിധീകരിക്കുന്നത് നിയമസഭാംഗങ്ങളും കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങളും ആണ്. പ്രവാസി ജനസംഖ്യ അടിസ്ഥാനമാക്കി ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽ നിന്നും ലോകരാജ്യങ്ങളിൽ നിന്നും നാമനിർദേശം ചെയ്യപ്പെടുന്ന പ്രതിനിധികളാണ് പുറംകേരളത്തെ പ്രതിനിധീകരിക്കുന്നത്. അംഗങ്ങളായ മന്ത്രിമാരും നിരീക്ഷകരായ ഉദ്യോഗസ്ഥരും എക്സിക്യൂട്ടീവിനെ പ്രതിനിധീകരിച്ചു സഭയിൽ പങ്കെടുക്കുന്നു. സഭയിൽ ചർച്ചയ്ക്ക് വരുന്നതും തീരുമാനിക്കുന്നതുമായ കാര്യങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന്റെ എല്ലാ ഏജൻസികൾക്കും ഇടപെടാം. സഭയുടെ ആഹ്വാനം അനുസരിച്ച് പ്രവർത്തിക്കാൻ സർക്കാർ ഇതര ഏജൻസികൾക്കും കേരളീയരുടെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സംഘടനകൾക്കും വ്യക്തികൾക്കും മുൻകൈയെടുക്കാം. ലോകകേരളത്തിന്റെ ഉത്തമതാൽപര്യങ്ങൾ മുൻനിർത്തി സഭ എടുക്കുന്ന തീരുമാനങ്ങളെ ഗൗരവത്തിൽ എടുക്കാൻ ലോകമെമ്പാടുമുള്ള കേരളീയർ മുന്നോട്ടുവരും. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കേരളീയർ തമ്മിലുള്ള കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനം ഏതാണ്ട് എല്ലാ ജീവിതത്തുറകളിലും ഏറ്റെടുക്കാൻ കഴിയും. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികക്ഷേമം, കൃഷി, വ്യവസായം, കല, സംസ്കാരം, വിവരസാങ്കേതിക വിദ്യ എന്നിവയുടെ സകല മേഖലകളിലും അകംകേരളവും പുറംകേരളവും തമ്മിലുള്ള ബന്ധത്തെ പ്രോത്സാഹിപ്പിക്കാൻ കഴിയും. അതിനു ആവശ്യമായ നിർദേശങ്ങളും കർമ്മപരിപാടികളുമാണ് സഭയിൽ അവതരിപ്പിച്ചു, ചർച്ചചെയ്യുന്നത്. നിർദേശങ്ങൾ വയ്ക്കാൻ സർക്കാരിനും ലോകകേരള സഭാംഗങ്ങൾക്കും അവസരമുണ്ട്. ഇത്തരം നിർദേശങ്ങൾ വരുന്നത് ലോക കേരള സഭയിൽ മാത്രം ആവണമെന്നില്ല. കേരളീയർ മറ്റു വേദികളിൽ ഉന്നയിക്കുന്ന നിർദേശങ്ങളും ലോക കേരള സഭയിൽ വരാം.





ഇന്നു കേരളത്തിനകത്തുള്ളവരും പുറത്തുള്ളവരും സിനിമ നിർമ്മിക്കുന്നതും സാഹിത്യസൃഷ്ടി നടത്തുന്നതും അകംകേരളത്തെ മാത്രം കണ്ടു കൊണ്ടല്ല. സാംസ്കാരിക ഉൽപന്നങ്ങളുടെ സൃഷ്ടിയിലും ആസ്വാദനത്തിലും അകംകേരളം എന്നപോലെ പുറംകേരളവും സജീവമാണ്. യഥാർഥത്തിൽ പുറംകേരളം എന്ന കമ്പോളം ഇന്ന് കേരളത്തിലെ എല്ലാത്തരം സംരംഭങ്ങൾക്കും വലിയ പ്രചോദനമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന സിനിമകൾക്ക് മാത്രമല്ല പച്ചക്കറികൾക്കും നാനാജാതി വ്യാവസായിക ഉൽപന്നങ്ങൾക്കും പുറംകമ്പോളം വലിയ ശക്തിസ്രോതസ്സായി മാറുകയാണ്. വിദേശത്ത് പ്രവർത്തിക്കുന്ന നാട്ടുകാരായ സംരംഭകരും മാനേജ്മെന്റ് വിദഗ്ധരും കേരളീയർക്ക് തൊഴിൽ നൽകുന്നതിലും മുൻകൈ എടുക്കുന്നുണ്ട്. കേരളത്തിലെ മാധ്യമസ്ഥാപനങ്ങൾക്കും ആതുരാലയങ്ങൾക്കും വിനോദസഞ്ചാരമേഖലയ്ക്കും പുറംകേരളം നൽകുന്ന പിന്തുണയേയും കുറച്ചു കാണാൻ ആവില്ല. പുറം നാടുകളിൽ നിന്ന് സ്വരൂപിച്ച മൂലധനവും അറിവും നൈപുണിയും ഉപയോഗിച്ച് നാട്ടിൽ സംരംഭങ്ങൾ നടത്തി വിജയിക്കുന്നവരും ധാരാളം. അതുപോലെ വിദേശത്ത് ജീവിക്കുന്ന മലയാളികൾക്ക് അവിടങ്ങളിലെ മലയാളിസമൂഹം നൽകുന്ന കരുത്ത് ചെറുതല്ല. അകംകേരളവും പുറംകേരളവും തമ്മിലുള്ള ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്ന, എല്ലാ നല്ല ആശയങ്ങളെയും പ്രോത്സാഹിപ്പിച്ച് മുന്നോട്ടു പോവുക എന്നത് വിശ്വകേരള സംസ്കാരത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. കേരളസംസ്കാരം നന്നായി പുലരുന്നത് ഓരോ കേരളീയനും പകർന്നുതരുന്ന കരുത്തിനെ കുറച്ചുകാണാൻ ആവില്ല.







# പ്രവാസവും തൊഴിലും
# കേരളത്തിന്റെ വെല്ലുവിളികളും

കേരളത്തിന്റെ തൊഴിൽമേഖലയിൽ പ്രവാസികളുടെ പങ്ക് ബഹുമുഖസ്പർശിയാണ്



ഡോ. കെ. രവിരാമൻ
ആസൂത്രണ ബോർഡ് അംഗം

ആധുനിക കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ഗതിവിഗതികൾ നിർണ്ണയിക്കുന്നതിൽ പ്രവാസത്തോളം സ്വാധീനം ചെലുത്തിയവ കുറവാണ്. കേരളത്തിന്റെ മാത്രമല്ല, അവരെത്തിച്ചേർന്ന രാജ്യത്തിന്റെയും സാമൂഹികജീവിതത്തെ ഗുണപരമായി സ്വാധീനിക്കാൻ കേരളീയ പ്രവാസസമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. ചരിത്രപരമായി പാശ്ചാത്യരുമായും അറബികളുമായും സാംസ്കാരികവും സാമ്പത്തികവുമായ വിനിമയം തുടർന്നിരുന്നവരാണ് മലയാളികൾ. 1970 കളിലെ ഗൾഫ് കുടിയേറ്റം കേരളത്തിന്റെ സാമ്പത്തികചരിത്രത്തെ ആശ്ചര്യകരമാംവണ്ണം പുനർനിർവചിച്ചു. ആദ്യകാലത്ത് അസംഘടിത മേഖലയിൽ, വിശേഷിച്ച് നിർമ്മാണ മേഖലകളിലാണെങ്കിൽ, പിന്നീടുള്ള മലയാളികളുടെ കുടിയേറ്റം സേവനമേഖലകളിലും എത്തിനിൽക്കുന്നു. ഇന്ന് മധ്യേഷ്യയും കടന്ന് യൂറോപ്യൻ കുടിയേറ്റത്തിൽ എത്തിനിൽക്കുന്നു എന്നത് പ്രവാസവും പ്രവാസികളും എത്രത്തോളം മലയാളിജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്നു എന്നതിന്റെ സാക്ഷ്യമാണ്.

## കുടിയേറ്റവും കേരളപുരോഗതിയും

സംസ്ഥാനത്തിന്റെ രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ സാഹചര്യങ്ങളാൽ വൻകിട വ്യവസായങ്ങളുടെയും വലിയ അളവിലുള്ള ഖനന-ഉൽപാദന സംരംഭങ്ങളുടേയും അഭാവം സംസ്ഥാനത്തിനകത്ത് തൊഴിൽ നേടുന്ന കാര്യത്തിൽ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ വെല്ലുവിളി സംസ്ഥാനത്തെ രാഷ്ട്രീയമായും സാമ്പത്തികമായും അസ്ഥിരപ്പെടുത്തുന്നതിൽ നിന്ന് തടഞ്ഞ് നിർത്താൻ എഴുപതുകളുടെ മധ്യത്തിൽ ആരംഭിച്ച ഗൾഫ് കുടിയേറ്റം വലിയ അളവിൽ സഹായിച്ചിട്ടുണ്ട്. അവയാകട്ടെ, സംസ്ഥാനത്തിന്റെ തനതായ വികസനമാതൃകയുടെ ഉൽപന്നമാണുതാനും. വിദ്യാഭ്യാസത്തിലുള്ള വർധിച്ച ചെലവഴിക്കലിന്റെ രൂപത്തിലും തൊഴിൽ നൈപുണ്യമായും നിക്ഷേപമായും എല്ലാം വിദേശപണം കേരളസമൂഹത്തെയും സാമ്പത്തികവികസനത്തെയും സ്വാധീനിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലും ഉപഭോഗത്തിലുമെല്ലാമുള്ള ഈ കുതിച്ചുചാട്ടം സംസ്ഥാനത്തിന്റെ ആഭ്യന്തരവളർച്ചയെ ത്വരിതപ്പെടുത്താനും ദാരിദ്ര്യം ഇല്ലാതാക്കാനും സഹായിച്ചു.

## ചൂഷണങ്ങൾ നേരിടുന്നവർ

കേരളത്തിന്റെ തൊഴിൽമേഖലയിൽ പ്രവാസികളുടെ പങ്ക് ബഹുമുഖസ്പർശിയാണ്. ഒരു വശത്ത് ആഭ്യന്തരമായി കൂടുതൽ ഉപഭോഗവും നിക്ഷേപവും നടത്തി നിർമ്മാണ-സേവന മേഖലകളിൽ ജോലിസാധ്യത സൃഷ്ടിക്കുകയും അതേ സമയം വിദേശത്ത് നിന്നും നേടിയ നൈപുണ്യവും തൊഴിൽപരിചയവും മൂലധനവും സ്വദേശത്ത് അവതരിപ്പിക്കുക വഴി സംസ്ഥാനത്ത് നൂതനസംരംഭങ്ങളും വ്യവസായങ്ങളും ആരംഭിക്കുകയും ചെയ്യുന്നു. ഇങ്ങനെ കേരള വികസനത്തിന് ബഹുതലസംഭാവനകൾ നൽകുമ്പോഴും പ്രവാസസമൂഹം വലിയ രീതിയിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്നുണ്ട്. വിദേശത്തെ മോശം തൊഴിൽസാഹചര്യങ്ങളും പരിമിതമായ

നിയമസുരക്ഷയും പ്രവാസികൾ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. മാത്രമല്ല ആഗോളതലത്തിൽ പൊതുവിലും ഗൾഫ് മേഖലയിൽ വിശേഷിച്ചുമുണ്ടാകുന്ന ഭൗമരാഷ്ട്രീയത്തിന്റെ പ്രധാന ഇരകളുമാണ് നമ്മുടെ പ്രവാസികൾ. ഇത്തരം വെല്ലുവിളികളെ നേരിടാനും വെല്ലുവിളികൾ നമ്മുടെ നേട്ടങ്ങളാക്കി മാറ്റാനും നാം നമ്മളെ തന്നെ സജ്ജരാക്കേണ്ടതുണ്ട്.

## പ്രവാസി, സഹകരണമേഖല സംയോജനം

കേരളത്തിന്റെ സമൂലമായ വളർച്ചയിൽ പ്രവാസികളോളം തന്നെ പങ്ക് വഹിച്ചവയാണ് നമ്മുടെ സഹകരണമേഖല. ഇവ രണ്ടിന്റെയും സംയോജനം പ്രവാസികളുടെ സാമ്പത്തികനേട്ടത്തിന് മാത്രമല്ല, മറിച്ച് സഹകരണ മേഖലയുടെയും സംസ്ഥാനത്തിന്റെ തന്നെയും വളർച്ചക്ക് നിദാനമാകും. സഹകരണ സംഘടനകൾ വഴി വികേന്ദ്രീകൃതമായ  വളർച്ചാരീതിക്കും സമ്പത്തിന്റെയും തൊഴിലിന്റെയും ഉൽപാദനത്തിനും നമുക്ക് കഴിയും. അതുവഴി ഒരേസമയം പ്രവാസികളുടെയും സംസ്ഥാനത്തെ സഹകരണമേഖലയുടെയും വളർച്ച നമുക്ക് നേടിയെടുക്കാൻ സാധിക്കും.

## പ്രവാസികളുടെ മടങ്ങിവരവ്

സമീപകാലത്ത്, വിശേഷിച്ച് സ്വദേശിവത്കരണത്തിനും കോവിഡിനും ശേഷം, പ്രവാസികളുടെ സംസ്ഥാനത്തേക്കുള്ള മടങ്ങിവരവ് വർധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ഒരേസമയം വെല്ലുവിളിയും പുതിയ അവസരങ്ങളും തുറന്നിടുന്ന ഈ സവിശേഷസാഹചര്യത്തെ എങ്ങനെ നേരിടുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് ഭാവികേരളത്തിന്റെ ദിശ നിർണ്ണയിക്കപ്പെടുക. വിദേശത്തെ ജോലി അവസാനിപ്പിച്ച് വരുന്ന ഇവരെ സ്വാംശീകരിക്കാൻ തക്കവണ്ണം നമ്മുടെ ആഭ്യന്തര തൊഴിൽ വിപണിയെ പാകപ്പെടുത്തേണ്ടതുണ്ട്. അതിനോടൊപ്പം തന്നെ പതിറ്റാണ്ടുകൾ കൊണ്ട് നമ്മുടെ പ്രവാസിസമൂഹം നേടിയെടുത്ത തൊഴിൽ വൈദഗ്ധ്യവും സമ്പാദ്യവും സംസ്ഥാനത്തിനും നമ്മുടെ സാമ്പത്തികവളർച്ചയ്ക്കും അനുഗുണമാകുന്ന തരത്തിൽ വിനിയോഗിക്കാനും കഴിയണം. അതിനനുസൃതമാകുന്ന തരത്തിൽ നമ്മുടെ സാമ്പത്തിക-സാമൂഹിക-വ്യവസായനയങ്ങളെ നവീകരിക്കേണ്ടതുണ്ട്. പ്രവാസികളുടെ പെട്ടെന്നുള്ള ഈ തിരിച്ചുവരവ് സംസ്ഥാനത്തെ വിഭവവിതരണത്തിലും തൊഴിലില്ലായ്മയിലും പ്രതിഫലിക്കും. അതുകൂടി അഭിസംബോധന ചെയ്തു മാത്രമേ നമുക്ക് മുന്നോട്ട് പോകാനാകൂ.

## സമ്പദ്വ്യവസ്ഥയുടെ താക്കോൽ

വെല്ലുവിളികളും ബുദ്ധിമുട്ടുകളും നേരിടുമ്പോൾ തന്നെ അനന്തമായ സാധ്യതകളാണ് പ്രവാസിസമൂഹം നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. സാമ്പത്തികസഹായം നൽകിയും ഉൽപാദന-സേവന മേഖലകളിൽ നിക്ഷേപത്തിന് അവസരമൊരുക്കിയും സംരംഭങ്ങൾ തുടങ്ങാൻ അവസരം ഒരുക്കിയും പ്രവാസികളെ നമ്മുടെ ഭാവിവളർച്ചയുടെ താക്കോലാക്കി മാറ്റാൻ നമുക്ക് കഴിയും. സംസ്ഥാനം വിഭാവനം ചെയ്യുന്ന വിജ്ഞാന സമ്പദ്വ്യവസ്ഥയുടെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കാൻ പ്രവാസികൾക്കാവും. ലോക കേരള സഭ പോലെ പ്രവാസികളുമായി നേരിട്ട് സംവദിക്കാൻ സഹായിക്കുന്ന വേദികൾ അവരുടെ കഴിവും അനുഭവസമ്പത്തും വൈദഗ്ധ്യവും സംസ്ഥാനത്തിന് അനുരൂപമായ രീതിയിൽ വിനിയോഗിക്കാൻ നമ്മളെ സഹായിക്കും.

## ലോക കേരള സഭ എന്ന വാതിൽ

സംസ്ഥാനത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ വിനിമയത്തിന്റെ ഒരു വാതിലായി മാറാൻ ചുരുങ്ങിയ കാലം കൊണ്ട് ലോക കേരള സഭക്ക് കഴിഞ്ഞിട്ടുണ്ട്. കേവലമൊരു തൊഴിൽ സമൂഹം എന്നതിൽ നിന്ന് മാറി കേരളത്തിന്റെയും മലയാളികളുടെയും പ്രതിനിധികളാണ് ഓരോ പ്രവാസിയും എന്നതിനെ സ്വാംശീകരിക്കാനും അവരെക്കൂടി ഉൾച്ചേർത്ത് ഒരു സാമൂഹിക-സാമ്പത്തിക വികസന രൂപം സൃഷ്ടിക്കാനും ഒരു പരിധിവരെയെങ്കിലും ലോക കേരള സഭയ്ക്കും സംസ്ഥാനസർക്കാരിനും കഴിഞ്ഞിട്ടുണ്ട്. അവയെ കൂടുതൽ ശക്തിപ്പെടുത്താനും ആഗോളമലയാളികളുമായും ലോകവുമായുമുള്ള കേരളീയസമൂഹത്തിന്റെ വിനിമയോപാധിയായി ലോക കേരള സഭയെ മാറ്റേണ്ടതുണ്ട്.

> കേവലമൊരു തൊഴിൽ സമൂഹം എന്നതിൽ നിന്ന് മാറി കേരളത്തിന്റെയും മലയാളികളുടെയും പ്രതിനിധികളാണ് ഓരോ പ്രവാസിയും എന്നതിനെ സ്വാംശീകരിക്കാനും അവരെക്കൂടി ഉൾച്ചേർത്ത് ഒരു സാമൂഹിക-സാമ്പത്തിക വികസന രൂപം സൃഷ്ടിക്കാനും ഒരു പരിധിവരെയെങ്കിലും ലോക കേരള സഭക്കും സംസ്ഥാനസർക്കാരിനും കഴിഞ്ഞിട്ടുണ്ട്

കേരളത്തിന്റെ തൊഴിൽ, സാമ്പത്തിക വളർച്ച എന്നി വയിൽ നിർണ്ണായകപങ്കാണ് പ്രവാസിസമൂഹം വഹിക്കുന്നത്. എങ്കിലും വലിയ അനിശ്ചിതത്വങ്ങൾ പ്രവാസിസമൂഹത്തിനുണ്ട്. അതിനെ അഭിസംബോധന ചെയ്യുകയും അവ പരിഹരിക്കാനാവശ്യമായ നടപടികൾ എടുക്കുകയും ചെയ്യുക എന്നത് ഒരു സമൂഹമെന്ന നിലക്ക് കേരളത്തിന്റെ ഉത്തരവാദിത്വമാണ്. അവരുടെ ബൗദ്ധികവും സാംസ്കാരികവും സാമൂഹികവുമായ നേട്ടങ്ങൾ സംസ്ഥാനത്തിന്റെ വളർച്ചക്ക് നിദാനമാകുന്ന നിലക്ക് ഉപയോഗിക്കുകയും സർവവും ഉൾക്കൊള്ളുന്ന രീതിയിൽ ഒരു സുസ്ഥിരവളർച്ച വിഭാവനം ചെയ്യുന്നതിലുമാണ് നവകേരളത്തിന്റെ ഭാവി.

**(കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ് പ്രസിദ്ധീകരിച്ച ഗ്ലോബൽ ക്യാപിറ്റൽ ആൻഡ് പെരിഫറൽ ലേബർ, പൊളിറ്റിക്കൽ എക്കോസ്പേഷ്യാലിറ്റി, കേരള 1956 ടു പ്രസന്റ്; ഇന്ത്യാസ് മിറാക്കിൾ സ്റ്റേറ്റ് (തീർഥാങ്കർ റോയ്ക്കൊപ്പം) എന്നീ പുസ്തകങ്ങളുടെ രചയിതാവാണ് ലേഖകൻ)**




യുക്രെയിനിൽ യുദ്ധത്തെതുടർന്ന് നോർക്ക വഴി തിരിച്ചെത്തിച്ച മലയാളി വിദ്യാർഥികൾ



# Kerala's Migration Trends Defy Challenges

**The data on migration corridors from Kerala between Gulf and non-Gulf countries from 1998 to 2023 provides valuable insights into changing migration patterns.**

Keralites who received visa and job orders through ODEPC





S Irudaya Rajan
Chair, International Institute of Migration and Development, Kerala

Kerala, which has encountered considerable challenges in recent years, including the devastating floods of 2018 and 2019 as well as the severe impacts of three waves of pandemic, has seen a modest 1.5 per cent increase in emigrants (21.54 lakhs) in 2023, which still shows a steady flow of individuals seeking opportunities abroad.

The above data is from the ninth round of Kerala Migration Survey (KMS) conducted in 2023 that reflects on the migration trends, offering insights into the ebb and flow of emigration from Kerala between 1998 and 2023, against a backdrop of formidable challenges. The survey was conducted by the Gulati Institute of Finance and Taxation, Thiruvananthapuram. It was funded by the Department of NORKA with the technical support of IIMAD. In this survey, the sample size was increased to 20,000 households, compared to 15,000 households in the last survey held in 2018.

In the last survey of 2018, there was a dramatic decline of 11.6%, reducing the number of emigrants to 21.21 lakh. This stark decrease can be attributed to a combination of factors including economic downturns in destination countries, stricter immigration regulations, and the reduction of emigration push factors, manifested in the possible improvement of conditions within Kerala itself.

## RETURN EMIGRANTS

When talking of Return Emigrants (REM) from Kerala from 1998 to 2023, the date provides critical insights. In 1998, there were approximately 7.39 lakh return emigrants. This figure grew to 8.94 lakh by 2003, marking an increase of 1.55 lakh (20.9%). In 2018, there were approximately 12.95 lakh return emigrants, representing about 60%of the total number of emigrants. Although there was an increase in the number of return emigrants from 2013, the rate of this increase has been steadily declining. The growth rate dropped from 8.1% in 2013 to just 3.3% in 2018. The trend reversed significantly by 2023, with the number of return emigrants rising sharply to 17.91 lakh, illustrating an increase of 4.96 lakh (38.3%).

**Trends in Emigration, Return Migration and Non-Resident Keralites, 1998-2023**

| Year | Sample Households | Emigrants | Increase/ Decrease | Return Emigrants | Increase | Non-Resident Keralites | Increase |
|---|---|---|---|---|---|---|---|
| 1998 | 10000 | 1361919 | - | 739245 | -- | 2101164 | -- |
| 2003 | 10000 | 1838478 | 476559 | 893942 | 154697 | 2732420 | 631256 |
| 2008 | 15000 | 2193412 | 354934 | 1157127 | 263185 | 3350539 | 618119 |
| 2013 | 15000 | 2400375 | 206963 | 1252471 | 95344 | 3652846 | 302307 |
| 2018 | 15000 | 2121887 | -278488 | 1294796 | 42325 | 3416683 | -236163 |
| 2023 | 20000 | 2154275 | 32388 | 1790758 | 495962 | 3945033 | 528350 |

## SHIFT IN MIGRATION PATTERNS

The data on migration corridors from Kerala between Gulf and non-Gulf countries from 1998 to 2023 provides valuable insights into changing migration patterns, especially in the context of recent crises. Historically, Gulf countries have been the primary destination for emigrants from Kerala, with a peak of 93.8%in 1998. However, the proportion of emigrants to Gulf countries decreased to 89% by 2003. This declining trend continued, reaching 86.3 percent in 2013. The increased

movement towards non-Gulf countries may also reflect changing global economic dynamics and the emergence of new job markets and educational opportunities.

## KERALA MIGRATION SURVEY (KMS)

The Kerala Migration Survey (KMS), conducted every five years, provide up-to-date migration estimates and socio-economic background characteristics. In its first estimate in 1998 (March to November), KMS attempted to collect data on emigrant issues but subsequently examined issues regarding return migrants, out-of-state migrants, returning out-of-state migrants, left behind wives and children, elderly population, student migration, and climate change-induced migration. The KMS was also among the first to delineate the concepts of emigrants (EMI), Return Emigrant (REM), Out Migrants (OMI), and Return Out-Migrants (ROM).

The success of the KMS incited other states to replicate the KMS model. They included Goa (2008), Punjab (2010), Gujarat (2011), Tamil Nadu (2015), Jharkhand (2023) and Odisha (2023)

The first wave of the KMS was held with the financial assistance of Indian Council of Social Science Research through its Indo-Dutch Programme on Alternatives in Development. KMS 1998 estimated that there were 1.36 million Malayalee emigrants, and 740,000 return migrants.

The second round of 2003 was part of a larger project titled 'Economic Consequences of Emigration in South Asia: Case Studies of Kerala and Sri Lanka' and received financial assistance from the South Asian Network of Economic Institutes (SANEI), with supplementary grants from the Human development research project of the Government of Kerala. This led to the creation of a panel of 5000 households, where data from the 1998 survey was collected again. This led to the creation of a panel data containing migration details of the last 25 years.

In the fourth survey in 2008, the sample size was expanded to 15,000 households distributed across 300 localities. The sixth wave of the KMS conducted from December 2013 to May 2014, studied a sample of 14,575 households including a panel of 5000 households from previous surveys, thereby building a longitudinal database on migration and remittances. Some new questions were incorporated including reproductive health of women and the prevalence of alcoholism among households.

The 8th wave in 2018 collected data from 15,000 households. The composition of localities increased to 500 from 300, with a more evenly intra-district distribution among the rural and urban strata.

## Replication of KMS in other Indian states

The success of the KMS incited other states to replicate the KMS model. They included Goa (2008), Punjab (2010), Gujarat (2011), Tamil Nadu (2015), Jharkhand (2023) and Odisha (2023).

The Goa Migration Survey, conducted as per the request of the state government's Department of Non-resident Indian Affairs, studied a sample of 3000 households. The major findings include the recognition of the presence of the Goan Diaspora in at least 43 countries, with the majority residing in GCC countries.

The Punjab International Migration Survey (PIMS) was the first attempt to collect reliable, large-scale data on the determinants and socio-economic effects of international migration. The Centre for Research in Rural and Industrial Development, Chandigarh, conducted the survey with the support of the Centre for Development Studies (CDS), Thiruvananthapuram, and funded by the Institut National d'Etudes Demographiques (INED), Paris. Studying a sample of 10,000 households across 17 districts, PIMS found that 11% of Punjabi households have at least one member who is an international emigrant. Further, about one-tenth of the sampled households reported to have received remittances.

Gujarat's migration survey was funded by the Non-Resident Gujarati Foundation, Government of Gujarat, and Ministry of Overseas Indian Affairs. In the study of 10,000 households selected from 200 primary sampling units, it was found that 27 households out of 1,000 had at least one emigrant, with an emigration rate of eight per 1000 individuals.

Similarly, The Tamil Nadu Migration Survey (TMS) studied a sample of 20,000 households spread over 32 districts. It estimated around 2.2 million Tamil emigrants with Singapore as the top destination. It also found that remittances contribute to 14% of the state GDP. 'The Tamil Nadu Migration Survey was coordinated by CDS, the Loyola Institute of Social Science Research and Training and the Centre for Diaspora Studies, MS University. TNMS also received financial assistance from the Tamil Nadu planning commission.

The Jharkhand migration survey (JMS), based on a total sample size of 10674 households, estimated 45 lakh migrants, comprised largely of inter-state migrants. The survey also highlighted a high number of ROMs during COVID-19.

Lastly, the Odisha Migration Study (OMS) 2023 was led by the Department of Liberal Arts, IIT Hyderabad, in collaboration with the International Institute of Migration and Development (IIMAD), and funded by the International Rice Research Institute. The survey that covered 15,000 households across 30 districts of Odisha estimated 2.9 million current migrants from Odisha (including intra-district, interstate, and international migrants).





### Migration Estimation Based on Other Migration Surveys, 2008-2023

| Year | State | Census Households | Sample Households | International Migrants | Internal Migrants |
|---|---|---|---|---|---|
| 2008 | Goa | 292365 | 3000 | 56171 | 19183 |
| 2011 | Punjab | 5513071 | 10000 | 159879 | Not Estimated |
| 2012 | Gujarat | 12248428 | 15000 | 327033 | Not Estimate |
| 2015 | Tamil Nadu | 18524982 | 20000 | 2226059 | 1023045 |
| 2023 | Jharkhand | 6254781 | 10674 | 13407 | 3190803 |
| 2023 | Odisha | 9637820 | 15000 | 49451 | 1748445 |

Note: NE-Not Estimated




# From Crisis to Homecoming: Exploring Return Migration Dynamics



K.M. SEETHI

ICSSR Senior Fellow in Diaspora Studies, Mahatma Gandhi University

Migration, influenced by factors like livelihood, employment, and socio-economic conditions, is facilitated by development dynamics and increased connectivity. Migrants contribute labour, skills, and entrepreneurial spirit to destination countries, but uncertainties often lead to return migration, especially in South and Southeast Asia. Modern Asian migration history includes colonial indentured labour, disrupted by the Great Depression and world wars. Post-World War II, internal migration surged in newly independent states. The 1970s saw rapid economic growth in West Asia and East Asia, driving migration from South and Southeast Asia. East Asia's industrialization attracted workers from poorer economies, shaping the 'East Asian miracle.' However, the East Asian financial crisis of 1997 led to severe repercussions for migrant workers, particularly in Indonesia, where they were often the first to lose jobs amid capital flight and economic instability. Other Asian countries like Korea and Malaysia also experienced significant job losses and repatriations among foreign migrants.

In contrast, South Asia, despite being a major source of migrants for Southeast Asia, did not witness large-scale return migration post-crisis. India remained the leading migrant-sending country in the region, with a substantial number of migrants continuing to reside in Malaysia, Singapore, and Thailand. While the East Asian financial crisis had a limited direct impact on the South Asian diaspora, the subsequent global financial crisis of 2008, originating in the U.S. and Europe, had widespread effects on migrant workers worldwide.

The 2008 crisis caused economic slowdowns, job losses, and increased poverty, leading to millions of migrant workers losing their livelihoods globally. However, China remained relatively unaffected, offering new opportunities for returning overseas Chinese and implementing programmes to attract diaspora talent. Concerns also arose in South Asia regarding their expatriate populations in the oil-dependent GCC region, particularly due to setbacks during the Gulf War of 1990, which forced millions of migrant labourers, including many from South Asia, to return home under distressing conditions, resulting in widespread unemployment and economic hardship.

After the Gulf War, opportunities for foreign labour emerged in post-war reconstruction, but new policies like 'Gulfization' posed challenges to migration as GCC states prioritized employment for their nationals. The global financial crisis further accelerated this trend, leading to rising unemployment and restrictions on migrant entry in countries like Saudi Arabia, Kuwait, and the UAE. Sectors like financial services, construction, and manufacturing were severely impacted, resulting in job losses for many migrants, especially in Dubai. Following the crisis, significant return migration occurred, particularly among South Asian migrants, with around 263,660 returning to South Asia, including 140,526 to India and 61,036 to Kerala alone. However, many expatriates chose to remain abroad despite job losses due to migration costs and reliance on social networks. Despite job losses, remittances to South Asia remained steady due to currency appreciation and high oil prices.

Upon return, migrants faced challenges reintegrating into home labour markets characterized by surplus labour and low wages, leading

to higher rates of casualization, self-employment, and unemployment. The Arab Spring and falling oil prices further exacerbated economic slowdowns, impacting the lives of migrants in GCC countries.

The Arab Spring, beginning in Tunisia in December 2010 and spreading across West Asia and North Africa, significantly influenced migration and human mobility, calling for freedom, democracy, and social justice. Although the uprisings didn't directly affect the GCC countries, they prompted policies prioritizing national employment, exacerbating trends like 'Gulfization' amid the global financial crisis. Sectors like construction and hospitality suffered, leading to job losses for many migrants. Post-crisis, GCC states restricted migrant entries to protect national jobs, resulting in significant return migration, especially among South Asians seeking alternative employment despite job losses. Kerala, with a large migrant population in the GCC, offered support measures like business loans, but returnees have concerns about the prospects of government measures for their welfare. Similar challenges emerged in other GCC countries, with austerity measures and localization policies affecting expatriates. Despite efforts to curb expatriates, there was no significant reduction in migrant numbers from South Asia, indicating ongoing migration patterns. Policy and governance challenges persisted, including issues like recruitment malpractices, unclear job contracts, poor working conditions, and inadequate social security for migrants and returnees, highlighting the need for improved protections and support systems.

The global COVID-19 pandemic swiftly became one of the most catastrophic human security crises worldwide, affecting every region. Its profound impact on health and socio-economic conditions reverberated globally. Human mobility, particularly among migrants, faced significant challenges, including health insecurities, economic turmoil, job losses, and mobility restrictions. Lockdowns and border closures disrupted labour mobility, leading to a sharp decline in remittances and exacerbating employment and living condition challenges. Labour migration from many Asian countries plummeted by 44 percent in 2020, according to the International Labour Organization (ILO), with notable declines in regions like West Asia-GCC, South Asia, and Southeast Asia. Countries such as the Philippines, India, Sri Lanka, Bangladesh, and Indonesia witnessed substantial drops in migrant outflow, impacting destinations like Saudi Arabia, UAE, Bahrain, and Qatar. Nationalization policies in GCC countries worsened the situation, contributing to a decline in overseas labour flow, further exacerbated by the pandemic. Southeast Asian destinations also experienced migration reversals, indicating the widespread disruptions and challenges faced by migrant workers.

## Repatriation and Reintegration Challenges

Estimating return migration poses significant challenges, especially in South Asian countries, where mechanisms for monitoring human mobility are often inadequate. While migration to destination countries typically involves registration and documentation, return migration lacks such standardized procedures. Migrant-sending countries often lack comprehensive records on return migration, whether voluntary, forced, or due to contract expiration.

Data accuracy is further compromised by missing numbers, particularly when migrants return via land borders or seas, escaping official notice. Additionally, analysing the causes of return migration can be misleading, as factors like contract completion may overshadow the influence of events like the global financial crisis and the COVID-19 pandemic.

> Reintegration challenges included lack of savings and debt burdens, with origin countries struggling to fund reintegration amid economic downturns. The Philippines had better mechanisms for returning workers, but South Asia showed less progress, highlighting the need for state intervention and reliable data

During the pandemic, India and the Philippines led repatriation efforts from GCC countries. The Philippines used over a hundred chartered flights, while India's Vande Bharat Mission returned millions. However, repatriation counts may be underestimated due to excluded land and sea routes.

Kerala saw up to 1.4 million returnees by March 2022, facing job losses, wage theft, and reintegration issues, as documented by migration studies organizations. Wage theft, worsened by the pandemic, deprived thousands of South and Southeast Asian workers of $25.5 million in 2020-21.

Reintegration challenges included lack of savings and debt burdens, with origin countries struggling to fund reintegration amid economic downturns. The Philippines had better mechanisms for returning workers, but South Asia showed less progress, highlighting the need for state intervention and reliable data. Despite efforts by Kerala's NORKA Roots, a comprehensive reintegration plan remains elusive, requiring coordinated regional efforts.

Global events like wars, financial crises, and pandemics have impacted migration. The lesson for Kerala is clear enough: establishing strong mechanisms for problem-solving, risk reduction, and support for returning migrants. By aligning with international guidelines, Kerala can better navigate the challenges posed by shifting migration patterns and ensure the effective management of return migration processes.





നാലാം ലോക കേരള സഭ



Onam Celebrations of American Malayalees



# A Symbol of Unity



Babu Stephen
President, FOKANA

In the age of "One Life, One World," the initiative of the Kerala Government to have a dedicated platform for the Kerala diaspora in the form of Loka kerala sabha(LKS) is incredible, with purpose and passion. This will "Embrace, Engage, and Empower" NRKs across the globe.

Today, Kerala is a Global Community in which there is a need to integrate both "Inside Kerala and Outside Kerala," which will deliver enhanced contributions to the economic, social, and cultural landscape of Kerala. Inclusiveness, Brotherhood, and Cooperation are the key pillars in bringing increased engagement with the Kerala diaspora, which will eventually become a "United Global Kerala." LKS is going to create new pathways towards this mission.

Let the LKS 2024 deliver more success, satisfaction, and surprises.







# ഉറപ്പാക്കുന്നു അവകാശങ്ങൾ നിയമപരിരക്ഷ

പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷൻ പ്രവർത്തനങ്ങൾ അറിയാം



**പി.എം. ജാബിർ**
പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷൻ അംഗം

നാട്ടിൽകഴിയുന്ന ഉറ്റവരെയും അവരുടെ പ്രശ്നങ്ങളെയും മനസ്സിലേറ്റി സംഘർഷാവസ്ഥയിൽ ജീവിതംതള്ളി നീക്കിയ ഓരോ പ്രവാസിക്കും കൈത്താങ്ങായി, അവരുടെ ആവശ്യങ്ങളിലും നിസ്സഹായാവസ്ഥയിലും നിയമസഹായം നൽകുന്നതിനും ന്യായമായ അവകാശങ്ങൾ നേടിക്കൊടുക്കുന്നതിനും ലക്ഷ്യമിട്ടാണ് കേരള നിയമസഭ 2015 ൽ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷൻ ആക്റ്റ് പാസാക്കിയത്. ഭാരതീയരായ കേരളീയർക്ക് സംസ്ഥാനത്തിനുള്ളിൽ അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും, സുരക്ഷിതത്വത്തിനും ക്ഷേമത്തിനും ആവശ്യമായ പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനുമാണ് കമ്മിഷൻ രൂപവൽക്കരിച്ചത്.

## കമ്മിഷന്റെ ഘടന

പ്രവാസി കമ്മിഷൻ ആക്റ്റിലെ 3-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം കേരള ഹൈക്കോടതി ജഡ്ജിയുടെ പദവി വഹിക്കുന്നതോ, വഹിച്ചിരുന്നതോ ആയ ഒരംഗം കമ്മിഷന്റെ ചെയർപേഴ്സണും അഞ്ചുവർഷത്തിൽ കുറയാതെ വിദേശത്തുള്ള പ്രവാസി ഭാരതീയരായ കേരളീയരിൽ നിന്നും രണ്ട് അംഗങ്ങളും അഞ്ചോ അതിലധികമോ വർഷം വിദേശത്ത് കഴിഞ്ഞതിനുശേഷം മടങ്ങി വന്ന പ്രവാസി ഭാരതീയരായ കേരളീയരിൽ നിന്നുള്ള രണ്ടംഗങ്ങളും സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ അല്ലെങ്കിൽ തത്തുല്യ പദവിയിൽ കുറയാത്ത പദവിയിൽ അഖിലേന്ത്യാസർവീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥനെ സെക്രട്ടറിയായും ഉൾപ്പെടുത്തിയാണ് കമ്മിഷൻ രൂപവൽക്കരിക്കുന്നത്. 2016 ഏപ്രിലിൽ കമ്മിഷന്റെ ആദ്യ ചെയർപേഴ്സൻ ആയി കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് പി.ഭവദാസൻ ചുമതലയേറ്റു. നിലവിൽ ജസ്റ്റിസ് പി.ഡി. രാജൻ കമ്മിഷൻ ചെയർപേഴ്സനായി തുടരുന്നു. ഗൾഫ് രാജ്യങ്ങളിലും, മറ്റ്വിദേശരാജ്യങ്ങളിലും കേരളീയരായ പ്രവാസികൾക്ക് നേരിടേണ്ടിവന്നിട്ടുള്ള വിഷമതകൾ അദാലത്തുകളിലെത്തി ബോധിപ്പിക്കുന്നതിനും ഇന്ത്യൻ സർക്കാരിന്റെ വിദേശകാര്യമന്ത്രാലയം വഴി ഗുണപരമായ ഇടപെടലുകൾ നടത്തുന്നതിനും ഈ കാലയളവിൽ കമ്മിഷന് കഴിഞ്ഞിട്ടുണ്ട്.

## കമ്മിഷന്റെ ചുമതലകളും പ്രവർത്തനങ്ങളും

2015 ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷൻ ആക്റ്റിലെ 9-ാം വകുപ്പ് പ്രകാരം താഴെ പറയുന്നവയാണ് കമ്മിഷന്റെ ചുമതലകൾ.

1. പ്രവാസി ഭാരതീയരായ കേരളീയരുടെയും അവരുടെ കുടുംബത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ, പ്രത്യേകിച്ച് സംസ്ഥാനത്ത് അവരുടെ സ്വത്തിന്റെയും ജീവന്റെയും കാര്യങ്ങളിൽ സഹായിക്കുക.

2. കേന്ദ്ര, സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവാസി ഭാരതീയരായ കേരളീയരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുക.

3. പ്രവാസി ഭാരതീയരായ കേരളീയരുടെ കേരളത്തിലുള്ള എല്ലാത്തരം നിക്ഷേപങ്ങളും സംരക്ഷിക്കുവാൻ സഹായിക്കുക.

4. പ്രവാസി ഭാരതീയരായ കേരളീയരുടെയും കേരളത്തിൽ താമസിക്കുന്ന അവരുടെ ഭാര്യയ്ക്കും അല്ലെങ്കിൽ ഭർത്താവിനും മാതാപിതാക്കൾക്കും സാമൂഹിക ജീവിതത്തിനും ആരോഗ്യസംരക്ഷണത്തിനുമായി സാമൂഹികസേവന സംഘടനകളെ സൗകര്യപ്പെടുത്തുക.

5. പ്രവാസി ഭാരതീയരായ കേരളീയർക്കെതിരെയുള്ള നീതിയുക്തമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിച്ച്, എടുക്കേണ്ട നടപടികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടോ ഏജൻസികളോടോ ശുപാർശചെയ്യുക.

6. ഭരണഘടനയിലെ സമത്വാവകാശത്തെയും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള ന്യായമായ പെരുമാറ്റത്തെയും ബാധിക്കുന്ന നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതകളും പോരായ്മകളും, അത്തരം സാഹചര്യങ്ങൾ നേരിടുന്നതിനുള്ള പരിഹാര നിയമനിർമ്മാണ നടപടികളെക്കുറിച്ചും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക.

7. റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവർത്തികളെക്കുറിച്ച് അന്വേഷിച്ച്, പ്രവാസി ഭാരതീയരായ കേരളീയരുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

8. കേരളത്തിൽ സ്ഥിരതാമസമായിരുന്ന 1955 -ലെ പൗരത്വ ആക്റ്റിലെ (1955ലെ 57-ാം ആക്റ്റ്) 7 എ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇന്ത്യൻ കാർഡ് കൈവശമുള്ള ഓവർസീസ് പൗരന്റെയും കുടുംബാംഗങ്ങളുടെയും താൽപര്യങ്ങളും സ്വത്തുക്കളും നിക്ഷേപങ്ങളും സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുകയും കേരളത്തിലുള്ള അവരുടെ കുടുംബാംഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് സാമൂഹികസേവന സംഘടനകളെ സൗകര്യപ്പെടുത്തുകയും ചെയ്യുക.

9. പ്രവാസി ഭാരതീയരായ കേരളീയരുടെ പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദേശിക്കുക.

## കമ്മിഷന്റെ അധികാരങ്ങൾ

കമ്മിഷന് ആക്റ്റിലെ 9-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽകോടതിക്കുള്ള താഴെപ്പറയുന്ന എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണെന്ന് ആക്റ്റിലെ 10-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- (എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും.
- (ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും.
- (സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും.
- (ഡി) ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും.
- (ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി കമ്മിഷനുകളെ നിയോഗിക്കുന്നതിനും.

കമ്മിഷൻ മുൻപാകെയുള്ള ഏതൊരു നടപടിയും 1960-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860ലെ 45-ാം കേന്ദ്ര ആക്റ്റ്) 193, 228 വകുപ്പുകളുടെ അർഥവ്യാപ്തിയിൽപ്പെടുന്ന ജുഡീഷ്യൽ നടപടിയായി കരുതേണ്ടതും, കമ്മിഷൻ, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974ലെ 2-ാം കേന്ദ്ര ആക്റ്റ്) 195-ാം വകുപ്പിന്റെ ഉദ്ദേശ്യത്തിലേക്കായി ഒരു കോടതിയായി കരുതപ്പെടേണ്ടതുമാണ് എന്ന് ആക്റ്റിലെ 10-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ നിഷ്കർഷിച്ചിട്ടുണ്ട്.


കമ്മിഷൻ അതിന്റെ അധികാരപരിധിയിൽവരുന്ന സംഗതിയിന്മേൽ നേരിട്ടോ, കമ്മിഷൻ നിയമിച്ച ഉദ്യോഗസ്ഥൻ മുഖേനയോ, സർക്കാർ വകുപ്പുകൾ അല്ലെങ്കിൽ ഏജൻസികൾ മുഖേനയോ അന്വേഷണവിചാരണ അല്ലെങ്കിൽ അന്വേഷണം നടത്തുന്നതിന് ആക്റ്റിലെ 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കമ്മിഷന്റെ ചെയർപേഴ്സണും അംഗങ്ങളും സെക്രട്ടറിയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860ലെ 45-ാം കേന്ദ്ര ആക്റ്റ് 21-ാം വകുപ്പിന്റെ അർഥവ്യാപ്തിയ്ക്കുള്ളിൽ വരുന്ന പൊതുസേവകരായി കരുതപ്പെടേണ്ടതാണെന്ന് ആക്റ്റിലെ 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രവാസി ഭാരതീയരായ കേരളീയരുടേയും അവരുടെ കുടുംബത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ പ്രത്യേകിച്ച്, സംസ്ഥാനത്ത് അവരുടെ സ്വത്തിന്റെയും ജീവന്റെയും കാര്യങ്ങളിൽ ലഭിക്കുന്ന പരാതികളിന്മേലും ചില സന്ദർഭങ്ങളിൽ സ്വമേധയായും കമ്മിഷൻ ഇടപെടുന്നു. ഇത്തരം വിഷയങ്ങളിൽ പ്രവാസികളുടെ പരാതികൾ പരിഗണിക്കുവാൻ കമ്മിഷൻ നിശ്ചിത ഇടവേളകളിൽ സംസ്ഥാനത്തുടനീളം സിറ്റിങ്ങുകളും/അദാലത്തുകളും നടത്തുന്നു. അദാലത്തുകളിൽ ബന്ധപ്പെട്ട കക്ഷികളെ നേരിട്ട് വിളിച്ച് ഉഭയകക്ഷി ചർച്ചകൾ നടത്തി സാധ്യമാകുന്നിടത്തോളം തീർപ്പുണ്ടാക്കുന്നു. സങ്കീർണ്ണമായ വിഷയങ്ങളിൽ പരിഹാരമാർഗങ്ങൾ നിർദേശിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് ശുപാർശകളും ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥർക്ക് നിർദേശങ്ങളും നൽകാറുണ്ട്.












# ജന്മനാടിന്റെ മുന്നേറ്റത്തിന് പ്രവാസി നിക്ഷേപം

Global thought for local growth എന്ന ദർശനത്തിലൂന്നി സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകാൻ ഓരോ വിദേശമലയാളിയെയും പ്രാപ്തരാക്കുകയാണ് ഓക്കിയുടെ ലക്ഷ്യം



**ഡോ. ബാജു ജോർജ്**
മാനേജിങ്ങ് ഡയറക്ടർ, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ്ങ് ലിമിറ്റഡ്

കേരളീയർക്ക് മികച്ച ജീവിതനിലവാരം സൃഷ്ടിച്ചുകൊണ്ടുള്ള വികസനമാതൃകയിലൂടെയാണ് കേരളത്തിന്റെ പരിവർത്തനഘട്ടം കടന്നുപോകുന്നത്. സമൂഹത്തിലെ എല്ലാ തലത്തെയും ഉൾക്കാള്ളുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഒരു വികസിത മധ്യവരുമാന രാജ്യവുമായി കിടപിടിക്കത്തക്ക രീതിയിൽ മെച്ചപ്പെടുത്തുകയെന്നതാണ് നമ്മുടെ ഇപ്പോഴത്തെ ലക്ഷ്യം.

മുൻകാലങ്ങളിൽ പ്രതിശീർഷവരുമാനം കുറവായിരുന്നിട്ടും, നമ്മുടെ പ്രവാസിസഹോദരങ്ങൾ നാട്ടിലേക്ക് അയച്ച പണത്തിന്റെ ബലത്തിൽ സാമൂഹിക, സാമ്പത്തികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഭരണകൂടത്തിന് കഴിഞ്ഞു. അതിനാൽ ഭൂരിപക്ഷം പൗരന്മാർക്കും ഉയർന്ന ജീവിതനിലവാരം കൈവരിക്കാനും മാനവിക അന്തസ്സ് ഉറപ്പാക്കാനും സാധിച്ചു. പ്രവാസികൾ അയക്കുന്ന പണം പ്രവാസി കുടുംബങ്ങൾക്ക് സൂക്ഷ്മതലത്തിൽ സഹായകമായപ്പോൾ അത് ബഹുതലത്തിൽ കേരളത്തിന്റെ വേഗമേറിയ പരിവർത്തനത്തിന് കാരണമാവുകയും ചെയ്തു.

ഈ തന്ത്രപരമായ കരുത്ത് തിരിച്ചറിഞ്ഞാണ് പ്രവാസികളുടെയും മടങ്ങിയെത്തിയ പ്രവാസികളുടെയും നൈപുണ്യവും സമ്പാദ്യവും സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുന്നതിനായി ഒരു അടിസ്ഥാന സൗകര്യവികസന കമ്പനി രൂപവൽക്കരിക്കുവാൻ പ്രഥമ ലോക കേരള സഭ തീരുമാനിച്ചത്. അതിൻപ്രകാരം മുഖ്യമന്ത്രി ചെയർമാനായി 100% കേരള സർക്കാർ ഉടമസ്ഥതയിൽ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH) എന്ന കമ്പനി രജിസ്റ്റർ ചെയ്തു. ഈ കമ്പനിയുടെ നിലവിലെ അംഗീകൃത മൂലധനം 25 കോടി രൂപയാണ്.

നല്ലൊരു നാളേയ്ക്ക് വേണ്ടിയുള്ള മാറ്റത്തിന്റെ അടുത്ത ഘട്ടത്തിൽ വലിയ പങ്ക് വഹിക്കാൻ വിദേശത്തു ജോലിചെയ്ത് പ്രാവീണ്യമുള്ള നമ്മുടെ പ്രവാസി സഹോദരങ്ങൾക്ക് സാധിക്കും. സംസ്ഥാന ജിഡിപിയുടെ 30% സംഭാവന ചെയ്യുന്ന അവരുടെ വാർഷിക പണമടയ്ക്കൽ സംസ്ഥാന ബഡ്ജറ്റായ 1,20,000 കോടി രൂപയ്ക്ക് (2023 കണക്ക് ) തുല്യമായതുകൊണ്ട് മാത്രമല്ലിത്, കേരളത്തെ അടുത്ത വികസനഘട്ടത്തിലേക്ക് നയിക്കാൻ അവർക്കുള്ള ആശയങ്ങളും ജന്മനാടിനോടുള്ള പ്രതിജ്ഞാബദ്ധതയും വൈകാരിക അടുപ്പവും, ആഗോളതലത്തിൽ തന്നെ പ്രശംസിക്കപ്പെട്ടിട്ടുള്ള അവരുടെ അച്ചടക്കമുള്ള തൊഴിൽ ധാർമികതയും കഴിവുകളും അനുഭവങ്ങളും കൊണ്ടുകൂടിയാണ്.

'Global thought for local growth' എന്ന ദർശനത്തിലൂന്നി സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകാൻ ഓരോ വിദേശമലയാളിയെയും പ്രാപ്തരാക്കുകയാണ് ഓക്കിയുടെ ലക്ഷ്യം. ഇതിലൂടെ പ്രവാസികളായ മലയാളികൾക്ക് ആദായം ലഭിക്കുന്ന നിക്ഷേപമാർഗങ്ങൾക്ക് അവസരമൊരുങ്ങുന്നു. അതുവഴി പ്രവാസികൾക്ക് കൂടുതൽ സമ്പത്ത് സൃഷ്ടിക്കുവാനാകുന്നു. സമൂഹത്തിന് മൂല്യവും ഗുണപരമായ മാറ്റവും സൃഷ്ടിക്കാൻ സാധിക്കുന്ന പ്രായോഗിക പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും, സുതാര്യവും ഉത്തരവാദിത്വമുള്ളതുമായ സംവിധാനത്തിലൂടെ, അവ കൈകാര്യം ചെയ്യുവാനും ഓക്കി പ്രതിജ്ഞാബദ്ധമാണ്.

പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളിലൂടെ പ്രവാസി മലയാളികൾക്ക് വേണ്ടി സമ്പത്ത് സൃഷ്ടിക്കുകയെന്നതാണ് ഓക്കി ഉന്നം വെക്കുന്നത്. ഒന്നാമതായി, ടൂറിസം, ആരോഗ്യപരിരക്ഷ, നൈപുണ്യ വികസനം, അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം എന്നീ മേഖലകളെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുക. രണ്ടാമതായി, ഈ മേഖലകളിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തി വരുമാനമാർഗം സൃഷ്ടിക്കുക. അവസാനത്തേത്ത് സമ്പത്ത് നിർവഹണത്തിന് സുതാര്യവും ഉത്തരവാദിത്വവുമുള്ള സംവിധാനം സൃഷ്ടിക്കുകയെന്നതാണ്.

## 'റെസ്റ്റ് സ്റ്റോപ്പ്- വഴിയോര സൗകര്യകേന്ദ്രങ്ങളുടെ ശൃംഖല

ഓക്കിയുടെ ആദ്യസംരംഭം കേരളസമൂഹത്തിനും നിക്ഷേപകർക്കും ഒരുപോലെ ഗുണകരമാകുന്നതാണ്. എല്ലാ കേരളീയരെയും ബന്ധിപ്പിക്കുന്ന സംസ്ഥാനത്തിന്റെ ധമനികളാണ് റോഡുകൾ. കേരളത്തിലെ ഹൈവേകളോട് ചേർന്നുള്ള വഴിയോര സൗകര്യകേന്ദ്രങ്ങളുടെ ശൃംഖലയുടെ വികസനം ഓക്കി വിഭാവനം ചെയ്തിട്ടുണ്ട്. ഓരോന്നും ഏകദേശം അഞ്ച് ഏക്കറിൽ നിലകൊള്ളുന്ന 50,000 ചതുരശ്ര അടിയിൽ നിർമ്മിക്കുന്ന കേന്ദ്രങ്ങളാണ്. യാത്രക്കാർക്കും പ്രദേശവാസികൾക്കും ആവശ്യമായ റീട്ടെയിൽ ഏരിയ, ഇന്ധന സ്റ്റേഷൻ, ഭക്ഷണശാലകൾ മറ്റ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള ഈ കേന്ദ്രങ്ങളാണ് 'റെസ്റ്റ്സ്റ്റോപ്പ്' എന്ന ബ്രാൻഡിൽ അറിയപ്പെടുന്നത്.

2024 ജനുവരിയിൽ കാസർഗോഡ് മഞ്ചേശ്വരത്ത് 5.5 ഏക്കർ സ്ഥലത്ത് റെസ്റ്റ്സ്റ്റോപ്പ് സെന്റർ നിർമ്മിക്കുന്നതിന് സർക്കാർ പ്രഖ്യാപനം നടത്തി. അന്താരാഷ്ട്ര ആർക്കിടെക്ചർ സ്ഥാപനമായ Meinhardt Group സിംഗപ്പൂരുമായി യോജിച്ചാണ്, ഓക്കി റെസ്റ്റ് സ്റ്റോപ്പ് രൂപകല്പന ചെയ്യുന്നത്. കമ്പനി ഇതിനോടകം വിശ്രമ കേന്ദ്രത്തിന്റെ ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ട്. ക്ലയന്റ് എഞ്ചിനിയറായി പ്രവർത്തിക്കുന്ന കിഫ്ബിയുടെ (കീഴിലുള്ള കിഫ്കോൺ മാർഗനിർദേശം നൽകുകയും നിർമ്മാണം നിശ്ചിതചെലവിലും സമയ പരിധിയിലുമാണെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

ഏകദേശം 35 കോടി രൂപ മുതൽമുടക്ക് കണക്കാക്കുന്ന തലപ്പാടിയിലെ റെസ്റ്റ് സ്റ്റോപ് പ്രോജക്ട് ഏകദേശം 1,000 തൊഴിലവസരങ്ങൾ പ്രദേശത്ത് സൃഷ്ടിക്കും. ഇതിലൂടെ പ്രവാസികൾക്കും മടങ്ങിയെത്തിയ പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും റെസ്റ്റ്സ്റ്റോപ്പ് കേന്ദ്രത്തിലെ വിവിധ യൂണിറ്റുകൾ കൈകാര്യം ചെയ്യാനും തൊഴിൽലഭ്യതക്കും വലിയ സാധ്യതയാണ് തുറക്കുന്നത്.

സർക്കാർ ഭൂമിയിൽ ആരംഭിക്കുന്ന സെന്ററുകൾ സർക്കാർ ആസ്തികളായി തുടരും. പൊതു- സ്വകാര്യ പങ്കാളിത്തത്തോടെ റെസ്റ്റ്സ്റ്റോപ്പ് നിർമ്മിക്കുന്നതിന് ഓക്കി ഹൈവേയിൽ ഉടനീളം അനുയോജ്യമായ സ്വകാര്യഭൂമികൾ കണ്ടെത്തും. സ്വകാര്യഭൂമിയിൽ വികസിപ്പിച്ചെടുക്കുന്ന കേന്ദ്രങ്ങൾ സെബിയുടെ നിയമ ചട്ടക്കൂടിന് കീഴിൽ രൂപീകരിച്ച റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റിലേക്ക് (REIT) മാറ്റുന്ന തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് വഴി പ്രവാസികൾക്കും മടങ്ങിയെത്തിയ പ്രവാസികൾക്കും കുറഞ്ഞതോതിൽ ഉദാഹരണത്തിന് 5,000 രൂപ മുതൽമുടക്കിൽ ഇത്തരം വരുമാനമുള്ള ആസ്തികളിൽ നിക്ഷേപം നടത്താനുള്ള അവസരം ലഭിക്കും. റെസ്റ്റ്സ്റ്റോപ്പിന്റെ മിക്ക യൂണിറ്റുകളും പ്രമുഖ ഓപ്പറേറ്റർമാർക്ക് ലീസ് നൽകുന്നതിനാൽ, അവരിൽ നിന്ന് വാടക ഈടാക്കും. വാടകയിനത്തിൽ കാലാകാലങ്ങളിലായി ഉറപ്പായുള്ള വർധനവ് ഉണ്ടാകുന്നതുകൊണ്ട് തന്നെ നിക്ഷേപകർക്ക് ന്യായമായ പ്രതിഫലം ഉറപ്പാക്കാൻ സാധിക്കും. സെബി നിയമം അനുസരിച്ച്, അറ്റാദായത്തിന്റെ 95% എല്ലാ വർഷവും REIT നിക്ഷേപകർക്ക് വിതരണം ചെയ്യും. കേരളത്തിലെ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഏകദേശം 50 ഓളം മുറികളും മറ്റു അനുബന്ധ സൗകര്യങ്ങളുമുള്ള മികച്ച നിലവാരത്തോടുകൂടിയ റെസ്റ്റ് സ്റ്റോപ്പിന്റെ വലിയ മാതൃക സൃഷ്ടിക്കുവാനും ഓക്കിക്ക് പദ്ധതിയുണ്ട്.

കേരളത്തിന്റെ ഭാവിവികസനത്തിനുള്ള വഴികാട്ടിയെന്ന നിലയിൽ ലോക കേരള സഭയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതാണ് ഓക്കിയുടെയും റെസ്റ്റ്സ്റ്റോപ്പ് പദ്ധതിയുടെയും വിജയം.

> "ഓക്കിയുടെ ആദ്യസംരംഭം കേരളസമൂഹത്തിനും നിക്ഷേപകർക്കും ഒരുപോലെ ഗുണകരമാകുന്നതാണ്. എല്ലാ കേരളീയരെയും ബന്ധിപ്പിക്കുന്ന സംസ്ഥാനത്തിന്റെ ധമനികളാണ് റോഡുകൾ. കേരളത്തിലെ ഹൈവേകളോട് ചേർന്നുള്ള വഴിയോര സൗകര്യകേന്ദ്രങ്ങളുടെ ശൃംഖലയുടെ വികസനം ഓക്കി വിഭാവനം ചെയ്തിട്ടുണ്ട്"







# 'തലവര' മാറാത്ത **കുടിയേറ്റ നയം**

കുടിയേറുന്ന തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കാൻ സമഗ്ര കുടിയേറ്റനയം അനിവാര്യമാണ്



റഫീക്ക് റാവുത്തർ

കൈരളി ടി വി സംപ്രേക്ഷണം ചെയ്യുന്ന പ്രവാസ ലോകം പരിപാടിയുടെ സംവിധായകനാണ് ലേഖകൻ

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ മീഡിയ വർക്ക്ഷോപ്പിൽ പങ്കെടുക്കാനാണ് 2008ൽ ആദ്യമായി ജോർദാൻ തലസ്ഥാനമായ അമ്മാനിലേക്കു പറന്നത്. ഷാർജയിൽ നിന്നുള്ള എയർ അറേബ്യ ഫ്ളൈറ്റിൽ ധാരാളം പഞ്ചാബികളെ കണ്ടപ്പോൾ അത്ഭുതം തോന്നി. ജോർദാനിലേക്കു ഇത്രയ്ക്കു ഇന്ത്യൻ ടൂറിസ്റ്റുകളോ? അവരുടെ മട്ടും ഭാവവും കണ്ടിട്ട് വിനോദ സഞ്ചാരത്തിന്റെ ഒരു ലക്ഷണവും കാണാനുമില്ല. എന്തായാലും അമ്മാൻ എമിഗ്രേഷനിൽ ക്യൂ നിൽക്കുമ്പോൾ ആ സംശയം അവസാനിച്ചു.

ഞാൻ അടക്കമുള്ള ഇന്ത്യാക്കാരെ മൊത്തം എമിഗ്രേഷൻ ഓഫീസറുടെ മുൻപിലേക്ക് ഒരാൾ നയിച്ചു, അവിടെ ഗൗരവക്കാരനായ ഓഫീസർ എല്ലാവരോടും ഒറ്റ നിരയിൽ നിൽക്കാൻ പറഞ്ഞിട്ടു ഓരോരുത്തരെയും അയാൾ ആകെ മൊത്തം ഉഴിഞ്ഞു നോക്കി. ഒരു റൗണ്ട് നോട്ടം കഴിഞ്ഞിട്ട് വിചിത്രമായ ഒരു കാര്യം അയാൾ ആവശ്യപ്പെട്ടു, രണ്ടു കയ്യും പരത്തി പിടിക്കുക, ഇതുവരെ ശ്വാസം പിടിച്ചു നിന്ന പലരുടെയും മുഖഭാവം അതോടെ മാറി.

ഒരറ്റം തൊട്ടയാൾ ഓരോരുത്തരുടെയും ഉള്ളംകൈ തപ്പി നോക്കാൻ തുടങ്ങി, അടുത്തേക്കു വരും എന്നിട്ടു കൈ ഒന്ന് 'തപ്പും'-ഒന്നാലോചിച്ചു അയാളോട് മാറി നിൽക്കാൻ പറയും. ഒടുവിൽ എന്റടുത്തതും വന്നു. ബലിഷ്ഠമായ ആ കൈകൾ എന്റെയും ഉള്ളം കയ്യിൽ എന്തോ പരതി, എന്നിട്ടു എന്നോടങ്ങു പൊയ്ക്കോളാൻ പറഞ്ഞു, കാര്യമൊന്നും മനസിലാകാതെ ഞാൻ പുറത്തേക്കുള്ള വഴിൽ ഒന്ന് തടഞ്ഞു നിന്നു , അപ്പോഴാണ് ബാക്കിയുള്ളവരെ അയാൾ ചോദ്യം ചെയ്യാൻ ആരംഭിച്ചത്. സാധാരണ ചോദ്യം ചെയ്യൽ അല്ല, ശകാരിക്കുന്ന രീതിയിലാണ് മൂപ്പരുടെ ചോദ്യങ്ങൾ, കൈത്തണ്ടയിലെ 'തഴമ്പ്' പരിശോധിച്ച് മണ്ണിൽ പണിയെടുക്കുന്നവരാണ് 'വന്നവരെല്ലാം' എന്ന ബോധ്യത്തിലാണ് അയാളുടെ ചോദ്യം. വന്നിരിക്കുന്ന എല്ലാവർക്കും ടൂറിസ്റ്റു വിസയാണ് ഉള്ളത്- അത് കൊണ്ട് തന്നെ, "എവിടെയാണ് ഹോട്ടൽ, എന്താണ് കാണാൻ പോകുന്നത്, കയ്യിൽ എത്ര ഡോളറുണ്ട്...' ഇങ്ങിനെ അവരുടെ തൊലിയുരിഞ്ഞു കൊണ്ടിരിക്കെ, കാര്യങ്ങൾ കുറച്ചൊക്കെ എനിക്കും പിടികിട്ടി തുടങ്ങി.

ജോർദാനിലെ കൃഷിയിടങ്ങളിലേക്ക് ധാരാളം തൊഴിലാളികൾ ഇങ്ങനെ എത്തിപ്പെടാറുണ്ട്, ഇന്ത്യക്കാർക്കും ബംഗ്ലാദേശികൾക്കും നല്ല ഡിമാന്റും ഉണ്ട്. ഇടനിലക്കാർ ടൂറിസ്റ്റ് വിസയിൽ അവരെ ഇങ്ങു കൊണ്ട് വരും, കുറെ നാൾ അനധികൃതനായി (Un -documented) സമ്പാദിക്കാം, എപ്പോഴെങ്കിലും പോലീസ് പിടിയിലാകും. അപ്പൊ അവർ കയറ്റി വിട്ടോളും.

ഈ 2024ൽ, അർമീനിയയിലെ യേരവാനിലേക്കുള്ള എയർ അറേബ്യാ ഫ്ളൈറ്റിൽ "നിറയെ പഞ്ചാബികളായിരുന്നെന്നു...' വിസ തട്ടിപ്പിനിരയായ ലതീഷ് 'പ്രവാസലോകത്തിൽ' പറഞ്ഞപ്പോൾ ഞാൻ ആ പഴയ സംഭവം ഓർത്തു നോക്കി. 'സ്ഥലവും' 'കാലവും' മാറുന്നു എന്നേ ഉള്ളൂ, ഇരയ്ക്കും ചതിയ്ക്കും മാറ്റമൊന്നുമില്ല!

## ചൂഷണം ചെയ്യപ്പെടുന്നവർ

വിദേശ കുടിയേറ്റം നിയന്ത്രിക്കുന്നതിന് ഇന്ത്യൻ സർക്കാർ നയങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്, എന്നാൽ നിയമവിരുദ്ധമായ റിക്രൂട്ട്മെന്റ് വെല്ലുവിളി ഇന്നും നിലനിൽക്കുന്നതിന്റെ പ്രധാന കാരണം  കാലഹരണപ്പെട്ട നയത്തിന്റെ വൈകല്യം തന്നെയാണ്. വിദേശ ജോലികൾക്കുള്ള ഉയർന്ന ഡിമാൻഡും മന്ദഗതിയിലുള്ളതും ബുദ്ധിമുട്ടുള്ളതുമായ നിയമപരമായ മൈഗ്രേഷൻ പ്രക്രിയകളും പലരെയും അനധികൃത റിക്രൂട്ടർമാരുടെ കൈകളിലേക്ക് തള്ളിവിടുന്നു. നിയമനടപടികളെക്കുറിച്ചും അവരുടെ അവകാശങ്ങളെക്കുറിച്ചും തൊഴിലാളികളുടെ അവബോധമില്ലായ്മയെ ഈ ഏജന്റുമാർ ചൂഷണം ചെയ്യുന്നു, ഇത് അവരെ മനുഷ്യക്കടത്തിന്റെയും ചൂഷണത്തിന്റെയും ഇരുട്ടിലേക്ക് നയിക്കുന്നു.

## നിയമവിരുദ്ധമായ റിക്രൂട്ട്മെന്റ് രീതികൾ ഇവയൊക്കെയാണ്:

തെറ്റായ വാഗ്ദാനങ്ങൾ :  അധിക റിക്രൂട്ട്മെൻറ് ഫീസിന് പകരമായി റിക്രൂട്ടർമാർ ഉയർന്ന ശമ്പളമുള്ള ജോലികളും സുഗമമായ ഇമിഗ്രേഷൻ പ്രക്രിയകളും വാഗ്ദാനം ചെയ്യുന്നു. ഈ 'വ്യാജ നിർമ്മിതി' ഇരകൾക്ക് പലപ്പോഴും വൈകുംവരെ അറിയില്ല.

വ്യാജ ഡോക്യുമെന്റേഷൻ : ഇത്തരം ഏജൻസികൾ അവരുടെ പ്രവർത്തനങ്ങൾ നിയമാനുസൃതമാക്കുന്നതിന് വ്യാജ ജോലി ഓഫറുകളും വീസകളും മറ്റ് രേഖകളും കൃതിമമായി സൃഷ്ടിച്ചു നൽകുന്നു. ഇത്തരം രേഖകളുടെ നിജ സ്ഥിതി തിരിച്ചറിയാൻ പറ്റാത്ത ഇരകൾ ഒടുവിൽ സ്വദേശത്തും വിദേശത്തും വലിയ നിയമ കുരുക്കിൽ പെട്ടുപോകുന്നു.

നിയമാനുസൃതമല്ലാത്ത പ്രവർത്തനങ്ങൾ : ഈ റിക്രൂട്ടർമാരിൽ പലരും ആവശ്യമായ ലൈസൻസുകൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇത് അധികാരികൾക്ക് അവരുടെ പ്രവർത്തനങ്ങൾ ട്രാക്ക് ചെയ്യാനും നിയന്ത്രിക്കാനും ബുദ്ധിമുട്ടാക്കുന്നു. ഇത്തരം വീസ ഏജന്റുമാരിൽ പലരുടെയും പേരും അഡ്രസ്സുമെല്ലാം വ്യാജമാണെന്ന് ഇരകൾ അറിയുന്നത് വളരെ വൈകിയായിരിക്കും! മനുഷ്യക്കടത്ത് എന്ന പരിധിയിൽ പെടുന്ന ഇത്തരം കുറ്റകൃത്യം പൊലീസിന്റെയോ കോടതിയുടെയോ മുമ്പിലെത്തിക്കാൻ കാലവിളംബം നേരിടുന്നുണ്ട്.

നിയമവിരുദ്ധമായ റിക്രൂട്ട്മെന്റിന്റെ  ആഘാതം തൊഴിലാളികളിൽ അപകടകരമായ അവസ്ഥയാണ് സൃഷ്ടിക്കുന്നത്. വിദേശ രാജ്യങ്ങളിൽ എത്തുമ്പോൾ, വാഗ്ദാനം ചെയ്ത ജോലികൾ നിലവിലില്ലെന്നും തങ്ങളെ കാത്തിരിക്കുന്ന  സാഹചര്യങ്ങൾ പരിതാപകരമാണെന്നും അവർ കണ്ടെത്തുന്നു. നിയമപരമായ സാധുതയില്ലാത്ത, ഈ തൊഴിലാളികൾ ചൂഷണം, നീണ്ട ജോലി സമയം, സുരക്ഷിതമല്ലാത്ത ജീവിത സാഹചര്യങ്ങൾ, ശാരീരികവും മാനസികവുമായ പീഡനങ്ങൾ എന്നിവയ്ക്ക് വിധേയരാകുന്നു.

ചില രാജ്യങ്ങളിലെ നടപടികളിൽ പാസ്പോർട്ടുകളും മറ്റ് രേഖകളും കണ്ടുകെട്ടുന്നത് മൂലം നാട്ടിലേക്ക് മടങ്ങാൻ മാർഗമില്ലാതെ ഈ നിരപരാധികൾ വിദേശരാജ്യത്ത് കുടുങ്ങുന്നു. ഇത്തരം അവസ്ഥയിൽ എത്തുന്ന തൊഴിലാളികളുടെ മാനസികാഘാതം വളരെ വലുതാണ്. പല തൊഴിലാളികളും വിഷാദരോഗം അനുഭവിക്കുന്നു, ചിലർ ആത്മഹത്യ ഉൾപ്പെടെയുള്ള നിരാശാജനകമായ നടപടികൾ പോലും അവലംബിക്കുന്നു. തങ്ങളുടെ പ്രിയപ്പെട്ടവരിൽ നിന്ന് അയക്കുന്ന പണത്തിൽ പ്രതീക്ഷയർപ്പിച്ച കുടുംബങ്ങൾ സാമ്പത്തികവും വൈകാരികവുമായ വലിയ പ്രതിസന്ധിയിലാണ് എത്തപ്പെടുന്നത്.

## വേണം പരിരക്ഷയും  പരിഷ്കാരങ്ങളും

ഇന്ത്യൻ ഗവൺമെന്റ് സാഹചര്യത്തിന്റെ ഗൗരവം തിരിച്ചറിയുകയും

> അനധികൃത റിക്രൂട്ട്മെന്റിന്റെ അപകടസാധ്യതകളെക്കുറിച്ചും നിയമപരമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും വിദേശത്തേക്കു പോകാനുദ്ദേശിക്കുന്നവരെ ബോധവൽക്കരിക്കുന്നതിന് സർക്കാർ ബോധവൽക്കരണ കാമ്പെയ്നുകൾ ആരംഭിക്കേണ്ടതുണ്ട്

അനധികൃത റിക്രൂട്ട്മെന്റിന്റെ പ്രശ്നം പരിഹരിക്കുന്നതിനും സുരക്ഷിതമായ കുടിയേറ്റ രീതികൾ ഉറപ്പാക്കുന്നതിനുമായി നിരവധി നയങ്ങളും സംരംഭങ്ങളും നടപ്പിലാക്കേണ്ടതുണ്ട്. വിദേശകാര്യ മന്ത്രാലയം, പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് മുഖേന, വിദേശ ജോലികൾക്കായി ഇന്ത്യൻ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നത് നിയന്ത്രിക്കുകയും രാജ്യത്തിന്റെ എയർപോർട്ടുകൾ ഇങ്ങിനെ പോകുന്ന തൊഴിലാളികളുടെ കണക്കെടുക്കാനും അവരെ ശാക്തീകരിക്കാനും ഉദ്ദേശിച്ചുകൂടി ക്രമപ്പെടുത്തണം. 1983-ലെ എമിഗ്രേഷൻ നിയമം, പ്രവാസി തൊഴിലാളികളുടെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിനായി കർശനമായ മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി പരിഷ്ക്കരിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ ഒരു പരിധി വരെ 2019ലെ കരട് എമിഗ്രേഷൻ ബില്ലിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. അത് പാർലമെന്റിൽ പാസാക്കാനും നിയമ നിർമ്മാണത്തിനായി ഒരുക്കാനും ഗവൺമെന്റ് തയ്യാറാവണം.

അനധികൃത റിക്രൂട്ട്മെന്റിന്റെ അപകടസാധ്യതകളെക്കുറിച്ചും നിയമപരമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും വിദേശത്തേക്കു പോകാനുദ്ദേശിക്കുന്നവരെ ബോധവൽക്കരിക്കുന്നതിന് സർക്കാർ ബോധവൽക്കരണ കാമ്പെയ്നുകൾ ആരംഭിക്കേണ്ടതുണ്ട്. കുടിയേറുന്ന ഇന്ത്യൻ തൊഴിലാളികൾക്ക് പ്രവാസി ഭാരതീയ ബീമാ യോജന ഇൻഷുറൻസ്





പരിരക്ഷ തുടക്കത്തിൽ മാത്രമല്ല അവരുടെ പ്രവാസ കാലത്ത് മുഴുവൻ ലഭ്യമാക്കാനുള്ള രീതിയിൽ മാറ്റിയെഴുതപ്പെടണം. അപകടങ്ങൾ, മരണം, അല്ലെങ്കിൽ സ്വദേശത്തേക്ക് മടങ്ങൽ എന്നിവയിൽ സാമ്പത്തികസഹായം വാഗ്ദാനം ചെയ്യുന്ന കാലയളവ് ഇതിൽ ഉൾപ്പെടുത്തണം. ദുരിതമനുഭവിക്കുന്ന തൊഴിലാളികളെ സഹായിക്കുന്നതിനായി വിവിധ രാജ്യങ്ങളിലെ  സർക്കാർ ഹെൽപ്പ് ലൈനുകളും പ്രവാസി സഹായ കേന്ദ്രങ്ങളും  മാറേണ്ടിയിരിക്കുന്നു. കൂടുതൽ  ജീവനക്കാരെയും എല്ലാ ഇന്ത്യൻ ഭാഷകളിൽ പ്രാവീണ്യമുള്ളവരെയും അഭിഭാഷകരെയും ഉൾപ്പെടുത്തി എംബസി നിയമ സെല്ലുകൾ പുനർ വിന്യസിക്കേണ്ടതുണ്ട്. കഴിവുള്ളവർക്കു മാത്രമാകുമെന്നു കരുതുന്ന വിദേശ തൊഴിലവസരങ്ങൾ അവരെ മാത്രം ലാക്കാക്കി പോകുമ്പോൾ  കൃഷിക്കും മത്സ്യബന്ധനത്തിനും തുടങ്ങി ഒരു രേഖയിലും ഉൾപ്പെടുത്താത്ത 'പേരില്ലാത്ത' ജോലികൾക്കായി പോകുന്ന മനുഷ്യരെ കൂടി ഉദ്ദേശിച്ചാകണം കുടിയേറ്റത്തെ കുറിച്ചുള്ള ആധുനിക ചിന്ത രൂപപ്പെടുത്തേണ്ടത്.

പാസ്പോർട്ട്, എമിഗ്രേഷൻ, പ്രൊട്ടക്ടർ, നിയമ- പോലീസ്- വിദ്യാഭ്യാസ വനിതാ-യുവജനക്ഷേമ  മന്ത്രാലയങ്ങൾ തുടങ്ങി കുടിയേറ്റത്തെ ബന്ധപ്പെടുത്തുന്ന ഗവൺമെന്റ് വകുപ്പുകൾ തമ്മിൽ കൂടുതൽ ഏകോപനം ഉണ്ടാകേണ്ടതുണ്ട്. കുടിയേറ്റത്തെ സംബന്ധിച്ച് യുണൈറ്റഡ് നേഷൻസ് ഒരുക്കിയ ഗ്ലോബൽ കോംപാക്ട്  അനുശാസിക്കുന്നത് പോലെ ഗവൺമെന്റിന്റെ സമഗ്രനയം രൂപീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കൂടാതെ  സംസ്ഥാന, കേന്ദ്ര ഏജൻസികൾ തമ്മിൽ കൂടുതൽ സഹകരണം വരേണ്ടിയിരിക്കുന്നു. ഇന്ത്യൻ തൊഴിലാളികളുടെ സംരക്ഷണവും അവകാശങ്ങളും ഉറപ്പാക്കാൻ അവരെ സ്വീകരിക്കുന്ന രാജ്യങ്ങളുമായി സർക്കാർ ഒത്തുചേർന്ന് പ്രവർത്തിക്കുകയും വേണം.





# മരുഭൂമിയിലെ **അക്ഷരപ്പച്ചകൾ**

സുഖദു:ഖങ്ങളിലും ആഘോഷമേളങ്ങളിലും ജാതിമതഭേദമന്യേ ഒന്നാകുന്ന മനസ്സാണ് പ്രവാസം



ഷില ടോമി

എഴുത്തുകാരി

ആത്മാവിന്റെ പച്ചപ്പുകൾ ഉരിഞ്ഞുമാറ്റി എരിവെയിലിലേക്ക് എറിഞ്ഞതുപോലായിരുന്നു മരുഭൂമിയിലേക്കുള്ള പറിച്ചുനടൽ. എല്ലാത്തിനോടും പതിയെ ഇണങ്ങുകയായിരുന്നു. നാട്ടിലെ ജോലി രാജിവെച്ചാണ് കടൽ കടന്നുപോയത്. അബുദാബിയിലും ദോഹയിലും ജോലിചെയ്തു. കുടുംബസമേതം പ്രവാസം ആസ്വദിക്കാൻ കഴിഞ്ഞത് വലിയ ഭാഗ്യമാണ്. അതിനു സാധിക്കാത്ത അനേകരുണ്ട്. കേരളത്തിന്റെ വിശപ്പുമാറ്റിയത് കടൽ കടന്നുവീശിയ അനുഗ്രഹക്കാറ്റാണല്ലോ. മാന്യമായ വേതനം ലഭിച്ചാൽ ഏതു ജോലിയും ചെയ്യാൻ മലയാളി സന്നദ്ധനാണ്. അങ്ങനെ സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്തവരുണ്ട്. ഗ്രാമങ്ങളെ ഒന്നടങ്കം രക്ഷപ്പെടുത്തിയവരുണ്ട്. തോറ്റുമടങ്ങിയവരുമുണ്ട്. ഉറക്കെ കരയാൻപോലും സ്വാതന്ത്ര്യമില്ലാത്ത ഗദ്ദാമകളും ഹൗസ്‌ഹെൽപുകളുമൊക്കെയുണ്ട്. എന്നിരുന്നാലും കണ്ണീർക്കഥകളല്ല അറബിനാട് തരുന്നത്, അധികവും വിജയഗാഥകൾ തന്നെ. സ്ത്രീകൾക്ക് ഏതുപാതിരാവിലും ഷിഫ്റ്റുകഴിഞ്ഞ് ആശങ്കകളില്ലാതെ വീട്ടിലേക്ക് നടക്കാം. നാട്ടിൽ രാത്രിയാകാശം നിഷേധിക്കപ്പെട്ടവർക്ക് എത്ര ആശ്വാസമാണത്! സ്നേഹസമ്പന്നയായ ഖത്തറിവനിത ഡോക്ടർ അസ്മയോടൊപ്പം ജോലിചെയ്ത കാലം ഒരിക്കലും മറക്കില്ല.

മലയാളികളെ ഇന്നാട്ടുകാർക്ക് പൊതുവേ ഇഷ്ടമാണ്. നമ്മുടെ അർപ്പണമനോഭാവവും സൂക്ഷ്മതയും വിശ്വസ്തതയുമാവാം കാരണം. ലോകത്തിന്റെ അറ്റത്തോളമെത്തിയ ആരോഗ്യപ്രവർത്തകരും അധ്യാപികമാരും വീട്ടുജോലിക്കാരും എല്ലാമുൾപ്പെടുന്ന പ്രവാസിനികളും ചേർന്ന് നിർമ്മിച്ചതാണ് ഇന്നത്തെ കേരളം. പുസ്തകങ്ങളെ സ്നേഹിച്ചിരുന്ന പെൺകുട്ടി ഒരു എഴുത്തുകാരിയായത് പ്രവാസഭൂമിയുടെ കനിവിലാണ്. നഷ്ടപ്പെട്ടവന്റെ നൊമ്പരങ്ങളാണ് അക്ഷരപ്പച്ചയായ് തളിർക്കുന്നത്. പ്രവാസസാഹിത്യമെന്ന് അരികുവൽക്കരിക്കപ്പെട്ടാലും പ്രവാസത്തിൽ ഒരുപാട് എഴുത്തുകൾ ഉണ്ടാകുന്നത് അതുകൊണ്ടാവാം. ജനിച്ചുവളർന്ന വയനാടൻ ഗ്രാമം എന്നിൽ നിതാന്തസാന്നിധ്യമായത് അകലെയായപ്പോഴാണ്. അങ്ങനെ ആദ്യനോവൽ 'വല്ലി' പിറന്നു. പ്രവാസാനുഭവങ്ങളും വിഭിന്നസംസ്കാരങ്ങളുമൊത്തുള്ള ഇടപഴകലും എഴുത്തിന്റെ പുതിയ മേഖലകൾ തുറന്നുതന്നു. പലസ്തീൻ പ്രശ്നം തീക്ഷ്ണമായി അനുഭവിച്ചത് പലസ്തീനി സഹപ്രവർത്തകയുടെ മൊഴികളിലൂടെയാണ്. അങ്ങനെയാണ് 'ആ നദിയോട് പേരു ചോദിക്കരുത്' എന്ന നോവലിന്റെ പിറവി. സുഖദു:ഖങ്ങളിലും ആഘോഷമേളങ്ങളിലും ജാതിമതഭേദമെന്യേ ഒന്നാകുന്ന മനസ്സാണ് പ്രവാസം. നാട്ടിലേക്കാൾ സാംസ്കാരിക ഇടപെടലുകൾ പുറത്തുണ്ട്. ലോക കേരള സഭ ലോകമെങ്ങുമുള്ള പ്രവാസികളെ ഒരുമിച്ചുകൊണ്ടുവരുന്നത് പ്രതീക്ഷയേകുന്നു. നിക്ഷേപസമാഹരണത്തിനപ്പുറം സ്വദേശിവൽക്കരണവും കോവിഡനന്തര തൊഴിൽനഷ്ടവും സാരമായി ബാധിച്ച അടിസ്ഥാന-മധ്യവർഗങ്ങളുടെ ശബ്ദം സഭയിൽ കേൾപ്പിക്കണം. കാലങ്ങളായി പ്രവാസികൾ നേരിടുന്ന കാതലായ പ്രശ്നങ്ങളിലേക്ക് ശ്രദ്ധതിരിച്ച് ഈ സംരംഭം വിജയമായിതീരട്ടെ.

## ലോക കേരള സഭ 2018 -2022 നേർക്കാഴ്ചകൾ











ചിത്രങ്ങൾ: ഐപിആർഡി ഫോട്ടോഗ്രഫി

## ലോക കേരള സഭ 2018 -2022 നേർക്കാഴ്ചകൾ
















## ലോക കേരള സഭ 2018 -2022 നേർക്കാഴ്ചകൾ







2020






## ലോക കേരള സഭ 2018 -2022 നേർക്കാഴ്ചകൾ




















## ലോക കേരള സഭ മേഖല സമ്മേളനങ്ങൾ






Govt. of Kerala
Information Public Relations Department

Printed and Published by T.V. Subhash IAS,
Director, Information Public Relations Department
on behalf of Government of Kerala and
Printed at Kerala books and Publications Society, Kakkanad, Published from
Information Public Relations Department,
Govt.of.Kerala, Government Secretariat,
Thiruvananthapuram-695001

follow us on / lokakeralasabha.com

